marggam
Digital Library of Christianity in India
www.marggam.com

# സീറോ മലബാർ സഭയുടെ
# പട്ടം നല്കുന്ന ക്രമം

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# സീറോ മലബാർ സഭയുടെ
# പട്ടം നല്കുന്ന ക്രമം

(ലിററർജിക്കൽ കമ്മിററിയുടെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടത്)

Rights Reserved

On behalf of the Liturgical Sub-committee
for preparing the Syro-Malabar Pontifical.

Published by:
the Chairman, Mar Sebastian Valloppilly.

Tellicherry,
8—12—1982.

www.TheCMSIndia.org
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# കാറോയാപ്പട്ടം നൽകുന്ന ക്രമം

പട്ടം സ്വീകരിക്കുവാനുള്ളവർ മെത്രാനെ സമീപിക്കുന്നു. അദ്ദേഹം താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് അവരുടെ മുടി വെട്ടുന്നു.

നിന്നിലുള്ള പാപഭാരം മുഴുവൻ എന്നേക്കുമായി മിശിഹാ നീക്കിക്കളയട്ടെ.

**ഉത്തരം:** ആമ്മേൻ.

കൊത്തീനാ ധരിപ്പിക്കുമ്പോൾ:

മിശിഹായുടെ കൃപയാൽ സത്യജ്ഞാനംവഴി നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെ നമ്മുടെ ദൈവമായ കർത്താവ് നിന്നെ ധരിപ്പിക്കട്ടെ.

**ഉത്തരം:** ആമ്മേൻ.

സൂനാറാ ധരിപ്പിക്കുമ്പോൾ:

എന്റെ കർത്താവേ, അങ്ങയുടെ ശുശ്രൂഷയിൽ പൂർണ്ണ നൈർമ്മല്യത്തോടുകൂടി എന്നേക്കും നിലനിൽക്കേണ്ടതിന് വിശുദ്ധിയുടെ കെട്ടുകൊണ്ട് അങ്ങയുടെ ദാസന്മാരെ (നെ) ബന്ധിക്കണമേ.

പട്ടം സ്വീകരിക്കുന്നവർ കെസ്ത്രോമ്മായുടെ മുമ്പിൽ നിൽക്കുന്നു. വിരികൾ തുറക്കപ്പെടുമ്പോൾ മെത്രാൻ അർക്കദിയാക്കോനോടും സഹായികളോടുംകൂടെ കെസ്ത്രോമ്മായിൽ പ്രവേശിച്ച് അവിടെ ക്രമപ്രകാരം നിരയായി നില്ക്കണം. അർക്കദിയാക്കോൻ അർത്ഥികളെ അഴിയുടെ നടുക്കു സമീപം നിറുത്തുന്നു അവർ (പുറംകുപ്പായങ്ങൾ നീക്കി) കൂപ്പുകൈകളുമായി നിൽക്കുന്നു. ശുശ്രൂഷകരിലൊരാൾ വായനപ്പുസ്തകങ്ങളും ഊറാറാകളും വഹിച്ചിരിക്കണം. മെത്രാൻ ബലിപീഠത്തിനു മുമ്പിൽ വന്നു നിൽക്കുന്നു.

അവർ ആരംഭിക്കുന്നു:

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ സ്തുതിയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളോടു തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു ആമ്മേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**അർക്കദ്യാക്കോൻ:** സമാധാനം നമ്മോടുകൂടെ.

### മെത്രാൻ പ്രാർത്ഥിക്കുന്നു

ഞങ്ങളുടെ കർത്താവായ ദൈവമേ, എന്റെ ദുർബ്ബല കരങ്ങൾവഴി അങ്ങയുടെ ശക്തി പൂർണ്ണമാകട്ടെ. അങ്ങയുടെ കൃപയാൽ ഞങ്ങൾക്ക നൽകപ്പെട്ടിരിക്കുന്ന പൗരോഹിത്യദായകമായ ഈ ആത്മീയ ശുശ്രൂഷ നിസ്സാരനായ ഞാൻ വഴി നിർവ്വഹിക്കപ്പെടട്ടെ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ.

### ശുറായാ

മെത്രാൻ ആരംഭിക്കുന്നു.

നിങ്ങൾ കർത്താവിനെ സ്തുതിക്കുകയും അവിടുത്തെ
നാമം വിളിച്ചപേക്ഷിക്കുകയും ചെയ്യുവിൻ.
അവിടുത്തെ പ്രവൃത്തികൾ ജനങ്ങളുടെയിടയിൽ ഉദ്ഘോഷിക്കുവിൻ.
(സങ്കീ 105:1)

**ഉത്തരം:** അനാദ്യനും അദൃശ്യനുമായ ദൈവത്തെ നിങ്ങൾ സ്തുതിക്കുവിൻ.

അവിടുത്തേയ്ക്ക് സ്തുതിഗീതങ്ങൾ ആലപിക്കുവിൻ.
അവിടുത്തെ അത്ഭുതങ്ങൾ വിവരിക്കുവിൻ.

**ഉത്തരം:** അനാദ്യനും അദൃശ്യനുമായ ദൈവത്തെ നിങ്ങൾ സ്തുതിക്കുവിൻ.

അവിടുത്തെ പരിശുദ്ധ നാമത്തെ സ്തുതിക്കുവിൻ.
കർത്താവിനെ അന്വേഷിക്കുന്നവരുടെ ഹൃദയം ആറ്റുദിക്കട്ടെ.

**ഉത്തരം:** അനാദ്യനും അദൃശ്യനുമായ ദൈവത്തെ നിങ്ങൾ സ്തുതിക്കുവിൻ.

നിങ്ങൾ കർത്താവിനെ അന്വേഷിച്ച ശക്തിപ്പെടുവിൻ;
നിരന്തരം അവിടുത്തെ സാന്നിദ്ധ്യം തേടുവിൻ.

**ഉത്തരം:** അനാദ്യനും അദൃശ്യനുമായ ദൈവത്തെ നിങ്ങൾ സ്തുതിക്കുവിൻ.

അവിടുന്നു ചെയ്തിട്ടുള്ള വിസ്മയാവഹങ്ങളായ പ്രവൃത്തികൾ ഓർക്കുവിൻ.
അവിടുത്തെ അത്ഭുതങ്ങളും ന്യായവിധികളും സ്മരിക്കുവിൻ.

**ഉത്തരം:** അനാദ്യനും അദൃശ്യനുമായ ദൈവത്തെ നിങ്ങൾ സ്തുതിക്കുവിൻ.

അവിടുത്തെ ദാസനായ അബ്രാഹത്തിന്റെ സന്താനങ്ങളേ,
അവിടുത്തെ തെരഞ്ഞെടുക്കപ്പെട്ടവനായ യാക്കോബിന്റെ പുത്രന്മാരേ,

**ഉത്തരം:** അനാദ്യനും അദൃശ്യനുമായ ദൈവത്തെ നിങ്ങൾ സ്തുതിക്കുവിൻ;

അവിടുന്നാണ് നമ്മുടെ ദൈവമായ കർത്താവ്;
അവിടുത്തെ ന്യായവിധികൾ ഭൂമി മുഴുവനിലും നിറഞ്ഞു നിൽക്കുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

**ഉത്തരം:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മേൻ.

**നിങ്ങൾ കർത്താവിനെ സ്തുതിക്കുകയും അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുകയും ചെയ്യുവിൻ.**

**ഉത്തരം:** അനാദ്യന്തം അദൃശ്യനുമായ ദൈവത്തെ നിങ്ങൾ സ്തുതിക്കുവിൻ.

ശൂറായാ അവസാനിക്കുന്നതുവരെ മെത്രാൻ ബലിപീഠത്തിനു മുമ്പിൽ മുട്ടുകുത്തി നിൽക്കുന്നു. അത് അവസാനിക്കുമ്പോൾ അദ്ദേഹം പ്രാർത്ഥനയൊന്നും ചൊല്ലാതെ ബലിപീഠം വണങ്ങിയശേഷം, അംശവടിപിടിച്ചുകൊണ്ട് പുറത്തേക്കു പോകുന്നു. അഴിക്കാലിന്റെ താഴത്തെ പടിയിൽ ചെന്നുനിന്ന് അംശവടി അർക്കദ്യാക്കോനെ ഏൽപിക്കുന്നു അപ്പോൾ അർക്കദ്യാക്കോൻ ചൊല്ലുന്നു.

സമാധാനം നമ്മോടുകൂടെ.

മെത്രാൻ കൈകൾ യാചനാരൂപത്തിൽ നീട്ടിപ്പിടിച്ചുകൊണ്ട് താഴെ വരുന്ന പ്രാർത്ഥന താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു:

**പോരായ്മകളെ സദാ പരിഹരിക്കുന്ന നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ പിതാവായ ദൈവത്തിന്റെ സംപ്രീതിയോടും പരിശുദ്ധാത്മാവിന്റെ ശക്തിയോടുംകൂടെ എപ്പോഴും നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. നമ്മുടെ ആത്മരക്ഷയ്ക്കായി ഭീതിജനകവും ഉന്നതവുമായ ഈ ശുശ്രൂഷ ദുർബ്ബലമായ എന്റെ കരങ്ങൾവഴി പൂർത്തിയാവുകയും ചെയ്യട്ടെ. (തന്റെ മേൽത്തന്നെ കരിശുവരച്ചുകൊണ്ട് സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും.**

**ഉത്തരം:** ആമ്മേൻ.

പട്ടം സ്വീകരിക്കുന്നവരുടെ മേലല്ല, തന്റെമേൽത്തന്നെയാണ് മെത്രാൻ കരിശു വരയ്ക്കുന്നത്. കാരണം, കർബാനയുടെ ആരംഭത്തിൽ ബലിപീഠത്തിനു മുമ്പിൽ ചൊല്ലുന്ന പ്രാർത്ഥനപോലെ ഈ പ്രാർത്ഥനയും മെത്രാൻ തനിക്കുവേണ്ടിത്തന്നെയാണു ചൊല്ലുന്നത്.

**അർക്കദ്യാക്കോൻ:** കാറോയാപ്പട്ടം നൽകപ്പെടുന്നു. ഇവർക്കുവേണ്ടി (ഇയാൾക്കുവേണ്ടി) നിങ്ങൾ പ്രാർത്ഥിക്കുവിൻ.

പട്ടം സ്വീകരിക്കുന്നവരെ അദ്ദേഹം ഒന്നാമത്തെ നടയിൽ കയററി നിർത്തുന്നു. അപ്പോൾ മെത്രാൻ അവരുടെ ശിരസ്സുകളിൽ കൈവച്ചുകൊണ്ട് കാറോയാക്കാർക്കുവേണ്ടിയുള്ള ഈ ആശീർവ്വാദപ്രാർത്ഥന താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു

marggam
Digital Library of Christianity in India
www.marggam.com



## ഒന്നിലധികം പേരുള്ളപ്പോൾ

കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ ഈ ദാസന്മാരെ വിശുദ്ധീകരിക്കണമേ. അങ്ങയുടെ കൃപാധിക്യത്താൽ വിശിഷ്ടമായ തെരഞ്ഞെടുപ്പു വഴി ഇവരെ സ്വീകരിക്കണമേ. അങ്ങയുടെ ഏകജാതന്റെ അനുഗ്രഹവും കരുണയും ജീവിതകാലം മുഴുവൻ ഇവരെ കളങ്കരഹിതരായി സംരക്ഷിക്കട്ടെ. തിരുസ്സഭയിൽ അങ്ങയുടെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിനു മുമ്പാകെ ദൈവവചനമാകുന്ന വിശുദ്ധ ഗ്രന്ഥങ്ങൾ വിശ്വസ്തതാപൂർവ്വം വായിക്കുന്നതിന് ഇവർ അങ്ങയുടെ കാരുണ്യത്താൽ യോഗ്യരാകുകയും ചെയ്യട്ടെ അങ്ങേയ്ക്കും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ. (സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും.

## ഒരാൾ മാത്രമുള്ളപ്പോൾ

കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ ഈ ദാസനെ വിശുദ്ധീകരിക്കണമേ. അങ്ങയുടെ കൃപാധിക്യത്താൽ വിശിഷ്ടമായ തെരഞ്ഞെടുപ്പു വഴി ഇയാളെ സ്വീകരിക്കണമേ. അങ്ങയുടെ ഏകജാതന്റെ അനുഗ്രഹവും കരുണയും ജീവിതകാലം മുഴുവൻ ഇയാളെ കളങ്കരഹിതനായി സംരക്ഷിക്കട്ടെ. തിരുസ്സഭയിൽ അങ്ങയുടെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിനു മുമ്പാകെ ദൈവവചനമാകുന്ന വിശുദ്ധ ഗ്രന്ഥങ്ങൾ വിശ്വസ്തതാപൂർവ്വം വായിക്കുന്നതിന് ഇയാൾ അങ്ങയുടെ കാരുണ്യത്താൽ യോഗ്യനാകുകയും ചെയ്യട്ടെ. അങ്ങേയ്ക്കും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ. (സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും.

പട്ടം സ്വീകരിക്കുന്നവരുടെ നെററിമുതൽ പുറകോട്ടും ശിരസ്സിന്റെ മദ്ധ്യത്തിൽ വലത്തുനിന്ന് ഇടത്തോട്ടും മെത്രാൻ കുരിശടയാളം വരയ്ക്കുന്നു. അനന്തരം അദ്ദേഹം പറയുന്നു

ആമ്മേൻ

അർക്കദ്യാക്കോൻ മടക്കിവച്ചിരിക്കുന്ന ഊറാറാകൾ നിവർത്താതെ, മെത്രാനു കൊടുക്കുന്നു. അദ്ദേഹം അവ നിവർത്തി, അവരുടെ നീട്ടിയ കൈത്തണ്ടുകളിൽ ഇടുന്നു. അനന്തരം ലേഖനപ്പുസ്തകങ്ങളിൽ ഒന്നോ പ്രവചനഗ്രന്ഥങ്ങളിലൊന്നോ ജീവന്റെ പുസ്തകങ്ങളിലൊന്നോ അദ്ദേഹം അവർക്കു കൊടുക്കുന്നു.

### കാറോയാപ്പട്ടം കൊടുക്കുന്ന ക്രമം
### സമാപിച്ചു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# ഹൈവുപ്പദ്യാക്ക്നാപ്പട്ടം നൽകുന്ന ക്രമം

ഹൈവുപ്പദ്യാക്ക്നാപ്പട്ടം സ്വീകരിക്കുന്നവർ കാറോയാപ്പട്ടം കിട്ടിയവരെങ്കിൽ തങ്ങളുടെ സ്ഥാനവസ്ത്രങ്ങളണിഞ്ഞു വരുന്നു. അവർ ആരംഭിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.......... (പേജ് 3)

**തുടർന്ന്** ഞങ്ങളുടെ കർത്താവായ ദൈവമേ, എന്റെ ദുർബ്ബല കരങ്ങൾ വഴി (പേജ് 4) എന്നാരംഭിക്കുന്ന പ്രാർത്ഥനയും സങ്കീർത്തനവും (പേജ് 4, 5) പോരായ്മകളെ സദാ പരിഹരിക്കുന്ന (പേജ് 5) എന്ന പ്രാർത്ഥനയും ചൊല്ലുന്നു.

**അർക്കദ്യാക്കോൻ:** ഹൈവുപ്പദ്യാക്ക്നാപ്പട്ടം നൽകപ്പെടുന്നു. നിങ്ങൾ ഇവർക്കു (ഇയാൾക്കു) വേണ്ടി പ്രാർത്ഥിക്കുവിൻ.

പട്ടം സ്വീകരിക്കുന്നയാൾ എഴുന്നേൽക്കുന്നു. മെത്രാൻ അയാളെ താഴത്തെ നടയിൽനിന്നും രണ്ടാമത്തെ നടയിലേക്കു കയററിനിർത്തുന്നു. അനന്തരം മെത്രാൻ മുകളിലത്തെ നടയിലേക്ക് കയറിനിന്ന് വലതുകൈ അവരുടെമേൽ വച്ചുകൊണ്ടും ഇടതുകൈ നീട്ടിപ്പിടിച്ചുകൊണ്ടും ഹൈവുപ്പദ്യാക്ക്നാമാർക്കുവേണ്ടിയുള്ള പ്രാർത്ഥന താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

## ഒന്നിലധികം പേരുള്ളപ്പോൾ

കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ ഈ ദാസന്മാരെ തൃക്കൺപാർക്കണമേ. അങ്ങയുടെ കൃപാധിക്യത്താൽ പരിശുദ്ധമായ തെരഞ്ഞെടുപ്പുവഴി ഇവരെ സ്വീകരിക്കണമേ തിരുസ്സഭയിൽ പോരായ്മകൾ പരിഹരിക്കുന്നതിന് കാരുണ്യപൂർവ്വം ഇവരെ യോഗ്യരാക്കണമേ. നിർമ്മല ഹൃദയത്തോടും ശുദ്ധമനസ്സാക്ഷിയോടുംകൂടെ കളങ്കരഹിതരായി അങ്ങയുടെ മുമ്പിൽ ശുശ്രൂഷ ചെയ്യുവാനുള്ള വരം കാരുണ്യപൂർവ്വം ഇവർക്ക് നൽകുകയും ചെയ്യണമേ. അങ്ങയുടെ ഏകജാതന്റെ അനുഗ്രഹത്താലും കൃപയാലും അങ്ങയുടെ ജ്ഞാനം വഴിയായി എല്ലാ സുകൃതങ്ങളും ഇവരിൽ സമ്പൂർണ്ണമാകട്ടെ. അങ്ങേയ്ക്കും പുത്രനും പരിശുദ്ധാത്മാവിനും ഞങ്ങൾ സ്തുതിയും ബഹുമാനവും സ്തോത്രവും ആരാധനയും സമർപ്പിക്കുന്നു. (ഉയർന്ന സ്വരത്തിൽ) ഇപ്പോഴും എപ്പോഴും എന്നേക്കും.

## ഒരാൾ മാത്രമുള്ളപ്പോൾ

കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ ഈ ദാസനെ തൃക്കൺപാർക്കണമേ. അങ്ങയുടെ കൃപാധിക്യത്താൽ പരിശുദ്ധമായ തെരഞ്ഞെടുപ്പുവഴി ഇയാളെ സ്വീകരിക്കണമേ. തിരുസ്സഭയിൽ പോരായ്മകൾ പരിഹരിക്കുന്നതിന് ഇയാളെ കാരുണ്യപൂർവ്വം യോഗ്യനാക്കണമേ. നിർമ്മല ഹൃദയത്തോടും ശുദ്ധമനസ്സാക്ഷിയോടുംകൂടെ കളങ്കരഹിതനായി അങ്ങയുടെ മുമ്പിൽ ശുശ്രൂഷ ചെയ്യുവാനുള്ള വരം കാരുണ്യപൂർവ്വം ഇയാൾക്ക് നല്കുകയും ചെയ്യണമേ. അങ്ങയുടെ ഏകജാതന്റെ അനുഗ്രഹത്താലും കൃപയാലും അങ്ങയുടെ ജ്ഞാനം വഴിയായി എല്ലാ സുകൃതങ്ങളും ഇയാളിൽ സമ്പൂർണ്ണമാകട്ടെ. അങ്ങേയ്ക്കും പുത്രനും പരിശുദ്ധാത്മാവിനും ഞങ്ങൾ സ്തുതിയും ബഹുമാനവും സ്തോത്രവും ആരാധനയും സമർപ്പിക്കുന്നു. (ഉയർന്ന സ്വരത്തിൽ) ഇപ്പോഴും എപ്പോഴും എന്നേക്കും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പട്ടം സ്വീകരിക്കുന്നയാളിന്റെ ശിരസ്സിൽ മെത്രാൻ കുരിശു വരയ്ക്കുന്നു. അവന്റെ കൈയിൽനിന്നും പുസ്തകം വാങ്ങിയിട്ട് അദ്ദേഹം അവന്റെ ശിരസ്സിൽ ചുംബിക്കുകയും പുസ്തകം അർക്കദ്യാക്കോനെ ഏൽപിക്കുകയും ചെയ്യുന്നു. തുടർന്ന് ഊറാറാ എടുത്ത് അവന്റെ കഴുത്തിൽ ചുററിയിടുന്നു.

കാറോയാമാരുടേയും ഹെവുപ്പദ്യാക്ക്നാമാരുടേയും നെററിയിൽ കുരിശു വരയ്ക്കുന്നില്ല. അവരുടെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളുന്നുമില്ല. പ്രത്യുത, വാതിൽ അടയ്ക്കുവാനും ലേവായരുടെ മുമ്പിൽ ശുശ്രൂഷ ചെയ്യുവാനും പ്രവചനങ്ങൾ വായിക്കുവാനുമായി സാധാരണ ജനങ്ങളിൽനിന്ന് വേർതിരിക്കുന്ന ഒരു പ്രത്യേക പ്രാർത്ഥനയാണ് അവർക്കുവേണ്ടി ചൊല്ലുന്നത്.

പട്ടം സ്വീകരിച്ചവർ മദ്ബഹായുടെ മദ്ധ്യത്തിലുള്ള വിളക്കിനുതാഴെ വരെ ആനയിക്കപ്പെടുന്നു. ഹെവുപ്പദ്യാക്ക്നാമാർക്ക് അതിനപ്പുറം കടക്കുവാനുള്ള അധികാരമോ അവകാശമോ ഇല്ല. ഓരോരുത്തനും തൊട്ടുമുമ്പിൽ നിൽക്കുന്നയാളിന്റെ മേൽവസ്ത്രത്തിലും ഏററവും മുന്നിൽ നിൽക്കുന്നയാൾ മെത്രാന്റെ മേൽവസ്ത്രത്തിലും പിടിച്ചിരിക്കെ, മെത്രാൻ അവരോട് നടയിൽ കയറുന്നതിന് ആജ്ഞാപിക്കുന്നു. മെത്രാൻ മദ്ബഹായുടെ മദ്ധ്യത്തിൽ എത്തുമ്പോൾ, **നമുക്ക് പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ** എന്നു പറയുവാൻ അദ്ദേഹം അവരോടു കൽപിക്കുന്നു.

## ഹെവുപ്പദ്യാക്ക്നാപ്പട്ടം നൽകുന്നക്രമം സമാപിച്ചു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# മ്ശമ്ശാനാപ്പട്ടം നൽകുന്ന ക്രമം

പട്ടം സ്വീകരിക്കുന്നവർ നേരത്തെ ഹെവ്പ്പദ്യാക്കനാപ്പട്ടം സ്വീകരിച്ചവരെങ്കിൽ കൊത്തീനായും സൂനാറായും ഊറാറായും ഹെവ്പ്പദ്യാക്കനാമാരുടെ രീതിയിൽ ധരിച്ചുകൊണ്ടു വരുന്നു. അവർ ആരംഭിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ......... (പേജ് 3)

**തുടർന്ന്**: ഞങ്ങളുടെ കർത്താവായ ദൈവമേ, ബലഹീനനായ എന്റെ കരങ്ങൾ വഴി (പേജ് 4) എന്നാരംഭിക്കുന്ന പ്രാർത്ഥനയും സങ്കീർത്തനവും (പേജ് 4,5) ചൊല്ലുന്നു. അനന്തരം അംത്താരയിൽനിന്ന് അഴിക്കാലിനു താഴെയുള്ള ഏററവും താഴത്തെ നടയിൽ വന്നുനിന്ന് പോരായ്മകളെ സദാ പരിഹരിക്കുന്ന (പേജ് 4) എന്ന പ്രാർത്ഥനയും ചൊല്ലുന്നു:

## മെത്രാൻ പ്രാർത്ഥിക്കുന്നു.

### ഒന്നിലധികം പേരുള്ളപ്പോൾ

നിർമ്മലനും നിർമ്മലരെ സ്നേഹിക്കുന്നവനുമായ കർത്താവേ, അങ്ങയുടെ പവിത്രീകരണാത്മകമായ പ്രഭ ഈ ദാസരിൽ ചൊരിയണമേ. അങ്ങയുടെ രഹസ്യങ്ങൾ വിശുദ്ധിയോടുകൂടെ പരികർമ്മം ചെയ്യുവാനും ഇവരെ പ്രത്യംഗം വിശുദ്ധീകരിക്കുന്ന അങ്ങയുടെ ദിവ്യപ്രമാണങ്ങൾ പാലിക്കുവാനുമായി അങ്ങയുടെ ശക്തിയും സഹായവും ഇവർക്കു പ്രദാനം ചെയ്യണമേ സ്വയം വിനീതനായി ലോകത്തിലേക്ക് ഇറങ്ങിവന്ന് സർവ്വ സൃഷ്ടികളേയും രക്ഷിച്ച അങ്ങ് അത്യുന്നതനാകുന്നു. കർത്താവേ, വിശുദ്ധ മദ്ബഹായിൽ പ്രവേശിച്ച് സ്വർഗ്ഗീയ സിംഹാസനത്തിന്റെ മാതൃകയിൽ ഭൂമിയിൽ സ്ഥാപിതമായിരിക്കുന്ന അങ്ങയുടെ മഹോന്നത ബലിപീഠത്തിന്റെ മുമ്പിൽ ശുശ്രൂഷ ചെയ്യുവാൻ അങ്ങയുടെ ഈ ദാസന്മാരെ യോഗ്യരാക്കണമേ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വര!

**ഉത്തരം:** ആമ്മേൻ.

### ഒരാൾ മാത്രമുള്ളപ്പോൾ

നിർമ്മലനും നിർമ്മലരെ സ്നേഹിക്കുന്നവനുമായ കർത്താവേ, അങ്ങയുടെ പവിത്രീകരണാത്മകമായ പ്രഭ ഈ ദാസനിൽ ചൊരിയണമേ. അങ്ങയുടെ രഹസ്യങ്ങൾ വിശുദ്ധിയോടുകൂടെ പരികർമ്മം ചെയ്യുവാനും ഇയാളെ പ്രത്യംഗം വിശുദ്ധീകരിക്കുന്ന അങ്ങയുടെ ദിവ്യപ്രമാണങ്ങൾ പാലിക്കുവാനുമായി അങ്ങയുടെ ശക്തിയും സഹായവും ഇയാൾക്കു പ്രദാനം ചെയ്യണമേ. സ്വയം വിനീതനായി ലോകത്തിലേക്ക് ഇറങ്ങിവന്ന് സർവ്വസൃഷ്ടികളേയും രക്ഷിച്ച അങ്ങ് അത്യുന്നതനാകുന്നു. കർത്താവേ, വിശുദ്ധ മദ്ബഹായിൽ പ്രവേശിച്ച് സ്വർഗ്ഗീയ സിംഹാസനത്തിന്റെ മാതൃകയിൽ ഭൂമിയിൽ സ്ഥാപിതമായിരിക്കുന്ന അങ്ങയുടെ ഉന്നത ബലിപീഠത്തിന്റെ മുമ്പിൽ ശുശ്രൂഷ ചെയ്യുവാൻ അങ്ങയുടെ ഈ ദാസനെ യോഗ്യനാക്കണമേ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ !

**ഉത്തരം:** ആമ്മേൻ.

മദ്ബഹായുടെ മധ്യത്തിലുള്ള വിളക്കുവരെ മെത്രാൻ അവരെ കൈയ്യു പിടിച്ചു കൊണ്ടു വരുന്നു. മെത്രാൻ കാനോനാ ആരംഭിക്കുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## കാനോനാ

കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും?
അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വിശ്രമിക്കും? (സങ്കീ. 15)

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ ബലിപീഠത്തിനു
മുമ്പിൽ വിചാരശുദ്ധിയോടെ എന്നെ നിറുത്തണമേ.

കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും?
അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വിശ്രമിക്കും?

നിഷ്കളങ്കനായി ജീവിക്കുന്നവനും നീതിമാത്രം പ്രവർത്തിക്കുന്നവനും
ഹൃദയം തുറന്നു സത്യം പറയുന്നവനും നാവുകൊണ്ടു വഞ്ചിക്കാത്തവനും

സ്നേഹിതനെ ദ്രോഹിക്കുകയോ അയൽക്കാരനു വിരോധമായി
കൈക്കൂലി വാങ്ങുകയോ ചെയ്യാത്തവനും

ദുഷ്ടനെ പരിഹാസ്യനായി കരുതുന്നവനും
ദൈവഭക്തനോട് ആദരവു കാണിക്കുന്നവനും.

അയൽക്കാരനോട് ആണയിട്ടശേഷം അവനെ ചതിക്കാത്തവനും

കടത്തിനു പലിശ ഈടാക്കാത്തവനും
നിർദ്ദോഷിക്കെതിരെ കൈക്കൂലി വാങ്ങാത്തവനും

ഇവ പ്രവർത്തിക്കുന്നവൻ നീതിമാനാകുന്നു.
അവൻ ഒരിക്കലും ഇളകുകയില്ല.

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ ബലിപീഠത്തിനു
മുമ്പിൽ വിചാരശുദ്ധിയോടെ എന്നെ നിറുത്തണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ ബലിപീഠത്തിനു
മുമ്പിൽ വിചാരശുദ്ധിയോടെ എന്നെ നിറുത്തണമേ.

കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും?
അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വിശ്രമിക്കും?

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ ബലിപീഠത്തിനു
മുമ്പിൽ വിചാരശുദ്ധിയോടെ എന്നെ നിറുത്തണമേ.

അർക്കദ്യാക്കോൻ: നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

മ്ശമ്ശാനാപ്പട്ടം നൽകുന്ന ക്രമം

## മെത്രാൻ പ്രാർത്ഥിക്കുന്നു.

### ഒന്നിലധികം പേരുള്ളപ്പോൾ

അങ്ങയുടെ വിശുദ്ധ ബലിപീഠത്തിൽനിന്ന് പ്രദാനം ചെയ്യപ്പെടുന്നതും എല്ലാ തലമുറകളിലുമുള്ള അങ്ങയുടെ ആരാധകർക്ക് നല്കപ്പെടുന്നതുമായ അങ്ങയുടെ ഉൽകൃഷ്ടമായ സഹായം അത് സ്വീകരിക്കുവാൻ അത്യധികം കാംക്ഷിച്ച് അങ്ങയെ ആരാധിക്കുന്ന ഈ ദാസരെ വലയം ചെയ്യട്ടെ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

### ഒരാൾ മാത്രമുള്ളപ്പോൾ

എന്റെ കർത്താവേ, പരിപൂർണ്ണനും അപരിമേയനും സൃഷ്ടികളുടെ ശുശ്രൂഷ നിശ്ശേഷം ആവശ്യമില്ലാത്തവനുമായ ദൈവമേ, അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ ഈ ദാസനെ വിശ്വസ്തനായി പരിപാലിക്കണമേ. അങ്ങയുടെ സ്തുതിക്കും ബഹുമാനത്തിനുമായി നിയുക്തമായിരിക്കുന്ന ഈ വിശുദ്ധ സ്ഥലത്ത് വിശുദ്ധമായി വ്യാപരിക്കുവാൻ ഇയാളെ സഹായിക്കണമേ ഇയാളിലുള്ള അങ്ങയുടെ ദാനത്തെ ഫലശൂന്യമാക്കാവുന്ന അലസതയെ നിർമ്മാർജ്ജനം ചെയ്യണമേ അങ്ങയുടെ കാരുണ്യാധിരേകത്താൽ ആത്മീയ ഫലങ്ങൾ ഉളവാക്കുന്ന ഉത്സാഹശീലം ഇയാളിൽ വർദ്ധിപ്പിക്കുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വര!

അനന്തരം മെത്രാൻ ധൂപം വാഴ്ത്തുന്നു. തുടർന്ന് താഴെ കൊടുത്തിരിക്കുന്ന ഓനീസാ അദ്ദേഹം ആരംഭിക്കുന്നു.

### ഓനീസാ

കർത്താവേ, അങ്ങയുടെ പ്രമാണങ്ങളുടെ വഴി എന്നെ പഠിപ്പിക്കണമേ.
ഞാൻ അത് പാലിച്ചുകൊള്ളാം.

കർത്താവേ, അങ്ങയുടെ വഴി എന്നെ പഠിപ്പിക്കണമേ.
നീതിപൂർവ്വം അതിലൂടെ ഞാൻ സഞ്ചരിച്ചുകൊള്ളാം.

കർത്താവേ, അങ്ങയുടെ പ്രമാണങ്ങളുടെ വഴിയിലൂടെ സഞ്ചരിക്കുവാനും
അങ്ങയുടെ വചനങ്ങൾ പാലിക്കുവാനും അങ്ങയുടെ ഇഷ്ടം
നിറവേറ്റുവാനും എന്നെ പഠിപ്പിക്കണമേ.

കർത്താവേ, അങ്ങയുടെ ദാനമാകുന്ന നിധി ദുർവ്യയം
ചെയ്യാതിരിക്കുന്നതിന് എന്റെ അവയവങ്ങളുടെ തുറന്ന വാതിലുകൾക്ക്
അങ്ങ് കാവൽക്കാരെ നിയോഗിക്കണമേ.

കർത്താവേ, അങ്ങയുടെ പ്രമാണങ്ങളുടെ വഴി എന്നെ പഠിപ്പിക്കണമേ.
ഞാൻ അത് പാലിച്ചുകൊള്ളാം.

കർത്താവേ, അങ്ങയുടെ പ്രമാണങ്ങളുടെ വഴിയിലൂടെ സഞ്ചരിക്കുവാനും
അങ്ങയുടെ വചനങ്ങൾ പാലിക്കുവാനും അങ്ങയുടെ ഇഷ്ടം
നിറവേറ്റുവാനും എന്നെ പഠിപ്പിക്കണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി,
ആദി മുതൽ എന്നേക്കും ആമ്മേൻ.

നിങ്ങൾ അരകൾ മുറുക്കി വിളക്കുകൾ കൊളുത്തി സദാ ഉണർന്നിരിക്കുവിൻ. യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്നവരായി കാണപ്പെടുന്ന നല്ല ഭൃത്യന്മാർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന സൗഭാഗ്യത്തിന് നിങ്ങൾ യോഗ്യരാകുകയും ചെയ്യട്ടെ.

**അർക്കദ്യാക്കോൻ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

## മെത്രാൻ പ്രാർത്ഥിക്കുന്നു

### ഒന്നിലധികം പേരുള്ളപ്പോൾ

ശുശ്രൂഷിക്കപ്പെടേണ്ടവനെങ്കിലും എല്ലാവരുടേയും രക്ഷയ്ക്കായി ശുശ്രൂഷ ചെയ്യുവാൻ തിരുമനസ്സായ മിശിഹായേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. എസ്തപ്പാനോസ് ഉൾപ്പെട്ട ഏഴു പേരുടെ ഗണത്തെ വിശുദ്ധ ശ്ലീഹന്മാർ തെരഞ്ഞെടുക്കുകയും അങ്ങയുടെ വിശ്രുത ശിഷ്യന്മാർ അങ്ങയുടെ ശുശ്രൂഷയ്ക്കായി വേർതിരിച്ചു നിയോഗിക്കുകയും ചെയ്തുവല്ലോ. കർത്താവേ, ഇപ്പോൾ അങ്ങയുടെ ഈ ദാസന്മാരേയും ആ ഗണത്തിൽ പ്രവേശിപ്പിച്ച് അവരോടു ചേർക്കണമേ. അർപ്പിത ഹൃദയത്തോടുകൂടി ചെയ്യുന്ന ശുശ്രൂഷയിൽ സംപ്രീതനാകുന്ന നല്ലവനും ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

### ഒരാൾ മാത്രമുള്ളപ്പോൾ

കർത്താവേ, ആദിമുതൽ ശക്തനും ഉന്നതനും വിശുദ്ധ സ്ഥലത്ത് സ്തുതിക്കപ്പെടുന്നവനുമായ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ സന്നിധിയിൽ നില്ക്കുന്ന ഈ ദാസനെ സുകൃതങ്ങൾകൊണ്ട് അലങ്കരിക്കണമേ. ഇയാളുടെ ജീവിതകാലം മുഴുവൻ അങ്ങയുടെ ജനത്തിനു വേണ്ടി ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യേണ്ടതിന് എസ്തപ്പാനോസിന് നൽകപ്പെട്ട വിശിഷ്ടമായ ദാനം ഇയാളുടെമേലും വർഷിക്കണമേ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

കാനോനാ അവസാനിക്കുന്നതുവരെ പട്ടം സ്വീകരിക്കുന്നവർ തല കുനിച്ചു നിൽക്കുന്നു.

മെത്രാൻ കാനോനാ ആരംഭിക്കുന്നു:

## കാനോനാ

കർത്താവേ, അങ്ങയുടെ പ്രമാണങ്ങളുടെ വഴി എന്നെ പഠിപ്പിക്കണമേ.
ഞാൻ അതു പാലിച്ചുകൊള്ളാം. (സങ്കീ: 118: 33)

അങ്ങയുടെ നിയമം പാലിക്കുന്നതിനായി എന്നെ വിവേകിയാക്കണമേ.
മുഴുഹൃദയത്തോടുകൂടി ഞാൻ അതു പാലിച്ചുകൊള്ളാം.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഞങ്ങളുടെ കർത്താവേ, അങ്ങയുടെ നാമത്തിൽ അങ്ങയുടെ ശുശ്രൂഷയുടെ രഹസ്യം ഹൃദയവിശുദ്ധിയോടുകൂടെ പൂർത്തിയാക്കുന്നതിന് ഈ ദാസരിൽ അങ്ങയുടെ ശക്തി നിവസിപ്പിക്കുകയും ഇവരെ കൃപകൊണ്ട് നിറയ്ക്കുകയും ചെയ്യണമേ.

അവിടുത്തെ കൽപനകളുടെ വഴിയിലൂടെ എന്നെ നയിക്കണമേ.
ഞാൻ അതിൽ സന്തോഷിക്കുന്നു.

സാദൃശ്യങ്ങളിലേക്കല്ല, അങ്ങയുടെ സാക്ഷ്യത്തിലേക്ക്
എന്റെ ഹൃദയത്തെ തിരിക്കണമേ.

വ്യർത്ഥത കാണാതിരിക്കുന്നതിന് എന്റെ കണ്ണുകളെ നിയന്ത്രിക്കണമേ.
അങ്ങയുടെ മാർഗ്ഗത്തിൽ ചരിക്കുന്നതിനായി എന്നെ ഉജ്ജീവിപ്പിക്കണമേ.

അങ്ങയെ വണങ്ങുന്നവർക്ക് നൽകിയ വാഗ്ദാനം
ഈ ദാസനിൽ അങ്ങു നിറവേററണമേ.

നിന്ദയെ എന്നിൽനിന്ന് അകററണമേ.
എന്തുകൊണ്ടെന്നാൽ അങ്ങയുടെ വിധികൾ വിശിഷ്ടങ്ങളാകുന്നു.

അങ്ങയുടെ പ്രമാണങ്ങൾ എനിക്കു പ്രിയംകരങ്ങളാകുന്നു.
അങ്ങയുടെ നീതിയിൽ എന്നെ അങ്ങു ജീവിപ്പിക്കണമേ.

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ നാമത്തിൽ അങ്ങയുടെ ശുശ്രൂഷയുടെ രഹസ്യം ഹൃദയവിശുദ്ധിയോടുകൂടി പൂർത്തിയാക്കുന്നതിന് ഈ ദാസരിൽ അങ്ങയുടെ ശക്തി നിവസിപ്പിക്കുകയും ഇവരെ കൃപകൊണ്ട് നിറയ്ക്കുകയും ചെയ്യണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.

എപ്പിസ്കോപ്പാനോസിനേയും പീലിപ്പോസിനേയും പ്രക്കാറോസിനെയും നിക്കാനോറിനേയും നിക്കലേയോസിനേയും തീമോനേയും പാർമേനായേയും തെരഞ്ഞെടുത്ത മിശിഹായേ, അങ്ങയുടെ ശുശ്രൂഷയ്ക്കായി അങ്ങയുടെ ദാസരെ തെരഞ്ഞെടുക്കണമേ.

കർത്താവേ, അങ്ങയുടെ പ്രമാണങ്ങളുടെ വഴി എന്നെ പഠിപ്പിക്കണമേ.
ഞാൻ അതു് പാലിച്ചുകൊള്ളാം.

അങ്ങയുടെ നിയമം പാലിക്കുന്നതിനായി എന്നെ വിവേകിയാക്കണമേ.
മുഴുഹൃദയത്തോടുകൂടി ഞാൻ അത് പാലിച്ചുകൊള്ളാം.

**അർക്കദ്യാക്കോൻ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## മെത്രാൻ പ്രാർത്ഥിക്കുന്നു.

### ഒന്നിലധികം പേരുള്ളപ്പോൾ

വിശുദ്ധ ഭവനത്തിന്റെയും മനുഷ്യനിർമ്മിതമല്ലാത്തതും ദൈവസ്ഥാപിതവുമായ സത്യകൂടാരത്തിന്റെയും ശുശ്രൂഷകനും ശുശ്രൂഷിക്കപ്പെടുന്നതിനല്ലാതെ ശുശ്രൂഷിക്കുവാൻ വന്നവനുമായ മിശിഹായേ, അങ്ങയുടെ ശുശ്രൂഷയ്ക്കായി നിയുക്തരായിരിക്കുന്ന ഈ ദാസന്മാർക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ വിശുദ്ധിക്ക് അനുയോജ്യമായവിധം നിർമ്മലതയോടുകൂടി അവിടുത്തെ മുമ്പാകെ ശുശ്രൂഷ ചെയ്യുവാൻ ഇവരെ അങ്ങയുടെ ദാനങ്ങൾ കൊണ്ടു പൂർണ്ണമാക്കണമേ. വിശുദ്ധരാൽ സദാ പരിശുദ്ധനെന്നു പ്രകീർത്തിക്കപ്പെടുന്നവനും ആദ്ധ്യാത്മിക വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

### ഒരാൾ മാത്രമുള്ളപ്പോൾ

കർത്താവേ, ദൈവികദാനം കാംക്ഷിക്കുന്ന അങ്ങയുടെ ആരാധകന്റെ ശിരസ്സിൽ സമൃദ്ധമായി കൃപ ചൊരിയണമേ. നിർമ്മലമായും കൃത്യമായും വിശുദ്ധമായും അങ്ങയുടെ പാവനബലിപീഠത്തിൽ ശുശ്രൂഷചെയ്യുതിന് ഇയാളെ ശക്തനാക്കണമേ. പരിത്രാണംചെയ്യപ്പെട്ട ഈ ജനത്തെ അങ്ങയുടെ സ്തുതിയുടെ സ്വരം കേൾപ്പിക്കുന്നതിനും അവിടുത്തെ നാമത്തിൽ മുദ്രിതമായ അജഗണത്തോട് അങ്ങയുടെ അത്ഭുതങ്ങൾ വിവരിക്കുന്നതിനും ഇയാളെ സഹായിക്കണമേ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

## കാനോനാ

**കർത്താവിന്റെ കാരുണ്യം നിത്യമാകുന്നു.**
**അവിടുത്തെ ഭയപ്പെടുന്നവരുടെമേൽ അത് എന്നും നിലനില്ക്കും. [സങ്കീ:103:17]**

### ഒന്നിലധികം പേരുള്ളപ്പോൾ

നീതിമാനായ ഞങ്ങളുടെ കർത്താവ് ഈശോമിശിഹായേ, വിശുദ്ധ പത്രോസും കൂട്ടരും വഴി എസ്തപ്പാനോസിൽ ആവസിച്ച കൃപ അങ്ങയുടെ കാരുണ്യത്താൽ ഈ ദാസരിലും ചൊരിയണമേ.

കർത്താവിന്റെ കാരുണ്യം നിത്യമാകുന്നു. അവിടുത്തെ ഭയപ്പെടുന്നവരുടെമേൽ അത് എന്നും നിലനിൽക്കും. അവിടുത്തെ നീതി എല്ലാ തലമുറകളിലും (നിലനിൽക്കും)

### ഒരാൾ മാത്രമുള്ളപ്പോൾ

പരിശുദ്ധനായ ദൈവമേ, മിശിഹായുടെ സ്നേഹിതരായ ശ്ലീഹന്മാരുടെ മുമ്പാകെ ശുശ്രൂഷ ചെയ്ത എസ്തപ്പാനോസിനും തിമോനും പ്രാക്കോറോസിനും പർമേനാസ്സും പീലിപ്പോസിനും അവരുടെ സ്നേഹിതനായ നിക്കലാവോസിനും അങ്ങു നൽകിയ ദാനം അങ്ങയുടെ ഈ ദാസനും അരുളണമേ. അതുവഴി ഇവൻ അങ്ങയുടെ മുമ്പാകെ ഉചിതമാംവിധം ശുശ്രൂഷ ചെയ്യുകയും തങ്ങളുടെ അധരംകൊണ്ട് അങ്ങയുടെ മഹത്വം പ്രകീർത്തിക്കുന്ന അങ്ങ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അവിടുത്തെ ഉടമ്പടി പാലിക്കുന്നവരുടേയും കല്പനകൾ ശ്രദ്ധാപൂർവ്വം അനുസരിക്കുന്നവരുടേയും മേൽത്തന്നെ.

കർത്താവിന്റെ സിംഹാസനം സ്വർഗ്ഗത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

എല്ലാവരും അവിടുത്തെ രാജകീയാധികാരത്തിൻ കീഴിലാകുന്നു.

ശക്തരും അവിടുത്തെ ആജ്ഞാനുവർത്തികളുമായ മാലാഖമാരേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.

അവിടുത്തെ ഹിതം നിറവേറ്റുന്ന ശുശ്രൂഷകരുടെ സമൂഹങ്ങളേ, കർത്താവിനെ പ്രകീർത്തിക്കുവിൻ.

കർത്താവിന്റെ അധികാരം ഭൂമി മുഴുവനിലും. ആകയാൽ സകല സൃഷ്ടികളേ, നിങ്ങൾ അവിടുത്തെ സ്തുതിക്കുവിൻ. എന്റെ ആത്മാവേ! കർത്താവിനെ വാഴ്ത്തുക.

നീതിമാനായ ഞങ്ങളുടെ കർത്താവ് ഈശോയേ, വിശുദ്ധ പത്രോസും കൂട്ടരും വഴി എസ്തപ്പാനോസിൽ ആവസിച്ച കൃപ അങ്ങയുടെ കാരുണ്യത്താൽ ഈ ദാസരിലും സമൃദ്ധമായി ചൊരിയണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദി മുതൽ എന്നേക്കും ആമ്മേൻ.

മാലാഖമാരെ അരൂപികളായും ശുശ്രൂഷകരെ ജ്വലിക്കുന്ന അഗ്നിയായും സൃഷ്ടിച്ച ഞങ്ങളുടെ കർത്താവേ, അങ്ങയുടെ മഹനീയ രഹസ്യങ്ങൾ പരികർമ്മം ചെയ്യുന്നതിന് അങ്ങയുടെ ആരാധകരെ അനുഗ്രഹിക്കണമേ.

യുടെ വിശുദ്ധരോടൊത്ത് ഉന്നതത്തിലേക്ക് പറന്നുയരുകയും ചെയ്യട്ടെ.

അവിടുത്തെ ഉടമ്പടി പാലിക്കുന്നവരുടേയും അവിടുത്തെ കല്പനകൾ ശ്രദ്ധാപൂർവ്വം അനുസരിക്കുന്നവരുടേയും മേൽത്തന്നെ.

കത്താവിന്റെ സിംഹാസനം സ്വർഗ്ഗത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

എല്ലാവരും അവിടുത്തെ രാജകീയാധികാരത്തിൻ കീഴിലാകുന്നു.

ശക്തരും അവിടുത്തെ ആജ്ഞാനുവർത്തികളുമായ മാലാഖമാരേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.

അവിടുത്തെ ഹിതം നിറവേറ്റുന്ന ശുശ്രൂഷകരുടെ സമൂഹങ്ങളേ, കർത്താവിനെ പ്രകീർത്തിക്കുവിൻ.

കർത്താവിന്റെ അധികാരം ഭൂമി മുഴുവനിലും. ആകയാൽ സകല സൃഷ്ടികളേ, നിങ്ങൾ അവിടുത്തെ സ്തുതിക്കുവിൻ. എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക.

പരിശുദ്ധനായ ദൈവമേ, മിശിഹായുടെ സ്നേഹിതരായ ശ്ലീഹന്മാരുടെ മുമ്പാകെ ശുശ്രൂഷ ചെയ്ത എസ്തപ്പാനോസിനും തിമോനും പ്രാക്കോറസിനും പർമേനായ്ക്കും പീലിപ്പോസിനും അവരുടെ സ്നേഹിതനായ നിക്കലാവോസിനും അങ്ങു നൽകിയ ദാനം ഈ ദാസനും അരുളണമേ. അതുവഴി ഇയാൾ അങ്ങയുടെ മുമ്പാകെ ഉചിതമാംവിധം ശുശ്രൂഷ ചെയ്യുകയും തങ്ങളുടെ അധരം കൊണ്ട് അവിടുത്തെ മഹത്വം പ്രകീർത്തിക്കുന്ന അങ്ങയുടെ വിശുദ്ധരോടൊത്ത് ഉന്നതത്തിലേക്ക് പറന്നുയരുകയും ചെയ്യട്ടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കർത്താവിന്റെ കാരുണ്യം നിത്യമാകുന്നു. അവിടുത്തെ ഭയപ്പെടുന്നവരിൽ അത് എന്നും നിലനിൽക്കും.

സ്വർഗ്ഗീയനാഥനായ ഈശോ, അങ്ങു സത്തയിലും പ്രകൃതിയിലുമല്ല, സ്വമനസ്സാലെ എളിമയോടുകൂടി ശുശ്രൂഷകനായി സ്വയം പ്രതിഷ്ഠിച്ചുവല്ലോ. ഇപ്പോൾ അങ്ങയുടെ മുമ്പിൽ പ്രത്യാശയോടുകൂടി അങ്ങയെ ഉറ്റുനോക്കുന്ന ദാസന്മാർക്ക് നീതിമാനായ എസ്തപ്പാനോസ് സ്വീകരിച്ച ആത്മീയ ശക്തി പ്രദാനം ചെയ്യണമേ. ഇവർ യോഗ്യരായ ശുശ്രൂഷകരായിത്തീർന്ന് ശാന്തഹൃദയത്തോടുകൂടി പരികർമ്മം ചെയ്യട്ടെ.

നമ്മുടെ കർത്താവ് ഈശോമിശിഹാ തന്റെ നന്മയാലും തികഞ്ഞ മാധുര്യത്താലും വിവേകപൂർണ്ണമായ ജ്ഞാനത്താലും തന്റെ ദാനസമ്പത്ത് നിങ്ങൾക്ക് പ്രദാനം ചെയ്തു. അവിടുന്നു നിങ്ങളെ തന്റെ തിരുവിഷ്ടത്താൽ തിരുസ്സഭയിൽ ശുശ്രൂഷകരായി നിയമിച്ചു. തന്റെ ഭവനത്തെ സേവിക്കുന്നതിനും തന്റെ സാന്നിദ്ധ്യത്തിന്റെ മാഹാത്മ്യം പ്രകീർത്തിക്കുന്നതിനുമായി നിങ്ങളെ അവിടുന്നു തെരഞ്ഞെടുക്കുകയും ചെയ്തു. അവിടുത്തെ മഹത്വത്തിന് യോജിച്ചവിധം തന്റെ നിക്ഷേപങ്ങൾ അവിടുന്നു നിങ്ങൾക്ക് വിതരണം ചെയ്യട്ടെ. സഭാരഹസ്യങ്ങൾ പരികർമ്മം ചെയ്യുന്നതിനും അവിടുത്തെ തിരുഹിതം സ്വീകരിക്കുന്നതിനും നിർവ്വഹിക്കുന്നതിനും അവിടുത്തെ വിശുദ്ധനാമത്തെ പ്രകീർത്തിക്കുന്നതിനുമായി തന്റെ വചനത്തിന്റെ ശക്തിയാൽ അവിടുന്നു നിങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്യട്ടെ.

പെന്തക്കുസ്താക്കാലമാണെങ്കിൽ

ശ്ലീഹന്മാരുടെമേൽ ഇറങ്ങിവന്ന അരൂപി അവരെ ശക്തിയും അറിവുംകൊണ്ടു നിറയ്ക്കുകയും തന്റെ അപരിമിത ജ്ഞാനം അവർക്ക് പകരുകയും. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മേൻ.

ഞങ്ങളുടെ കർത്താവേ, അങ്ങു കാരുണ്യപൂർവ്വം തെരഞ്ഞെടുത്ത ഈ ദാസനിൽ അങ്ങയുടെ സഹായഹസ്തം സദാ നിഴലിക്കട്ടെ ഇയാൾ അങ്ങയുടെ ഇഷ്ടാനുസരണം അങ്ങയ്ക്കു ശുശ്രൂഷ ചെയ്യുകയും അവിടുത്തെ ബലിപീഠത്തിങ്കൽ നിർമ്മലനായി വ്യാപരിക്കുകയും ചെയ്യട്ടെ അങ്ങയുടെ പ്രത്യക്ഷീകരണത്തിന്റെ വലിയ ദിനത്തിൽ അവിടുത്തെ പ്രതിഫലത്തിന്റെ കിരീടത്തിന് അർഹനാകേണ്ടതിനായി അങ്ങയുടെ ദാനമാകുന്ന താലന്ത് ഇയാൾ സൂക്ഷിക്കുകയും അവിടുത്തെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യട്ടെ.

കർത്താവിന്റെ കാരുണ്യം അനന്തമാകുന്നു. അവിടുത്തെ ഭയപ്പെടുന്നവരുടെമേൽ അത് എന്നേയ്ക്കും നിലനിൽക്കും.

നിർമ്മലമായ ചിന്തയോടും ഹൃദയത്തോടും അവികലമായ മനസ്സാക്ഷിയോടുംകൂടി അങ്ങയുടെ അൽത്താരയിൽ ശുശ്രൂഷ ചെയ്യുന്നതിനുവേണ്ടി ദൈവായ പരികർമ്മത്തിന് വിളിക്കപ്പെട്ട അങ്ങയുടെ ഈ യുവദാസന് ജീവാത്മാവിനെ നൽകണമേ.

അങ്ങയുടെ മഹനീയമായ അന്ത്യവെളിപാടിൽ കാഹളശബ്ദം മുഴങ്ങുമ്പോൾ തെരഞ്ഞെടുക്കപ്പെട്ട എസ്തപ്പാനോസിനോടൊപ്പം ഇയാൾക്കും അങ്ങയുടെ മഹത്വമേറിയ പ്രകാശം ദർശിക്കുന്നതിന് അർഹനാകട്ടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ചെയ്തു. അവർ വഴി അവിടുന്ന് വിശുദ്ധ എസ്ലപ്പാനോസിനേയും ഗണത്തേയും തന്റെ സേവനത്തിനായി വിളിക്കുകയും തന്റെ തിരുവിഷ്ടത്താൽ അവരെ തന്റെ ശുശ്രൂഷകരായി നിയോഗിക്കുകയും ചെയ്തു. തന്റെ ആരാധകരായ ഈ ദാസന്മാരെ തന്റെ ആവാസം വഴി അവിടുന്ന പൂർണ്ണരാക്കട്ടെ. അങ്ങയുടെ ദാനത്തിന്റെ രഹസ്യത്തെ അവിടുത്തെ മഹത്വത്തിന്റെ ശക്തിയാൽ ഇവർ കാത്തുസൂക്ഷിക്കുകയും ചെയ്യട്ടെ.

നീതിമാനായ കർത്താവേ, അങ്ങയുടെ ദാസരായ യുസ്തോസ്, അസേനോത്തോസ്, എസ്ലപ്പാനോസും ഗണവും, പീലിപ്പോസ്, പർമേനാ, പ്രോക്കോസ് നിക്കലാവോസ്, ശ്ലീഹന്മാരായ പത്രോസ്, പൗലോസ്, സുവിശേഷകരായ മത്തായി, മർക്കോസ്, രക്തസാക്ഷികളായ സർഗീസ്, ബാക്കോസ്, ഗീവർഗീസ്, കര്യാക്കോസ്, എന്നീ വിശുദ്ധരോട് ഇവരെ അങ്ങ ചേർക്കണമേ.

## പെന്തക്കുസ്താക്കാലമാണെങ്കിൽ:

ശ്ലീഹന്മാരുടെമേൽ ഇറങ്ങിവന്ന അരൂപി അവരെ ശക്തിയും അറിവുംകൊണ്ട് നിറയ്ക്കുകയും തന്റെ അപരിമിത ജ്ഞാനം അവർക്ക് പകരുകയും ചെയ്തു. അവർ വഴി അവിടുന്ന് വിശുദ്ധ എസ്തപ്പാനോസിനേയും ഗണത്തേയും തന്റെ സേവനത്തിനായി വിളിക്കുകയും തന്റെ തിരുവിഷ്ടത്താൽ തന്റെ ശുശ്രൂഷകരായി നിയോഗിക്കുകയും ചെയ്തു. തന്റെ ആരാധകനായ ഈ ദാസനെ തന്റെ ആവാസം വഴി അവിടുന്ന പൂർണ്ണനാക്കട്ടെ. അങ്ങയുടെ ദാനത്തിന്റെ രഹസ്യത്തെ അവിടുത്തെ മഹത്വത്തിന്റെ ശക്തിയാൽ ഇയാൾ കാത്തുസൂക്ഷിക്കുകയും ചെയ്യട്ടെ.

നീതിമാനായ കർത്താവേ, അങ്ങയുടെ ദാസരായ യുസ്തോസ്, അസേനോത്തോസ്, എസ്ലപ്പാനോസും ഗണവും പീലിപ്പോസ്, പർമേനാ, പ്രോക്കോസ്, നിക്കലാവോസ്, ശ്ലീഹന്മാരായ പത്രോസ്, പൗലോസ്, സുവിശേഷകരായ മത്തായി, മർക്കോസ്, രക്തസാക്ഷികളായ സർഗീസ്, ബാക്കോസ്, ഗീവർഗീസ്, കര്യാക്കോസ് എന്നീ വിശുദ്ധരോട് ഇയാളെ അങ്ങു ചേർക്കണമേ.

**അർക്കദ്യാക്കോൻ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

## മെത്രാൻ പ്രാർത്ഥിക്കുന്നു:

### ഒന്നിലധികം പേരുള്ളപ്പോൾ

മഹത്വത്തിന്റെ വസ്ത്രത്താൽ ലേവായരെ അലങ്കരിക്കുകയും സ്നേഹനിർഭരമായ തെരഞ്ഞെടുപ്പു വഴി എസ്കപ്പാനോസിന്റെ ഗണത്തെ അനുഗ്രഹിക്കുകയും ചെയ്യുന്ന കർത്താവേ, അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയെ ഭയപ്പെടുന്നവനായ എന്റെ കരങ്ങൾ വഴി നവമായ അടയാളത്താൽ അവിടുത്തെ ശുശ്രൂഷയ്ക്കായി ഇപ്പോൾ വേർതിരിക്കപ്പെട്ടിരിക്കുന്ന ഈ ദാസന്മാരെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ ആത്മാക്കളുടെ നല്ല ശരണമേ, അങ്ങയുടെ കല്പനകളുടെ പാലനമാകുന്ന ശുശ്രൂഷയ്ക്കായി അങ്ങയുടെ ജനത്തെ ഉത്സാഹപൂർവ്വം ഉത്തേജിപ്പിക്കുന്നതിനും, സമ്പന്നരാക്കുന്നതിനും സന്നദ്ധരാക്കുന്നതിനും വിളിച്ചൊരുക്കുന്നതിനും ഇവർക്ക് വരം നൽകണമേ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ.

### ഒരാൾ മാത്രമുള്ളപ്പോൾ

കർത്താവേ, വിശുദ്ധ എസ്കപ്പാനോസിനും വൃന്ദത്തിനും നൽകിയ അങ്ങയുടെ നിത്യമായ അനുഗ്രഹം ഈ ദാസനും പ്രദാനം ചെയ്യണമേ. ഇയാൾ വിശുദ്ധിയോടുകൂടി അങ്ങയുടെ ബലിപീഠത്തിൽ ശുശ്രൂഷ ചെയ്ത് ഉചിതമാംവിധം അങ്ങയുടെ രഹസ്യങ്ങളുടെ ശുശ്രൂഷ പൂർണ്ണമാക്കട്ടെ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ.

## കാനോനാ

### ഒന്നിലധികം പേരുള്ളപ്പോൾ

കർത്താവേ, അവർ അങ്ങയുടെ മുഖത്തിന്റെ പ്രകാശത്തിൽ നടക്കും. അവർ നിത്യം അങ്ങയുടെ നാമത്തിൽ ആനന്ദിക്കും. (സങ്കീ: 89:15)

ഞങ്ങളുടെ രക്ഷകാ, അങ്ങയുടെ അനുഗ്രഹസഹായം അങ്ങയുടെ ആരാധകർക്ക് സദാ തുണയായിട്ട് അയയ്ക്കണമേ. നിർമ്മലവും ആത്മാർത്ഥവുമായ ഹൃദയത്തോടും വിശ്വാസത്തോടുംകൂടി വിശുദ്ധമായി അങ്ങ

### ഒരാൾ മാത്രമുള്ളപ്പോൾ

കർത്താവ് തന്റെ വചനങ്ങളിൽ വിശ്വസ്തനും എല്ലാ പ്രവൃത്തികളിലും നീതിമാനുമാകുന്നു. (സങ്കീ 144:13)

സ്വവിശേഷംവഴി തന്റെ ദാസർക്ക് പ്രതിസമ്മാനം വാഗ്ദാനം ചെയ്ത മിശിഹായേ, ഇന്ന് ശുശ്രൂഷയ്ക്കണയുന്ന അങ്ങയുടെ ദാസനെ ശക്തിപ്പെടുത്തണമേ. ഇയാൾ ശുശ്രൂഷയിൽ ഉൽസാഹപൂർവ്വം

marggam Digital Library of Christianity in India www.marggam.com
www.TheCMSIndia.org CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യെ ശുശ്രൂഷിക്കുവാൻ ഇവരെ ശക്തരാക്കണമേ.

കർത്താവേ, അവർ അങ്ങയുടെ മുഖത്തിന്റെ പ്രകാശത്തിൽ നടക്കും. അവർ നിത്യം അങ്ങയുടെ നാമത്തിൽ ആനന്ദിക്കും. അവിടുത്തെ നീതിയിൽ അവർ ഉയർത്തപ്പെടുകയും ചെയ്യും.

എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ ശക്തിയുടെ മഹത്വം അങ്ങാകുന്നു. അങ്ങയുടെ പ്രസാദത്താൽ ഞങ്ങളുടെ കാഹളം ഉയർത്തപ്പെടും.

എന്തുകൊണ്ടെന്നാൽ കർത്താവ് നമ്മുടെ ആശ്രയമാകുന്നു. ഇസ്രായേലിന്റെ പരിശുദ്ധൻ നമ്മുടെ രാജാവും.

ദർശനത്തിൽ തന്റെ പരിശുദ്ധരോട് അവിടുന്ന് അരുളിച്ചെയ്തു,

ശക്തനായ മനുഷ്യന് ഞാൻ ഒരു സഹായം നൽകി. ഒരുവനെ ഞാൻ ജനത്തിൽനിന്ന് തെരഞ്ഞെടുത്തുയർത്തി.

ഞാൻ എന്റെ ദാസനായി ദാവീദിനെ കണ്ടെത്തി. വിശുദ്ധതൈലം കൊണ്ട് ഞാൻ അവനെ അഭിഷേകം ചെയ്തു.

എന്റെ കരങ്ങൾ അവനെ സഹായിക്കുകയും ബലപ്പെടുത്തുകയും ചെയ്തു.

ഞങ്ങളുടെ രക്ഷകാ, അവിടുത്തെ അനുഗ്രഹസഹായം അങ്ങയുടെ ആരാധകർക്ക് തുണയായിട്ട് അയയ്ക്കണമേ.

നിർമ്മലവും ആത്മാർത്ഥവുമായ ഹൃദയത്തോടും വിശ്വാസത്തോടും കൂടി വിശുദ്ധമായി അങ്ങയെ

അഭിവൃദ്ധിപ്പെടുകയും ഫലം നേടുകയും ചെയ്യട്ടെ.

കർത്താവു തന്റെ വചനങ്ങളിൽ വിശ്വസ്തനും പ്രവൃത്തികളിൽ നീതിമാനുമാകുന്നു.

കർത്താവു വീഴുന്നവരെ താങ്ങുന്നു. കുനിയിരിക്കുന്നവരെയെല്ലാം നേരെയാക്കുന്നു.

എല്ലാവരും അങ്ങിൽ ദൃഷ്ടിപതിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങ് അവർക്ക് യഥാസമയം ആഹാരം കൊടുക്കുന്നു.

അവിടുന്ന് കൈ തുറന്നുകൊടുക്കുന്നു. സർവ്വ ജീവികളേയും സംതൃപ്തരാക്കുകയും ചെയ്യുന്നു.

കർത്താവിന്റെ വഴികൾ നീതിനിഷ്ഠവും പ്രവൃത്തികൾ കൃപാപൂർണ്ണവുമാകുന്നു.

ഹൃദയപരമാർത്ഥതയോടുകൂടെ തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് കർത്താവു സമീപസ്ഥനാകുന്നു.

തന്നെ ഭയപ്പെടുന്നവരുടെ ഹിതം അവിടുന്ന് നിറവേറ്റുകയും അവരുടെ അപേക്ഷ ശ്രവിച്ച് അവരെ രക്ഷിക്കുകയും ചെയ്യുന്നു.

എന്റെ അധരങ്ങൾ കർത്താവിന്റെ സ്തുതികൾ പാടും. എല്ലാ ജീവജാലങ്ങളും അവിടുത്തെ വിശുദ്ധ നാമത്തെ എന്നേക്കും പ്രകീർത്തിക്കട്ടെ.

സുവിശേഷം വഴി തന്റെ ദാസർക്കു പ്രതിസമ്മാനം വാഗ്ദാനം ചെയ്ത മിശിഹായേ, ഇന്ന് അങ്ങയുടെ ശുശ്രൂഷയ്ക്കണയുന്ന അങ്ങയുടെ ഈ ദാസനെ ശക്തിപ്പെടുത്തണമേ. ഇയാൾ തന്റെ ശുശ്രൂഷയിൽ ഉൽസാഹ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ശുശ്രൂഷിക്കുവാൻ ഇവരെ ശക്തിപ്പെടുത്തണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മേൻ.

ഞങ്ങളുടെ കർത്താവേ, സ്തുത്യർഹവും പരിശുദ്ധവുമായ ബലിപീഠത്തെയും അങ്ങയുടെ പാപമോചക രഹസ്യങ്ങളേയും ശുശ്രൂഷിക്കുന്നതിനായി വേർതിരിക്കപ്പെട്ടിരിക്കുന്ന അങ്ങയുടെ ദാസന്മാർ എസ്തപ്പാനോസും ഗണവും സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ കൃപ സ്വീകരിക്കട്ടെ.

കർത്താവേ, അവർ അങ്ങയുടെ മുഖത്തിന്റെ പ്രകാശത്തിൽ നടക്കും. അവർ നിത്യം അങ്ങയുടെ നാമത്തിൽ ആനന്ദിക്കും.

അഗ്നിനാളങ്ങളുടെ രൂപത്തിൽ വിശുദ്ധ ശ്ലീഹന്മാർക്ക് പരിശുദ്ധാത്മാവിനെ നൽകിയ മിശിഹായേ, അങ്ങയുടെ വിശുദ്ധ ജനത്തിന്റെ ഇടയിൽ ഉത്സാഹപൂർവ്വം വ്യാപാരം ചെയ്യുന്നതിനായി അങ്ങയുടെ ദാസന്മാർക്ക് അഗ്നിമയമായ നാവും ആത്മീയമായ താലന്തുകളും അരുളണമേ.

ഞങ്ങളുടെ കർത്താവേ, മാലാഖമാർ അങ്ങയുടെ സിംഹാസനത്തേയും ലേവായർ അങ്ങയുടെ ശുശ്രൂഷയുടെ പ്രതീകത്തേയും തിരുസ്സഭയിലെ ശമ്മാശ്ശന്മാർ അങ്ങയുടെ ഭീതിജനകമായ രഹസ്യങ്ങളേയും ശുശ്രൂഷിക്കുന്നു. അങ്ങയുടെ ശക്തി അവരുടെ ആത്മാക്കളെ വിശുദ്ധീകരിക്കുകയും അവരുടെ താലന്തുകൾ പൂർണ്ണമാക്കുകയും ചെയ്യട്ടെ.

മഹാ പുരോഹിതനായ മിശിഹായേ, വിശുദ്ധ സുവിശേഷ പൂവും അഭിവൃദ്ധിപ്പെടുകയും ഫലം നേടുകയും ചെയ്യട്ടെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മേൻ.

ഉൽസാഹികൾക്ക് പൂർണ്ണ താലന്ത് വാഗ്ദാനം ചെയ്ത മിശിഹായേ, തന്റെ വ്യാപാരങ്ങളിൽ ശ്രേഷ്ഠനും ജോലികളിൽ നിർമ്മലനും ശീലങ്ങളിൽ സംപൂർണ്ണനും ആയിരിക്കേണ്ടതിന് ഈ ദാസനെ അങ്ങ് ശക്തിപ്പെടുത്തണമേ.

കർത്താവ് തന്റെ വചനങ്ങളിൽ വിശ്വസ്തനും പ്രവൃത്തികളിൽ നീതിമാനുമാകുന്നു.

സഭയെ മുന്തിരിത്തോട്ടമെന്നും ലേവായരെ പരിചാരകരെന്നും വിളിച്ച മിശിഹായേ, അവിടെ അങ്ങേക്കായി ആദ്ധ്യാത്മികമായ ജോലി ചെയ്യുന്നതിന് അവിടുത്തെ ഈ ദാസനെ വേർതിരിച്ച് നിയോഗിക്കണമേ. ഇയാൾ അങ്ങയുടെ ആഗമന ദിനത്തിൽ അങ്ങിൽനിന്നും പ്രതിഫലത്തിന്റെ താലന്ത് സ്വീകരിക്കട്ടെ.

സീനായ് മലയിൽവച്ച് മൂശയെ പൂർണ്ണനാക്കുകയും വിശുദ്ധീകരിക്കുകയും ഊട്ടുശാലയിൽവച്ച് പന്ത്രണ്ട് ശ്ലീഹന്മാരെ പവിത്രീകരിക്കുകയും ചെയ്ത പരിശുദ്ധാത്മാവ് വഴി അങ്ങയുടെ ശുശ്രൂഷക്കായി പ്രതിഷ്ഠിതനായ ഈ ആരാധകനെയും വിശുദ്ധീകരിക്കണമേ.

ആകാശത്തിൽ നക്ഷത്രങ്ങൾക്കു സമാനം സഭയിൽ ശമ്മാശ്ശന്മാർ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. തന്റെ കിരണങ്ങളാൽ സൃഷ്ടികളെ പ്രകാശിപ്പിക്കുന്ന സൂര്യനായ മിശി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ത്തിലൂടെ വിനയാന്വിതമായ സേവനം അങ്ങു ഞങ്ങൾക്കു കാണിച്ചു തന്നു. അവിടുത്തെ മുമ്പിൽ പ്രണമിക്കുന്ന ഈ ദാസരിൽ അതിന്റെ സ്മരണ മുദ്രിതമാക്കപ്പെടുന്ന ഇപ്പോൾ ഇവർക്കുവേണ്ടിയുള്ള ഞങ്ങളുടെ പ്രാർത്ഥന അങ്ങു സ്വീകരിക്കണമേ. തിരുസ്സഭയിൽ ശുശ്രൂഷ ചെയ്യുന്നതിനുള്ള ശക്തി ഇവർ സംഭരിക്കുകയും ചെയ്യട്ടെ.

ഹായേ, ഈ ദാസനെ അവരുടെ ഗണത്തിൽ എണ്ണുകയും അവരോടു ചേർക്കുകയും ചെയ്യണമേ.

അല്ലെങ്കിൽ

## ഒന്നിലധികം പേരുള്ളപ്പോൾ

അവന്റെ അഭിലാഷം അങ്ങു സാധിച്ചുകൊടുത്തു. അവന്റെ യാചന അങ്ങു നിഷേധിച്ചില്ല (സങ്കീ 21:3)

ഞങ്ങളുടെ രക്ഷകാ, അവിടുത്തെ ബലിപീഠത്തിങ്കൽ മാലാഖമാരെപ്പോലെ വിശുദ്ധിയോടുകൂടി ശുശ്രൂഷ ചെയ്യുന്നതിനായി അങ്ങയുടെ അനുഗ്രഹശക്തി ഈ ദാസരിൽ ചൊരിയണമേ.

അവന്റെ അഭിലാഷം അങ്ങു സാധിച്ചുകൊടുത്തു. അവന്റെ യാചന അങ്ങു നിഷേധിച്ചില്ല.

എന്തുകൊണ്ടെന്നാൽ സമൃദ്ധമായ അനുഗ്രഹങ്ങളുമായി അവിടുന്ന് അവനെ സന്ദർശിച്ചു. മഹിമയുടെ കിരീടം അവന്റെ ശിരസ്സിൽ അണിയിച്ചു.

അവൻ അങ്ങയോടു ചോദിച്ചു. സുദീർഘമായ നാളുകൾ എന്നേക്കും അവിടുന്ന് അവനു നൽകി.

അങ്ങയുടെ സഹായത്താൽ അവന്റെ മഹത്വം വർദ്ധിച്ചു. അങ്ങ് അവന്റെമേൽ തേജസ്സും പ്രതാപവും ചൊരിഞ്ഞു.

## ഒരാൾ മാത്രമുള്ളപ്പോൾ

അവന്റെ അഭിലാഷം അങ്ങു സാധിച്ചുകൊടുത്തു. അവന്റെ യാചന അങ്ങു നിഷേധിച്ചില്ല. (സങ്കീ.21:3)

അങ്ങയുടെ കൃപാദാനം ഈ ദാസനിൽ സമൃദ്ധമായി ചൊരിയണമേ. അങ്ങയുടെ മുമ്പാകെ നൈർമ്മല്യത്തോടുകൂടി ശുശ്രൂഷ ചെയ്യുന്നതിന് കാരുണ്യപൂർവ്വം ഇയാളെ അങ്ങു യോഗ്യനാക്കുകയും ചെയ്യണമേ.

അവന്റെ അഭിലാഷം അങ്ങു സാധിച്ചുകൊടുത്തു. അവന്റെ യാചന അങ്ങു നിഷേധിച്ചില്ല.

എന്തുകൊണ്ടെന്നാൽ, സമൃദ്ധമായ അനുഗ്രഹങ്ങളുമായി അവിടുന്നു അവനെ സന്ദർശിച്ചു. മഹിമയുടെ കിരീടം അവന്റെ ശിരസ്സിൽ അണിയിച്ചു.

അവൻ അങ്ങയോട് ജീവൻ ചോദിച്ചു. സുദീർഘമായ നാളുകൾ എന്നേക്കും അവിടുന്നു അവനു നൽകി.

അങ്ങയുടെ സഹായത്താൽ അവന്റെ മഹത്വം വർദ്ധിച്ചു. അങ്ങ് അവനിൽ തേജസ്സും പ്രതാപവും ചൊരിഞ്ഞു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എന്തുകൊണ്ടെന്നാൽ അവിടുന്ന് അവനെ എന്നേക്കം അനുഗ്രഹപൂർണ്ണനാക്കി. അങ്ങയുടെ സാന്നിദ്ധ്യത്താൽ അങ്ങ് അവനെ ആനന്ദിപ്പിച്ചു.

രാജാവു കർത്താവിൽ ആശ്രയിച്ചതുകൊണ്ട് അത്യുന്നതൻെറ കാരുണ്യം നിമിത്തം അവൻ നിർഭയനായിരിക്കും.

ഞങ്ങളുടെ രക്ഷകാ, അവിടുത്തെ ബലിപീഠത്തിങ്കൽ മാലാഖമാരെപ്പോലെ വിശുദ്ധിയോടുകൂടി ശുശ്രൂഷ ചെയ്യുന്നതിനായി അങ്ങയുടെ അനുഗ്രഹശക്തി ഈ ദാസരിൽ ചൊരിയണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മേൻ.

തൻെറ സമീപസ്ഥരാൽ സ്തുതിക്കപ്പെടുകയും തൻെറ തെരഞ്ഞെടുക്കപ്പെട്ടവരാൽ ബഹുമാനിക്കപ്പെടുകയും ചെയ്യുന്ന കർത്താവേ, അങ്ങയുടെ ദാനം സ്വീകരിച്ച ഈ ആരാധകർക്ക് സഹായം അരുളണമേ.

അവൻെറ അഭിലാഷം അങ്ങു സാധിച്ചുകൊടുത്തു. അവൻെറ യാചന അങ്ങു നിഷേധിച്ചില്ല.

ഞങ്ങളുടെ രക്ഷകനായ മിശിഹായേ, അങ്ങു ദാനങ്ങളുടെ ദാതാവാകുന്നുവല്ലോ. കർത്താവേ, അങ്ങയുടെ ദാനം സ്വീകരിച്ച ഈ ആരാധകരിൽ അവിടുത്തെ കൃപ ചൊരിയണമേ.

എന്തുകൊണ്ടെന്നാൽ, അവിടുന്ന അവനെ എന്നേക്കും അനുഗ്രഹപൂർണ്ണനാക്കി. അങ്ങയുടെ സാന്നിദ്ധ്യത്താൽ അവനെ ആനന്ദിപ്പിച്ചു.

രാജാവു കർത്താവിൽ ആശ്രയിച്ചതുകൊണ്ട് അത്യുന്നതൻെറ കാരുണ്യം നിമിത്തം അവൻ നിർഭയനായിരിക്കും.

അങ്ങയുടെ കൃപാദാനം ഈ ദാസനിൽ സമൃദ്ധമായി ചൊരിയണമേ. അങ്ങയുടെ മുമ്പാകെ നൈർമ്മല്യത്തോടുകൂടി ശുശ്രൂഷ ചെയ്യുന്നതിന് കാരുണ്യപൂർവ്വം ഇയാളെ അങ്ങു യോഗ്യനാക്കുകയും ചെയ്യണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മേൻ.

അങ്ങയുടെ ആത്മീയ സമ്പത്ത് ഈ ആരാധകന് പ്രദാനം ചെയ്ത കർത്താവേ, അതു അനുയോജ്യമായ വിധത്തിൽ കാത്തു സൂക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ഇയാളെ ശക്തനാക്കണമേ.

അവൻെറ അഭിലാഷം അങ്ങു സാധിച്ചുകൊടുത്തു. അവൻെറ യാചന അങ്ങു നിഷേധിച്ചില്ല.
കർത്താവേ, അങ്ങയുടെ അനുഗ്രഹസഹായം അങ്ങു തിരഞ്ഞെടുത്ത ഈ ആരാധകന് സദാ തുണയായിരിക്കട്ടെ. ഇയാൾ പരസ്യമായും രഹസ്യമായും അങ്ങയുടെ ദാനം ശ്രദ്ധാപൂർവ്വം സൂക്ഷിക്കുകയും ചെയ്യട്ടെ.

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ ദാസനെ അവിടുത്തെ കൃപാസഹായംകൊണ്ട് കാരുണ്യപൂർവ്വം നിറയ്ക്കണമേ. അങ്ങയുടെ ദാനത്തിൻെറ ശക്തിയാൽ സഭയിൽ ഉചിതമാംവിധം ഇയാൾ ശുശ്രൂഷ ചെയ്യുകയും ചെയ്യട്ടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**അർക്കദ്യാക്കോൻ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

## മെത്രാൻ പ്രാർത്ഥിക്കുന്നു.

### ഒന്നിലധികം പേരുള്ളപ്പോൾ

കാരുണ്യത്തിന്റേയും അനുഗ്രഹത്തിന്റേയും അപരിമേയമായ മഹാസമുദ്രമേ, അനുകമ്പയുടേയും കൃപയുടേയും അഗ്രാഹ്യമായ അഗാധതയേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു. ഞങ്ങളുടെ കർത്താവായ ദൈവമേ, ഈ ദാസരിൽ അവിടത്തെ അനുഗ്രഹം പൂർണ്ണമാക്കണമേ. അങ്ങയുടെ കൃപാകടാക്ഷം ഇവരുടെ മേൽ പതിക്കണമേ. അങ്ങയുടെ സഹായം ഇവരിൽ വർദ്ധിപ്പിക്കണമേ. തങ്ങളുടെ ശുശ്രൂഷ വഴി അങ്ങയെ പ്രീതിപ്പെടുത്തുന്നതിനും സേവനത്താൽ അങ്ങയുടെ കർത്തൃത്വത്തെ പ്രീതിപ്പെടുത്തുന്നതിനും ഇവരെ ശക്തരാക്കണമേ. അങ്ങയുടെ സത്യപ്രമാണങ്ങളുടെ വഴിയിലൂടെ ഇവർ സഞ്ചരിക്കട്ടെ. ജീവദായകവും ദൈവീകവുമായ അങ്ങയുടെ ഗ്രന്ഥങ്ങൾ ഇവർ ധ്യാനവിഷയമാക്കട്ടെ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

### ഒരാൾ മാത്രമുള്ളപ്പോൾ

കർത്താവേ, അങ്ങയുടെ ബലിപീഠത്തിനു മുമ്പിൽ പ്രണമിക്കുന്ന ഈ ദാസനിൽ അങ്ങയുടെ അനുഗ്രഹത്തിന്റെ നറുമഞ്ഞ് വീഴ്ത്തണമേ, അത്യാശാപൂർവ്വം അങ്ങയുടെ വരം പാർത്തിരിക്കുന്ന ഈ ആരാധകനിൽ അതു വർദ്ധിപ്പിക്കണമേ. അങ്ങു കാരുണ്യപുരസ്സരം തിരഞ്ഞെടുത്ത ഇയാളിൽ അവിടത്തെ അനുഗ്രഹസഹായം ധാരാളമായി ചിന്തണമേ. അങ്ങയുടെ നിർമ്മല വസതിയും അവിടത്തെ രഹസ്യങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കുവാൻ ശുഷ്കാന്തിയുള്ള പരികർമ്മിയുമാകുന്നതിന് ഇയാളെ വിശുദ്ധീകരിക്കണമേ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

#### മെത്രാൻ കാനോനാ ആരംഭിക്കുന്നു

സ്വർഗ്ഗത്തിൽ വാഴുന്നവനേ, അങ്ങയിലേയ്ക്കു ഞാൻ കണ്ണുകളുയർത്തുന്നു.
(സങ്കീ. 122:1)

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ അനുഗ്രഹം
അവിടുത്തെ ദാസരിൽ പൊരിയണമേ.

സ്വർഗ്ഗത്തിൽ വാഴുന്നവനേ, അങ്ങയിലേയ്ക്കു ഞാൻ കണ്ണുകളുയർത്തുന്നു.

ദാസന്മാരുടെ കണ്ണുകൾ യജമാനന്റേയും ദാസിയുടെ കണ്ണുകൾ
സ്വാമിനിയുടേയും പക്കലേയ്ക്ക് എന്നതുപോലെ.

ഞങ്ങളുടെ ദൈവമായ കർത്താവിന് ഞങ്ങളുടെമേൽ
കരുണ തോന്നുവോളം ഞങ്ങളുടെ കണ്ണുകൾ അവിടുത്തെ നോക്കിയിരിക്കും.

•

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഞങ്ങളോടു കൃപയുണ്ടാകണമേ.
കർത്താവേ, ഞങ്ങളോടു കൃപയുണ്ടാകണമേ.

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ അനുഗ്രഹം
അങ്ങയുടെ ദാസരിൽ പൊരിയണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേക്കും ആമ്മേൻ

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ അനുഗ്രഹം
അങ്ങയുടെ ദാസരിൽ പൊരിയണമേ.

അവർ ഈ കാനോനാ ആവർത്തിച്ചു ചൊല്ലുമ്പോൾ മെത്രാൻ ബലിപീഠത്തിനു മുമ്പിൽ മുട്ടുകുത്തി എഴുന്നേററതിനുശേഷം തന്നെ ഈ ഉന്നത പദവിക്ക് അർഹനാക്കിയ ദൈവത്തെ ആത്മനാ സ്തുതിക്കുന്നു. അവർ ഈ കാനോനാ മസ്മോറായുടെ അന്ത്യത്തിൽ ആവത്തിച്ചു ചൊല്ലുന്നു. അപ്പോൾ മെത്രാൻ പട്ടം സ്വീകരിക്കുവാനുള്ളവരുടെ അടുത്തേക്കു പോകുന്നു.

മെത്രാൻ ചൊല്ലുന്ന കാനോനാകളുടെ എല്ലാ സ്തുതിപ്പുകൾക്കും പട്ടം സ്വീകരിക്കുന്നവർ വണക്കം പ്രകടിപ്പിക്കുന്നു.

അക്ദെയാക്കോൻ പട്ടം സ്വീകരിക്കുവാനുള്ളവരോട് ഒരു മുട്ടു കുത്തി നിൽക്കുവാൻ കൽപിക്കുന്നു. അതു് അത്ഥമാക്കുന്നതു്, ഓരോരുത്തരും ഓരോ കുക്രാ സ്വീകരിച്ചിരിക്കുന്നു എന്നാണ്. അവർ വിനയപൂവ്വം മുഖം താഴ്ത്തി രണ്ടു കൈകളും ചെവികളിന്മേൽ വച്ച് ചൂണ്ടുവിരലുകൾ മുകളിലേക്കു നീട്ടിപ്പിടിച്ചുകൊണ്ടു നിൽക്കുന്നു. ഇതിൻെറ അത്ഥം അയാൾ വൈദികൻേറയും മെത്രാൻേറയും മുമ്പിൽ ശുശ്രൂഷക്കായി തയ്യാറായി നിൽക്കുന്നുവെന്നാണ്.

മെത്രാൻ അംശവടി അർക്കദെയാക്കോനെ ഏൽപിക്കുന്നു.

**അർക്കദ്യാക്കോൻ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

മെത്രാൻ ഇടതു കൈ യാചനാ രൂപത്തിൽ നീട്ടിപ്പിടിച്ചുകൊണ്ടും വലതുകൈ പട്ടം സ്വീകരിക്കുന്നവരുടെ ശിരസ്സിൽ വച്ചുകൊണ്ടും (മ്ശമ്ശാനാമാരുടേയും പുരോഹിതന്മാരുടേയും മെത്രാന്മാരുടേയും മെത്രാപ്പോലീത്താമാരുടേയും കൈവയ്പിനുള്ള പ്രാത്ഥന) താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

marggam
Digital Library of Christianity in India
www.marggam.com

മ്ശമ്ശാനാപ്പട്ടം നൽകുന്ന ക്രമം

## ഒന്നിലധികം പേരുള്ളപ്പോൾ

നല്ലവനായ ഞങ്ങളുടെ ദൈവമേ, കാരുണ്യവാനായ ഞങ്ങളുടെ രാജാവേ, കൃപാവാരിധിയും അനുഗ്രഹസമ്പന്നനുമായ ഞങ്ങളുടെ കർത്താവേ, അങ്ങയുടെ അവാച്യമായ നന്മയാൽ തിരുസ്സഭയിൽ ദൈവിക ദാനങ്ങളുടെ മദ്ധ്യസ്ഥനായി അങ്ങ് എന്നെ നിയോഗിച്ചിരിക്കുന്നു. ഇതു് അങ്ങയുടെ വിശുദ്ധ രഹസ്യങ്ങളുടെ ശുശ്രൂഷകർക്ക് ആദ്ധ്യാത്മിക പരികർമ്മത്തിന്റെ കൈവയ്പ് അവിടുത്തെ നാമത്തിൽ ഞാൻ നൽകുന്നതിനു വേണ്ടിയാണല്ലോ. എന്റെ കർത്താവേ, സഭാശുശ്രൂഷയുടെ കൈവയ്പുവഴി ഞങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന ശ്ലൈഹിക പാരമ്പര്യം അനുസരിച്ച് അങ്ങയുടെ ഈ ദാസന്മാരെ തിരുസ്സഭയിൽ തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരായിത്തീരുന്നതിനു വേണ്ടി അവിടുത്തെ മുമ്പിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളെല്ലാവരും ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

പരിശുദ്ധാത്മാവിന്റെ കൃപാവരം ഇറങ്ങിവന്ന് അവിടുത്തെ ഏകജാതന്റെ ദയയാലും അനുഗ്രഹത്താലും ഇവർ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈ ശുശ്രൂഷയുടെ നിർവ്വഹണത്തിനായി ഇവരെ പരിപൂർണ്ണരാക്കട്ടെ. അങ്ങേയ്ക്കും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. (സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും.

## ഒരാൾ മാത്രമുള്ളപ്പോൾ

നല്ലവനായ ഞങ്ങളുടെ ദൈവമേ, കാരുണ്യവാനായ ഞങ്ങളുടെ രാജാവേ, കൃപാവാരിധിയും അനുഗ്രഹസമ്പന്നനുമായ ഞങ്ങളുടെ കർത്താവേ, അങ്ങയുടെ അവാച്യമായ നന്മയാൽ തിരുസ്സഭയിൽ ദൈവിക ദാനങ്ങളുടെ മദ്ധ്യസ്ഥനായി അങ്ങ് എന്നെ നിയോഗിച്ചിരിക്കുന്നു. ഇത് അങ്ങയുടെ വിശുദ്ധ രഹസ്യങ്ങളുടെ ശുശ്രൂഷകർക്ക് ആദ്ധ്യാത്മിക പരികർമ്മത്തിന്റെ കൈവയ്പ് അവിടുത്തെ നാമത്തിൽ ഞാൻ നല്കുന്നതിനു വേണ്ടിയാണല്ലോ. എന്റെ കർത്താവേ, സഭാശുശ്രൂഷയുടെ കൈവയ്പുവഴി ഞങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന ശ്ലൈഹിക പാരമ്പര്യം അനുസരിച്ച് അങ്ങയുടെ ഈ ദാസനെ തിരുസ്സഭയിൽ തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകനായിത്തീരുന്നതിനുവേണ്ടി അവിടുത്തെ മുമ്പിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളെല്ലാവരും ഇയാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

പരിശുദ്ധാത്മാവിന്റെ കൃപാവരം ഇറങ്ങിവന്ന് അവിടുത്തെ ഏകജാതന്റെ ദയയാലും അനുഗ്രഹത്താലും ഇയാൾ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈ ശുശ്രൂഷയുടെ നിർവ്വഹണത്തിനായി ഇയാളെ പരിപൂർണ്ണനാക്കട്ടെ. അങ്ങേയ്ക്കും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. (സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും.

ഇപ്പോഴും എന്നു പറയുമ്പോൾ മെത്രാൻ പട്ടം സ്വീകരിക്കുവാനുള്ളവരുടെ ശിരസ്സിൽ കുരിശടയാളം വരയ്ക്കുന്നു.

**ഉത്തരം:** ആമ്മേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## അർക്കദുയാക്കോൻ:

അത്യുന്നതങ്ങളിലേയ്ക്കു കണ്ണുകളുയർത്തി കാരുണ്യവാനായ ദൈവത്തോടു (പേരു്) എന്നീ ഹെവുപ്പദ്യാക്കനോമാർക്കു വേണ്ടി നിങ്ങളും കരുണ യാചിക്കുവിൻ. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ സഭയ്ക്കു വേണ്ടി വേർതിരിക്കപ്പെട്ടിരിക്കുന്ന ഇവർക്കു് മ്ശമ്ശാനാപ്പട്ടം നൽകപ്പെടുകയും അപ്രകാരം ഇവർ നിയോഗിതരാവുകയും ചെയ്യുന്നു. ഇവർക്കു വേണ്ടി നിങ്ങളും പ്രാർത്ഥിക്കുവിൻ.

## അർക്കദുയാക്കോൻ:

അത്യുന്നതങ്ങളിലേയ്ക്കു കണ്ണുകളുയർത്തി കാരുണ്യവാനായ ദൈവത്തോടു് (പേരു്) ഹെവുപ്പദ്യാക്കനോയ്ക്കു വേണ്ടി നിങ്ങളും കരുണ യാചിക്കുവിൻ. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ സഭയ്ക്കു വേണ്ടി വേർതിരിക്കപ്പെട്ടിരിക്കുന്ന ഇയാറംക്കു് മ്ശമ്ശാനപ്പട്ടം നല്കപ്പെടുകയും അപ്രകാരം ഇയാറം നിയോഗിക്കപ്പെടുകയും ചെയ്യുന്നു. ഇയാറംക്കു വേണ്ടി നിങ്ങളും പ്രാർത്ഥിക്കുവിൻ.

അവരുടെ പേരുകൾ ക്രമപ്രകാരം വായിക്കുന്നു. തുടർന്നു് മെത്രാൻ ഇടത്തുകൈ യാചനാരൂപത്തിൽ നീട്ടിപ്പിടിച്ചുകൊണ്ടും വലത്തുകൈ അവരുടെ തലയിൽ വച്ചുകൊണ്ടും ശമ്മാശന്മാർക്കുവേണ്ടിയുള്ള കൈവയ്പു പ്രാർത്ഥന താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

## ഒന്നിലധികം പേരുള്ളപ്പോൾ

അവിടുത്തെ ഭയപ്പെടുന്നവരോടും പ്രമാണങ്ങളും അനുസരിക്കുന്നവരോടും കൃപാപൂർവ്വം ഉടമ്പടി പാലിക്കുന്ന സത്യവാനും വിശുദ്ധനും സ്തുത്യർഹനുമായ കർത്താവേ, സർവ്വശക്തനായ ദൈവമേ, അങ്ങയുടെ ഏകജാതനായ നമ്മുടെ കർത്താവു് ഈശോമിശിഹായുടെ മനുഷ്യാവതാരം വഴി എല്ലാ മനുഷ്യർക്കും സത്യജ്ഞാനം ദയാപൂർവ്വം നൽകിയവനേ, തിരുസ്സഭയെ തെരഞ്ഞെടുത്തു് അതിൽ വിശുദ്ധരുടെ പൂർണ്ണതയ്ക്കായി പ്രവാചകരേയും ശ്ലീഹന്മാരേയും പുരോഹിതന്മാരേയും വേദപാരംഗതരേയും നിയോഗിച്ചവനേ, അങ്ങയുടെ സ്തുത്യർഹവും പരിശുദ്ധവുമായ രഹസ്യങ്ങളുടെ ശുശ്രൂഷയ്ക്കായി നിർമ്മലരായ ശമ്മാശ്ശന്മാരെ അതിൽ നിയോഗിച്ചവനേ, എസ്തപ്പാനോസിനേയും ഗണത്തേയും തിരഞ്ഞെടുത്തുപോലെ ഇപ്പോഴും അങ്ങയുടെ ഈ ദാസന്മാരേയും പരിശുദ്ധാത്മാ

## ഒരാൾ മാത്രമുള്ളപ്പോൾ

അവിടുത്തെ ഭയപ്പെടുന്നവരോടും പ്രമാണങ്ങളും അനുസരിക്കുന്നവരോടും കൃപാപൂർവ്വം ഉടമ്പടി പാലിക്കുന്ന സത്യവാനും വിശുദ്ധനും സ്തുത്യർഹനുമായ കർത്താവേ, സർവ്വശക്തനായദൈവമേ, അങ്ങയുടെ ഏകജാതനായ നമ്മുടെ കർത്താവു് ഈശോമിശിഹായുടെ മനുഷ്യാവതാരംവഴി എല്ലാ മനുഷ്യർക്കും സത്യജ്ഞാനം ദയാപൂർവ്വം നൽകിയവനേ, തിരുസ്സഭയെ തിരഞ്ഞെടുത്തു്, അതിൽ വിശുദ്ധരുടെ പൂർണ്ണതയ്ക്കായി പ്രവാചകരേയും ശ്ലീഹന്മാരേയും പുരോഹിതന്മാരേയും വേദപാരംഗതരേയും നിയോഗിച്ചവനേ, അങ്ങയുടെ സ്തുത്യർഹവും പരിശുദ്ധവുമായ രഹസ്യങ്ങളുടെ ശുശ്രൂഷയ്ക്കായി നിർമ്മലരായ ശമ്മാശ്ശൻമാരെ അതിൽ നിയോഗിച്ചവനേ, എസ്തപ്പാനോസിനേയും ഗണത്തേയും തിരഞ്ഞെടുത്തുപോലെ ഇപ്പോഴും അങ്ങയുടെ ഈ ദാസനെയും പരിശുദ്ധാത്മാവി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

വിന്റെ വരം കാരുണ്യപൂർവ്വം നല്കി ഉയർത്തണമേ. ഇവർ അങ്ങയുടെ തിരുസ്സഭയിൽ തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരായിത്തീരുകയും ഉത്തമ ഹൃദയത്തോടും നിർമ്മല മനഃസാക്ഷിയോടുംകൂടി അങ്ങയുടെ പാവന ബലിപീഠത്തിൽ ശുശ്രൂഷിക്കുകയും ചെയ്യട്ടെ. ജീവദായകവും ദൈവീകവുമായ അങ്ങയുടെ രഹസ്യങ്ങളുടെ പരികർമ്മത്തിനായി നീതിയുടെ പ്രവൃത്തികളാൽ ഇവർ പ്രശോഭിതരാകട്ടെ. അങ്ങയുടെ മുമ്പാകെ നിർവ്വഹിക്കപ്പെടുന്ന നിർമ്മലവും വിശുദ്ധവുമായ ശുശ്രൂഷയ്ക്കു പകരം ഇവർ പ്രതിഫലത്തിന്റെ ദിവസം അങ്ങയുടെ ഏകജാതന്റെ കൃപയാലും കരുണയാലും അങ്ങിൽനിന്ന് സ്വർഗ്ഗീയ നന്മകൾ സ്വീകരിക്കുവാൻ യോഗ്യരാകട്ടെ. അങ്ങേയ്ക്കും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. (സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും.

ന്റെ വരം കാരുണ്യപൂർവ്വം നൽകി ഉയർത്തണമേ. ഇയാൾ അങ്ങയുടെ തിരുസ്സഭയിൽ തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകനായിത്തീരുകയും ഉത്തമ ഹൃദയത്തോടും നിർമ്മല മനഃസ്സാക്ഷിയോടുംകൂടി അങ്ങയുടെ പാവന ബലിപീഠത്തിൽ ശുശ്രൂഷിക്കുകയും ചെയ്യട്ടെ. ജീവദായകവും ദൈവീകവുമായ അങ്ങയുടെ രഹസ്യങ്ങളുടെ പരികർമ്മത്തിനായി നീതിയുടെ പ്രവൃത്തികളാൽ ഇയാൾ പ്രശോഭിതനാകട്ടെ. അങ്ങയുടെ മുമ്പാകെ നിർവ്വഹിക്കപ്പെടുന്ന നിർമ്മലവും വിശുദ്ധവുമായ ശുശ്രൂഷയ്ക്കു പകരം ഇയാൾ പ്രതിഫലത്തിന്റെ ദിവസം അങ്ങയുടെ ഏകജാതന്റെ കൃപയാലും കരുണയാലും അങ്ങിൽനിന്ന് സ്വർഗ്ഗീയ നന്മകൾ സ്വീകരിക്കുവാൻ യോഗ്യനാകട്ടെ. അങ്ങേയ്ക്കും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. (സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും.

അദ്ദേഹം അവരുടെ ശിരസ്സിൽ റൂശ്മാ ചെയ്യുന്നു. അവർ ഉത്തരം പറയുന്നു.

**ആമ്മേൻ.**

തുടർന്ന് സാഷ്ടാംഗപ്രണാമം ചെയ്ത് എഴുന്നേൽക്കുന്നതിന് അദ്ദേഹം അവരോടു കല്പിക്കുന്നു. അനന്തരം അവരുടെ തോളിൽനിന്നും ഊറാറ എടുത്ത് ഇടത്തെ തോളിൽ ഇട്ടുകൊണ്ടു പറയുന്നു.

ഞങ്ങളുടെ കർത്താവായ ദൈവമേ, നീതിയുടെ പ്രഭയാൽ അങ്ങയുടെ ദാസനെ പ്രശോഭിപ്പിക്കണമേ. വിശുദ്ധിയുടെ നിർമ്മല പ്രവൃത്തികൾ കൊണ്ട് ഇയാളുടെ ആത്മാവിനെ അലങ്കരിക്കുകയും ചെയ്യണമേ.

അർക്കദ്യാക്കോൻ ലേഖനപ്പുസ്തകം മെത്രാന്റെ കയ്യിൽ കൊടുക്കുന്നു. അദ്ദേഹം രേത്ത് പട്ടം സ്വീകരിച്ച ഓരോരുത്തരെക്കൊണ്ടു പിടിപ്പിക്കുകയും ചൂണ്ടുവിരൽ കൊണ്ട് അവരുടെ നെററിയിൽ താഴെനിന്ന് മുകളിലേയ്ക്കും വലത്തുനിന്ന് ഇടത്തേയ്ക്കും കുരിശടയാളം വരയ്ക്കുകയും ചെയ്യുന്നു. തത്സമയം അദ്ദേഹം ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു.

സഭാശുശ്രൂഷയ്ക്കും എസ്തപ്പാനോസിനടുത്ത ലേവായ ധർമ്മ നിർവ്വഹണത്തിനുമായി (പേര്) വേർതിരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും പൂർണ്ണനാക്കപ്പെടുകയും ചെയ്തിരിക്കുന്നു.

**പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ എന്നേക്കും.**

മെത്രാൻ ഓരോരുത്തരുടേയും തലയിൽ ചുംബിക്കുകയും അവരുടെ കൈകളിൽനിന്നും പുസ്തകം വാങ്ങിച്ച് അർക്കദിയാക്കോനെ ഏല്പിക്കുകയും ചെയ്യുന്നു. അനന്തരം അദ്ദേഹം അംശവടി സ്വീകരിച്ച് മദ്ബഹായുടെ തളത്തിൽ കയറി സാഷ്ടാംഗ പ്രണാമം ചെയ്തശേഷം എഴുന്നേല്ക്കുന്നു. പടിഞ്ഞാറോട്ട് തിരിഞ്ഞുകൊണ്ട് അദ്ദേഹം കാനോനാ ആരംഭിക്കുന്നു.

## കാനോനാ

ഹൃദയ പരമാർത്ഥതയോടുകൂടി തന്നെ വിളിച്ച്
അപേക്ഷിക്കുന്നവർക്ക് കർത്താവ് സമീപസ്ഥനാകുന്നു.
തന്നെ ഭയപ്പെടുന്നവരുടെ ആഗ്രഹം അവിടുന്നു സഫലമാക്കുന്നു. (സങ്കീ.144:18)

ആത്മീയ സമ്പത്തിന്റെ താലന്ത് തന്റെ ദാസന്മാർക്കു നൽകിയ മിശിഹായേ, അവിടുത്തെ ദാനം സ്വീകരിച്ച ഈ ആരാധകർക്കു അങ്ങയുടെ സഹായം അരുളണമേ.

ഹൃദയ പരമാർത്ഥതയോടുകൂടി തന്നെ വിളിച്ച്
അപേക്ഷിക്കുന്നവർക്കു കർത്താവ് സമീപസ്ഥനാകുന്നു.

തന്നെ ഭയപ്പെടുന്നവരുടെ ആഗ്രഹം അവിടുന്നു സഫലമാക്കുന്നു.
അവിടുന്ന് അവരുടെ അപേക്ഷകേട്ട് അവരെ രക്ഷിക്കുന്നു

തന്നെ ഭയപ്പെടുന്നവരെ കർത്താവ് പരിപാലിക്കുന്നു.
എന്നാൽ അവൻ സകല ദുഷ്ടന്മാരേയും നശിപ്പിക്കുന്നു.

എന്റെ അധരം കർത്താവിനു സ്തുതികൾ പാടും.
എല്ലാ ജീവജാലങ്ങളും അവിടുത്തെ വിശുദ്ധ
നാമത്തെ എന്നേക്കും പ്രകീർത്തിക്കും.

ആത്മീയ സമ്പത്തിന്റെ താലന്ത് തന്റെ ദാസന്മാർക്കു നല്കിയ മിശിഹായേ,
അവിടുത്തെ ദാനം സ്വീകരിച്ച ഈ ആരാധകർക്കു സഹായം അരുളണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ഞങ്ങളുടെ രക്ഷകനായ മിശിഹായേ, ഞങ്ങൾ പ്രാപിക്കുന്ന അഭിവൃദ്ധി ഞങ്ങളുടെ കരങ്ങൾ വഴിയല്ല, പ്രത്യുത അവിടുത്തെ ശക്തിയും ജ്ഞാനവും ഞങ്ങളുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതു നിമിത്തമാകുന്നു.

www.marggam.com
marggam Digital Library of Christianity in India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഹൃദയ പരമാർത്ഥതയോടുകൂടി തന്നെ വിളിച്ച്
അപേക്ഷിക്കുന്നവർക്ക് കർത്താവ് സമീപസ്ഥനാകുന്നു.
തന്നെ ഭയപ്പെടുന്നവരുടെ ആഗ്രഹം അവിടുന്നു സഫലമാക്കുന്നു.

ഞങ്ങളുടെ കർത്താവേ, ഞങ്ങൾ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു. അങ്ങയുടെ നിക്ഷേപത്തിൽനിന്ന് ഞങ്ങൾ കൃപയും കാരുണ്യവും യാചിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങു കാരുണ്യവാനും കൃപാപൂർണ്ണനും പാപവിമോചകനുമാണെന്ന് ഞങ്ങൾ അറിയുന്നു.

ഈ കാനോനാ ചൊല്ലുന്ന സമയത്ത് അർക്കദിയാക്കോൻ ശമ്മാശ്ശന്മാരെ ബലിപീഠത്തിനു ചുററും വലത്തു നിന്നു് ഇടത്തേക്കു നയിക്കുന്നു. അവർ ബലിപീഠത്തിൻെറ വലതുവശത്തും ഇടതുവശത്തും വണങ്ങുന്നു. തുടർന്നു് മെത്രാൻെറ മുമ്പിൽ വന്ദിച്ച് അദ്ദേഹത്തിൻെറ കൈ മുത്തുകയും ചെയ്യുന്നു അപ്പോൾ അദ്ദേഹം ഓരോരുത്തരേയും ആശിർവ്വദിച്ചുകൊണ്ടു ചൊല്ലുന്നു.

തൻെറ ശുശ്രൂഷയ്ക്കായി നിന്നെ സ്വീകരിച്ച മിശിഹാ നീതിയുടെ പ്രവൃത്തിക്കായി നിന്നെ എന്നേക്കും പരിപൂർണ്ണനാക്കട്ടെ.

അനന്തരം മദ്ബഹായിൽ നിരയായി നിൽക്കുന്നവരെ പട്ടം സ്വീകരിച്ചവർ ക്രമത്തിൽ ഇടതുവശം മുതൽ വന്ദിക്കുവാൻ ആരംഭിച്ച് വലതുവശത്തു് അവസാനിപ്പിക്കുന്നു. അവർ പട്ടം സ്വീകരിച്ചവരുടെ ശിരസ്സിൽ ചുംബിച്ച് അവരെ അനുഗ്രഹിക്കുന്നു.

തുടന്നു് കർബാനയുണ്ടെങ്കിൽ കാനോനാ കഴിയുമ്പോൾ മെത്രാൻ ''ക്ദം ത്രോണസ്'' എന്ന പ്രാർത്ഥന ചൊല്ലിയ ശേഷം അഴിക്കാലുകളിലെ ഗീതം ആരംഭിക്കുന്നു. അപ്പോൾ എല്ലാവരും കരിശ്ശ്, ധൂപകലശം, കത്തിച്ച തിരിക്കാലുകൾ ഇവയോടുകൂടി ഹൈക്കലായിലേക്കു പോകുന്നു.

കർബ്ബാന ചൊല്ലുന്നില്ലെങ്കിൽ ''സ്വർഗ്ഗസ്ഥനായ പിതാവേ'' എന്ന ജപം ചൊല്ലുന്നു. തുടർന്നു മെത്രാൻ പ്രാർത്ഥിക്കുന്നു.

സ്വർഗ്ഗവാസികളിൽനിന്നു സ്തുതിയും ഭൂവാസികളിൽനിന്നു സ്തോത്രവും സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല സൃഷ്ടികളിൽനിന്നു ആരാധനയും പുകഴ്ചയും അങ്ങയ്ക്കുണ്ടായിരിക്കട്ടെ. ഞങ്ങളുടെ ജീവൻെറ കാരണവും ആത്മാക്കളുടെ നല്ല ശരണവുമായ ദൈവമേ, ദാനങ്ങളാൽ ഞങ്ങളുടെ വംശത്തെ സമ്പന്നനാക്കുന്നവനേ, നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**തുടർന്ന്:** ഞങ്ങളുടെ ജീവിതകാലം മുഴുവനും നിഷ്ക്കളങ്കമായും വിശുദ്ധമായും അങ്ങയുടെ മുമ്പാകെ ശുശ്രൂഷ ചെയ്യുന്നതിനായി ഞങ്ങളുടെ ആത്മാക്കളെ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പവിത്രീകരിക്കുകയും ബലഹീനരായ ഞങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

## സഹായ പ്രാർത്ഥന:

കർത്താവേ, ഭാഗ്യവതിയായ മറിയത്തിന്റെ പ്രാർത്ഥനയാലും സകല വിശുദ്ധരുടെ മദ്ധ്യസ്ഥതയാലും എല്ലാ സഹായങ്ങളും നന്മകളും നിറഞ്ഞ അങ്ങയുടെ വിശുദ്ധ ഭവനത്തിൽനിന്ന് കാരുണ്യവും കൃപയും മഹത്വമേറിയ ത്രിത്വത്തിന്റെ നിഗൂഢവും സ്തുത്യർഹവുമായ ശക്തിയും അനുഗ്രഹവും അങ്ങയുടെ ബലഹീനരായ ഈ എളിയ ആരാധകർക്ക് തുണയിട്ട് അയയ്ക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ; കർത്താവേ, അനുഗ്രഹിക്കണമേ.

### മറിയത്തിന്റെ

ദൈവമാതാവും കൃപാപൂർണ്ണയും ഭാഗ്യവതിയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രാർത്ഥനയും വിജയ ശ്രീലാളിതമായ വിശുദ്ധ കുരിശിന്റെ വലിയ ശക്തിയും ദൈവിക സഹായവും യോഹന്നാൻ മാംദാനയുടെ അപേക്ഷയും എപ്പോഴും നമ്മോടുകൂടി ഉണ്ടായിരിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

### ശ്ലീഹൻമാരുടെ

കർത്താവേ, വിശുദ്ധ ശ്ലീഹന്മാരുടെ പ്രാർത്ഥനയും സുവിശേഷകരുടെ അപേക്ഷയും സത്യത്തിന്റെ പ്രഘോഷകരും നീതിയുടെ പ്രവാചകരും ലോകത്തിൽ സമാധാനം സ്ഥാപിച്ചവരുമായ വിശ്രുത യോദ്ധാക്കളുടെ യാചനയും സദാ നമ്മോടുകൂടി ഉണ്ടായിരിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

### നമ്മുടെ പിതാവിന്റെ

കീർത്തനീയനും വിശുദ്ധനും ഭാഗ്യവാനുമായ നമ്മുടെ പിതാവ് മാർ തോമ്മാശ്ലീഹായുടേയും പൗരസ്ത്യ ഗുരുക്കന്മാരായ മാർ അദ്ദായിയുടേയും മാർ മാറിയുടേയും മാർ യാക്കോബിന്റേയും മാർ എഫ്രേമിന്റെയും പ്രഥമ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വേദസാക്ഷിയായ മാർ എസ്തപ്പാനോസിന്റേയും കർത്താവിന്റെ സകല വേദസാക്ഷികളുടേയും വിശുദ്ധരുടേയും പ്രാർത്ഥനകളും യാചനകളും സകല ദുഷ്ടശക്തികളിൽനിന്ന് നമ്മുടെ ആത്മശരീരങ്ങളെ നിരന്തരം സംരക്ഷിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

## സമാപന പ്രാർത്ഥന

### ഒന്നിലധികം പേരുള്ളപ്പോൾ

അഗ്നിയും അരൂപിയും സേവകരായിട്ടുള്ള ആരാധ്യനും സ്തുത്യർഹനുമായ കർത്താവേ, എസ്തപ്പാനോസിനേയും ഗണത്തേയും പോലെ അങ്ങയുടെ ഈ ദാസന്മാരേയും അവാച്യമായ കൃപയാലും അപരിമേയമായ കാരുണ്യത്താലും അങ്ങു വേർതിരിക്കുകയും ആത്മപ്രശംസ കൂടാതെ പരിപൂർണ്ണ എളിമയോടുകൂടി അങ്ങയുടെ തിരുമനസ്സിനെ ശുശ്രൂഷിക്കുന്നതിനായി ഇവരെ നയിക്കുകയും ചെയ്യണമേ. ഇവർ തങ്ങളുടെ ജീവിതകാലം മുഴുവൻ കർത്താവായ അങ്ങയെ പ്രീതിപ്പെടുത്തട്ടെ. ഇപ്പോഴും + എപ്പോഴും എന്നേയ്ക്കും.

ഉത്തരം: ആമ്മേൻ.

### ഒരാൾ മാത്രമുള്ളപ്പോൾ

അഗ്നിയും അരൂപിയും സേവകരായിട്ടുള്ള ആരാധ്യനും സ്തുത്യർഹനുമായ കർത്താവേ, എസ്തപ്പാനോസിനേയും ഗണത്തേയുംപോലെ അങ്ങയുടെ ഈ ദാസനെയും അവാച്യമായ കൃപയാലും അപരിമേയമായ കാരുണ്യത്താലും അങ്ങു വേർതിരിക്കുകയും ആത്മപ്രശംസ കൂടാതെ പരിപൂർണ്ണമായ എളിമയോടുകൂടി അങ്ങയുടെ തിരുമനസ്സിനെ ശുശ്രൂഷിക്കുന്നതിനായി ഇയാളെ നയിക്കുകയും ചെയ്യണമേ. തന്റെ ജീവിതകാലം മുഴുവൻ ഇയാൾ കർത്താവായ അങ്ങയെ പ്രീതിപ്പെടുത്തട്ടെ. ഇപ്പോഴും + എപ്പോഴും എന്നേയ്ക്കും.

ഉത്തരം: ആമ്മേൻ.

**മ്ശമ്ശാനാപ്പട്ടം കൊടുക്കുന്ന ക്രമം സമാപിച്ചു.**

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# പുരോഹിത പട്ടം കൊടുക്കുന്ന ക്രമം

മെത്രാൻ പട്ടം സ്വീകരിക്കുവാനുള്ളവരുടെ തലമുടി വെട്ടുന്നു. ശമ്മാശൻ അംശ വസ്ത്രങ്ങൾ അണിഞ്ഞ് തോളിൽ ഊറാറയും ധരിച്ച് മദ്ബഹായുടെ മദ്ധ്യത്തിൽ പ്രവേശിച്ച് അവിടെ യഥാസ്ഥാനത്തു നിൽക്കുന്നു. എല്ലാവരുംകൂടി ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' ചൊല്ലുന്നു.

## മെത്രാൻ പ്രാർത്ഥിക്കുന്നു

### ഒന്നിലധികം പേരുള്ളപ്പോൾ

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ അപരിമേയമായ കാരുണ്യത്താൽ ബലഹീനരായ ഞങ്ങളെ ശക്തിപ്പെടുത്തണമേ. അധഃപതിച്ച ഞങ്ങളെ അങ്ങയുടെ അളവററ സഹായത്താൽ ഉദ്ധരിക്കണമേ. അങ്ങയുടെ ആത്മീയ ദാന രഹസ്യങ്ങളെ പരികർമ്മം ചെയ്യുന്നതിനും പൂർണ്ണമാക്കുന്നതിനും വേണ്ടി അണയുന്നതിന് അങ്ങയുടെ അനന്തമായ കാരുണ്യാനുഗ്രഹത്താൽ ഞങ്ങളെ യോഗ്യരാക്കണമേ. നിർമ്മല ഹൃദയത്തോടും അവികല മനഃസ്സാക്ഷിയോടുംകൂടി നീതിപൂർണ്ണമായ പ്രവൃത്തികൾ വഴി അവ പൂർണ്ണമാക്കുന്നതിന് ഞങ്ങൾക്കു വരം നല്കുകയും ചെയ്യണമേ. തന്റെ ദാസന്മാരെ അനുഗ്രഹദാനങ്ങളാൽ സമ്പന്നരാക്കുന്നവനും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

### ഒരാൾ മാത്രമുള്ളപ്പോൾ

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ശക്തി അങ്ങു കാരുണ്യപൂർവ്വം ഞങ്ങളെ ഭരമേല്പിച്ചിരിക്കുന്ന പൗരോഹിത്യ പ്രദായകമായ ഈ ആത്മീയ ശുശ്രൂഷ ഞങ്ങളുടെ ദുർബ്ബല കരങ്ങൾ വഴി നിർവ്വഹിക്കുകയും നിസ്സാരരായ ഞങ്ങൾ വഴി പൂർത്തിയാക്കുകയും ചെയ്യട്ടെ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

## കാനോനാ

മെത്രാൻ ആരംഭിക്കുന്നു.

സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം
എത്ര സ്നേഹയോഗ്യമാകുന്നു.
എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിലെത്താൻ
അതിയായി ആഗ്രഹിച്ചു. (സങ്കീ: 84:1-12

അല്ലയോ പുരോഹിതാ, അങ്ങു ഭരമേററ സ്ഥാനം എത്ര സമുന്നതമാകുന്നു. അഗ്നിമയന്മാരും അരൂപികളുമായ ശുശ്രൂഷകന്മാർപോലും അതിനെ ഭയപ്പെടുന്നു. ഗബ്രിയേൽ സ്തുത്യർഹനാകുന്നു. മീഖായേൽ വലിയവനും,

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അവരുടെ നാമംതന്നെ ഇതിനു തെളിവാകുന്നു. പക്ഷേ പൗരോഹിത്യവുമായി
അവരെ താരതമ്യപ്പെടുത്തുമ്പോൾ അവർ എത്രയോ നിസ്സാരരാകുന്നു.

സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം
എത്ര സ്നേഹയോഗ്യമാകുന്നു.

എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിലെത്താൻ
അതിയായി ആഗ്രഹിച്ചു

എന്റെ ഹൃദയമേ, എന്റെ ശരീരമേ, സജീവനായ ദൈവത്തെ സ്തുതിക്കുക.

കുരുകിൽ പക്ഷി അതിന് സങ്കേതവും മീവൽ പക്ഷി കൂടും കണ്ടെത്തി.

ശക്തനായ കർത്താവേ, അങ്ങയുടെ ബലിപീഠത്തിനു
സമീപം അവ തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തി.

എന്റെ രാജാവായ ദൈവമേ, എന്നേക്കും അങ്ങയെ സ്തുതിച്ചുകൊണ്ട്
അവിടുത്തെ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു.

അങ്ങയുടെ സഹായം ലഭിക്കുന്നവനും അങ്ങയുടെ
മാർഗ്ഗത്തിൽ ചരിക്കുന്നവനും ഭാഗ്യവാനാകുന്നു.

വിലാപത്തിന്റെ താഴ്വരയിലൂടെ അവർ നടന്നു.
അവർ അതിനെ വാസസ്ഥലമാക്കുകയും ചെയ്തു.
എന്നാൽ നിയമദാതാവ് അനുഗ്രഹം ധരിക്കും

അവർ ഉത്തരോത്തരം ശക്തിയാർജ്ജിക്കും.
അവർ ദേവന്മാരുടെ ദൈവത്തെ സെഹിയോനിൽ ദർശിക്കും.

സൈന്യങ്ങളുടെ ദൈവമായ കർത്താവേ,
എന്റെ പ്രാർത്ഥന കേൾക്കണമേ.
യാക്കോബിന്റെ ദൈവമേ, ശ്രവിക്കണമേ.

ഞങ്ങളുടെ തുണയായ ദൈവമേ,
അങ്ങയുടെ അഭിഷിക്തനെ കടാക്ഷിക്കണമേ.

അന്യസ്ഥലത്ത് ആയിരം ദിവസങ്ങളേക്കാൾ അങ്ങയുടെ
അങ്കണത്തിൽഒരു ദിവസം ആയിരിക്കുന്നത് അഭികാമ്യമാകുന്നു.

ദുഷ്ടന്മാരുടെ കൂടാരത്തിൽ എന്നതിനേക്കാൾ
ദൈവഭവനത്തിൽ വസിക്കുവാൻ ഞാൻ ഇഷ്ടപ്പെട്ടു.

എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ പരിപാലകനും
രക്ഷയും തുണയും കർത്താവായ ദൈവമാകുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അവിടുന്ന് കൃപയും മഹത്വവും പ്രദാനം ചെയ്യും.
പരമാർത്ഥതയോടുകൂടി വ്യാപരിക്കുന്നവർക്ക്
ഒരു നന്മയും അവിടുന്നു നിഷേധിക്കുകയില്ല.

സൈന്യങ്ങളുടെ കർത്താവായ ദൈവമേ, അങ്ങിൽ
ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാനാകുന്നു.

അല്ലയോ പുരോഹിതാ, അങ്ങു ഭരമേററ സ്ഥാനം എത്ര സമുന്നതമാകുന്നു. എന്തുകൊണ്ടെന്നാൽ അഗ്നിമയന്മാരും അരൂപികളുമായ ശുശ്രൂഷകന്മാർ പോലും അതിനെ ഭയപ്പെടുന്നു. ഗബ്രിയേൽ സ്തുത്യർഹനാകുന്നു. മിഖായേൽ വലിയവനും. അവരുടെ നാമംതന്നെ ഇതിനു തെളിവാകുന്നു. പക്ഷേ പൗരോഹിത്യവുമായി അവരെ താരതമ്മ്യപ്പെടുത്തുമ്പോഴും അവർ എത്രയോ നിസ്സാരരാകുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേക്കും ആമ്മേൻ.

സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര സ്നേഹയോഗ്യമാകുന്നു. എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിലെത്താൻ അതിയായി ആഗ്രഹിച്ചു. വരുവിൻ, ഉറയററവർക്കു അരൂപിയുടെ ശക്തിയാൽ അതു വീണ്ടും നൽകുന്ന ഭൂമിയുടെ ഉപ്പായ പൗരോഹിത്യത്തെ നമുക്കു സമീപിക്കാം.

**അർക്കദ്യാക്കോൻ:** സമാധാനം നമ്മോടുകൂടെ.

## മെത്രാൻ പ്രാർത്ഥിക്കുന്നു

### ഒന്നിലധികം പേരുള്ളപ്പോൾ

പുതിയതും പഴയതും എന്ന കാലവ്യത്യാസമില്ലാതെ നീതിമാന്മാരെ അങ്ങ് അണിയിച്ച പൗരോഹിത്യ വസ്ത്രം അവിടുത്തെ ദൈവീക സിംഹാസനത്തിന്റെ മുമ്പിൽ കൈ നീട്ടി നില്ക്കുന്ന ഈ ആരാധകരേയും ധരിപ്പിക്കണമേ. നിർമ്മല ഹൃദയത്തോടുകൂടി അങ്ങേയ്ക്കു സദാ സമാധാന ബലിയർപ്പിക്കുന്നതിന് ഇവരെ ശക്തരാക്കണമേ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

### ഒരാൾ മാത്രമുള്ളപ്പോൾ

വിശുദ്ധിയുടെ മഹാ പുരോഹിതനായ മിശിഹായേ, അങ്ങയുടെ പ്രത്യക്ഷീകരണത്തോടുകൂടി മാതൃകകളും പ്രതീകങ്ങളും തിരോഭവിച്ചു. രഹസ്യത്തേയും സാദൃശ്യങ്ങളേയും പരികർമ്മം ചെയ്തിരുന്ന അഹറോന്റെ ഗോത്രത്തിന്റെ പൗരോഹിത്യം അവസാനിക്കുകയും പാപങ്ങളും കടങ്ങളും പൊറുക്കുന്ന അങ്ങയുടെ ആദ്ധ്യാത്മിക പൗരോഹിത്യം ആരംഭിക്കുകയും ചെയ്തു. സകലത്തിന്റെയും നാഥനായ കർത്താവേ, നെടുവീർപ്പോടുകൂടി അങ്ങയോടു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ ദാസൻെറമേൽ കാരുണ്യവും അനുഗ്രഹങ്ങളും ചൊരിയണമേ. പൗരോഹിത്യത്തിൻെറ ദാനങ്ങൾ കൊണ്ട് ഇയാളെ അലങ്കരിക്കണമേ. അവിടത്തെ വിശുദ്ധ ബലിപീഠത്തിൽ ഇയാൾ സന്തോഷത്തോടും ആനന്ദത്തോടുംകൂടി അങ്ങയെ പ്രകീർത്തിക്കുകയും അങ്ങയുടെ നാമത്തിന് സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യട്ടെ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

ഉത്തരം: ആമ്മേൻ.

മെത്രാൻ ധൂപം വാഴ്ത്തിയശേഷം താഴെക്കൊടുത്തിരിക്കുന്ന ഓനീസാ ആരംഭിക്കുന്നു.

### ഒന്നിലധികം പേരുള്ളപ്പോൾ

അങ്ങയുടെ പുരോഹിതന്മാർ നീതിയും നീതിമാന്മാർ മഹത്വവും ധരിക്കും.

വിശുദ്ധരായ പുരോഹിതരേ, എല്ലാ പാപക്കറകളിൽനിന്നും നിങ്ങളുടെ മനസ്സാക്ഷികളെ കഴുകി വെടിപ്പാക്കുവിൻ.

നിങ്ങൾ പാപം ചെയ്യാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ.

വിശുദ്ധ പുരോഹിതരേ, എല്ലാ തിന്മക്കറകളിൽനിന്നും നിങ്ങളുടെ മനഃസാക്ഷികളെ കഴുകി വെടിപ്പാക്കുവിൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മേൻ.

മാലാഖമാരുടെ പദവിക്കു യോഗ്യരാക്കപ്പെട്ട പുരോഹിതന്മാരേ,

### ഒരാൾ മാത്രമുള്ളപ്പോൾ

ശുദ്ധിയുള്ള കരങ്ങളും വെടിപ്പുള്ള ഹൃദയവുമുള്ളവൻ.

വൈദികൻ വിശുദ്ധ ബലിപീഠത്തിൽ പ്രവേശിക്കുമ്പോൾ തൻെറ നിർമ്മല കരങ്ങൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തി ഉന്നതങ്ങളിൽ നിന്നിറങ്ങിവന്നു മിശിഹായുടെ ശരീരരക്തങ്ങളെ പവിത്രീകരിക്കുന്ന പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കുന്നു.

എന്തുകൊണ്ടെന്നാൽ കർത്താവ് അവൻെറ കൈ പിടിച്ചിരിക്കുന്നു.

വൈദികൻ വിശുദ്ധ ബലിപീഠത്തിൽ പ്രവേശിക്കുമ്പോൾ തൻെറ നിർമ്മല കരങ്ങൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തി ഉന്നതങ്ങളിൽനിന്നിറങ്ങിവന്നു മിശിഹായുടെ ശരീരരക്തങ്ങളെ പവിത്രീകരിക്കുന്ന പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തിന്മ ചെയ്യാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മേൻ

പുരോഹിതൻ റൂഹായെ രഹസ്യത്തിൽ വിളിക്കുന്നു. അവിടുന്ന് ഉന്നതത്തിൽനിന്നിറങ്ങി അവന്റെ ഹിതം നിറവേററിക്കൊണ്ട് മിശിഹായുടെ ശരീരരക്തങ്ങളെ പവിത്രീകരിക്കുന്നു. ജനം അതു സ്വീകരിച്ച് അതുമൂലം നിത്യം ജീവിക്കും.

**അർക്കദിയാക്കോൻ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

## മെത്രാൻ പ്രാർത്ഥിക്കുന്നു.

### ഒന്നിലധികം പേരുള്ളപ്പോൾ

കർത്താവേ, അങ്ങയുടെ ഈ ദാസന്മാരെ വിശുദ്ധിയുടെ തൈലം കൊണ്ട് അഭിഷേകം ചെയ്യണമേ. അങ്ങയുടെ കരം ഇവർക്കു സഹായമായിരിക്കട്ടെ. അങ്ങയുടെ തിരുസ്സഭയിൽ പുരോഹിത ധർമ്മം നിർവ്വഹിക്കുന്നതിനും അങ്ങയുടെ ആരാധകരുടെ ആത്മാക്കളെ ഉദ്ധരിക്കുന്നതിനുമായി അങ്ങയുടെ വിശുദ്ധീകരരഹസ്യങ്ങളുടെ ശുശ്രൂഷ പൂർത്തിയാക്കുന്നതിനുവേണ്ടി അവിടുത്തെ കരങ്ങൾ ഇവരെ ശക്തിപ്പെടുത്തട്ടെ ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ !

**ഉത്തരം:** ആമ്മേൻ.

### ഒരാൾ മാത്രമുള്ളപ്പോൾ

അരൂപികളായ മാലാഖമാരുടെ ഗണങ്ങളാൽ അത്യധികം പ്രകീർത്തിക്കപ്പെടുന്നവനും ക്രോവേന്മാരാലും സ്രാപ്പേന്മാരാലും നിരന്തരം സ്തുതിക്കപ്പെടുന്നവനുമായ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു കർത്താവേ, അങ്ങയുടെ ദാസനായ ഇയാൾ അത്യധികം കാംക്ഷിക്കുന്ന പൗരോഹിത്യ പദവി ഇയാൾക്കു പ്രദാനം ചെയ്യണമേ. തന്റെ പ്രബോധനം വഴി വിശ്വാസികളുടെയിടയിൽ ഇയാൾ അങ്ങയുടെ സത്യത്തെ മഹത്വപ്പെടുത്തട്ടെ. വിശുദ്ധരായ വൈദികരുടെ ഗണത്തിൽ ഇയാൾ ഉത്സാഹിയായി എണ്ണപ്പെടട്ടെ. സ്വർഗ്ഗീയ സൗഭാഗ്യങ്ങളാൽ അലംകൃതനായി ഇയാൾ നിത്യം ആനന്ദിക്കുകയും ചെയ്യട്ടെ. ആത്മീയവരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ !

## കാനോനാ

### ഒന്നിലധികം പേരുള്ളപ്പോൾ

കർത്താവേ, അവർ അങ്ങയുടെ മുഖത്തിന്റെ പ്രകാശത്തിൽ നടക്കും. അവർ നിത്യം അങ്ങയുടെ നാമത്തിൽ ആനന്ദിക്കും. (89:15)

### ഒരാൾ മാത്രമുള്ളപ്പോൾ

അവന്റെ അഭിലാഷം അങ്ങു സാധിച്ചുകൊടുത്തു അവന്റെ അപേക്ഷ അങ്ങു നിരസിച്ചില്ല. (സങ്കീ. 1:2)

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ശ്രുഷ്ടാവും സൃഷ്ടിയുമായ രാജാവേ, (മൽക്കാ അവീദാ ഉ ആവോദാ) ഏക കർത്താവും ഏക പുത്രനുമായ അങ്ങ് ദിവ്യ രഹസ്യങ്ങളുടെ പവിത്രീകരണത്തിനും മാമ്മോദീസായുടെ പരികർമ്മത്തിനുമായി ഈ ദാസന്മാരെ നിയോഗിക്കണമേ. അങ്ങയുടെ ആരാധ്യമായ പരിപാലനയാൽ ഇവരെ ശക്തിപ്പെടുത്തണമേ. ഇവർ വിനയപൂർവ്വം ഏക മനസ്സോടെ പരസ്യമായും രഹസ്യമായും നിയമത്തിൽ കൽപിക്കപ്പെട്ടിരിക്കുന്നതുപോലെ അവിടുത്തെ ശുശ്രൂഷ നിർവ്വഹിക്കട്ടെ. ഇഹത്തിലും പരത്തിലും സുകൃതാലംകൃതരായി ഇവർ കാണപ്പെടുകയും ചെയ്യട്ടെ.

കർത്താവേ, അവർ അങ്ങയുടെ മുഖത്തിന്റെ പ്രകാശത്തിൽ നടക്കും. അവർ നിത്യം അവിടുത്തെ നാമത്തിൽ ആനന്ദിക്കും. അങ്ങയുടെ നീതിയിൽ ഉയർത്തപ്പെടുകയും ചെയ്യും.

എന്തുകൊണ്ടെന്നാൽ അവരുടെ ശക്തിയും മഹത്വവും അവിടുന്നാകുന്നു.

അങ്ങയുടെ പ്രസാദംകൊണ്ട് ഞങ്ങളുടെ കാഹളം ഉയരും.

കാരണം കർത്താവാണ് ഞങ്ങളുടെ ആശ്രയം. ഇസ്രായേലിന്റെ പരിശുദ്ധൻ ഞങ്ങളുടെ രാജാവും.

ദർശനത്തിൽ അവിടുന്നു തന്റെ വിശ്വസ്തരോട് അരുളിച്ചെയ്തു.

ഒരു മനുഷ്യന് ഞാൻ സഹായമരുളി ഒരുവനെ ഞാൻ ജനത്തിൽ നിന്ന് തെരഞ്ഞെടുത്തുയർത്തി.

ഞാൻ എന്റെ ദാസനായ ദാവീദിനെ കണ്ടെത്തി. വിശുദ്ധ തൈലം കൊണ്ട് ഞാൻ അവനെ അഭിഷേകം ചെയ്തു.

എന്റെ കൈ അവനെ സഹാ

ശ്രുഷ്ടാവും സൃഷ്ടിയുമായ രാജാവേ, (മൽക്കാ അവീദാ ഉ ആവോദാ) ഏക കർത്താവും ഏക പുത്രനുമായ അങ്ങ് ദിവ്യരഹസ്യങ്ങളുടെ പവിത്രീകരണത്തിനും മാമ്മോദീസായുടെ പരികർമ്മത്തിനുമായി ഈ ദാസനെ നിയോഗിക്കണമേ. അങ്ങയുടെ ആരാധ്യമായ പരിപാലനയാൽ ഇയാളെ ശക്തിപ്പെടുത്തണമേ. ഇയാൾ വിനയപൂർവ്വം ഏക മനസ്സോടെ പരസ്യമായും രഹസ്യമായും നിയമത്തിൽ കൽപിക്കപ്പെട്ടിരിക്കുന്നതുപോലെ അവിടുത്തെ ശുശ്രൂഷ നിർവ്വഹിക്കട്ടെ. ഇഹത്തിലും പരത്തിലും സുകൃതാലംകൃതനായി ഇയാൾ കാണപ്പെടുകയും ചെയ്യട്ടെ

അവന്റെ അഭിലാഷം അങ്ങ് സാധിച്ചുകൊടുത്തു. അവന്റെ അപേക്ഷ അങ്ങു നിരസിച്ചില്ല.

എന്തുകൊണ്ടെന്നാൽ സമൃദ്ധമായ അനുഗ്രഹങ്ങളുമായി അവിടുന്ന് അവനെ സന്ദർശിച്ചു. മഹിമയുടെ കിരീടം അവന്റെ ശിരസ്സിൽ അണിയിക്കുകയും ചെയ്തു.

അവൻ ആയുസ്സ് യാചിച്ചു. അങ്ങ് ദിവസങ്ങളുടെ ദീർഘത എന്നേക്കും അവനു നൽകി.

അങ്ങയുടെ സഹായത്താൽ അവന്റെ മഹത്വം വർദ്ധിച്ചു. അങ്ങ് അവനിൽ തേജസ്സും പ്രതാപവും ചൊരിഞ്ഞു.

അങ്ങുന്ന് അവനെ അനുഗ്രഹിച്ച് എന്നേക്കും പരിപൂർണ്ണനാക്കി. അങ്ങയുടെ മുഖപ്രസാദത്താൽ അവനെ ആനന്ദിപ്പിച്ചു.

രാജാവ് കർത്താവിൽ ആശ്രയിച്ചതുകൊണ്ട് അത്യുന്നതന്റെ കാരുണ്യത്താൽ അവൻ നിർഭയനായിരിക്കും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യിക്കുകയും എന്റെ ഭുജം അവനെ ശക്തിപ്പെടുത്തുകയും ചെയ്യും.

സ്രഷ്ടാവും സൃഷ്ടിയുമായ രാജാവേ, ഏക കർത്താവും ഏക പുത്രനുമായ അങ്ങ് ദിവ്യരഹസ്യങ്ങളുടെ പവിത്രീകരണത്തിനും മാമ്മോദീസായുടെ പരികർമ്മത്തിനുമായി ഈ ദാസന്മാരെ നിയോഗിക്കണമേ. അങ്ങയുടെ ആരാധ്യമായ പരിപാലനയാൽ ഇവരെ ശക്തിപ്പെടുത്തണമേ. ഇവർ വിനയപൂർവ്വം ഏകമനസ്സോടെ പരസ്യമായും രഹസ്യമായും നിയമത്തിൽ കൽപിക്കപ്പെട്ടിരിക്കുന്നതുപോലെ അവിടുത്തെ ശുശ്രൂഷ നിർവ്വഹിക്കട്ടെ. ഇഹത്തിലും പരത്തിലും സുകൃതാലംകൃതരായി ഇവർ കാണപ്പെടുകയും ചെയ്യട്ടെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

നിത്യ പുരോഹിതനായ മിശിഹായേ, അങ്ങയുടെ ദാസന്മാരെ സഹായിക്കുകയും അവരെ മഹത്വവും തേജസ്സും ധരിപ്പിക്കുകയും ചെയ്യണമേ. അവിടുന്നു പ്രസാദിക്കും വിധം ഇവർ പൗരോഹിത്യ ശുശ്രൂഷ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കട്ടെ. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ആദായകരമായ വ്യാപാരം ചെയ്യാമെന്ന പ്രത്യാശയോടുകൂടി സ്വീകരിച്ച കക്രാകരം വർദ്ധിപ്പിച്ച് ഇവർ അങ്ങയുടെ മുൻപിൽ സമർപ്പിക്കട്ടെ. ''നിത്യമായ സന്തോഷത്തിലേയ്ക്കു പ്രവേശിക്കുവിൻ'' എന്ന പ്രത്യാശാനിർഭരമായ സ്വരം കേൾക്കുവാൻ ഇവർ അർഹരാകുകയും ചെയ്യട്ടെ.

കർത്താവേ, അവർ അങ്ങയുടെ മുഖത്തിന്റെ പ്രകാശത്തിൽ നടക്കും. അവർ നിത്യം അങ്ങയുടെ നാമത്തിൽ ആനന്ദിക്കും.

സ്രഷ്ടാവും സൃഷ്ടിയുമായ രാജാവേ, ഏക കർത്താവും ഏക പുത്രനുമായ അങ്ങ് ദിവ്യരഹസ്യങ്ങളുടെ പവിത്രീകരണത്തിനും മാമ്മോദീസായുടെ പരികർമ്മത്തിനുമായി ഈ ദാസനെ നിയോഗിക്കണമേ. അങ്ങയുടെ ആരാധ്യമായ പരിപാലനയാൽ ഇയാളെ ശക്തിപ്പെടുത്തണമേ. ഇയാൾ വിനയപൂർവ്വം ഏകമനസ്സോടെ പരസ്യമായും രഹസ്യമായും നിയമത്തിൽ കല്പിക്കപ്പെട്ടിരിക്കുന്നതുപോലെ അവിടുത്തെ ശുശ്രൂഷ നിർവ്വഹിക്കട്ടെ ഇഹത്തിലും പരത്തിലും സുകൃതാലംകൃതനായി ഇയാൾ കാണപ്പെടുകയും ചെയ്യട്ടെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

അദൃശ്യനായ ദൈവത്തെ ഉന്നതങ്ങളിൽ എപ്പോഴും പാപികളുമായി അനുരഞ്ജിപ്പിക്കുന്ന നിത്യ പുരോഹിതനും ഉൽകൃഷ്ട രാജാവുമായ മിശിഹായേ, സമാധാനത്തിന്റെ മദ്ധ്യസ്ഥരായ പുരോഹിതന്മാരുടെ ഗണത്തോട് അങ്ങയുടെ ഈ ആരാധകനേയും ചേർക്കണമേ. ഇയാൾക്ക് ജ്ഞാനവും വിവേകവും പ്രദാനം ചെയ്യണമേ. ഇയാൾ തന്റെ പൗരോഹിത്യത്തിൽ പൂർണ്ണനാകട്ടെ. ശരീരരക്തങ്ങളുടെ അർപ്പണംവഴി ഏകമനസ്സോടെ അങ്ങയെ ഇയാൾ പ്രീതിപ്പെടുത്തട്ടെ. പ്രസംഗപീഠത്തിൽ നിന്ന് അങ്ങയുടെ സുവിശേഷം ഇയാൾ പൂജനീയമാംവിധം ജനത്തോട് പ്രഘോഷിക്കട്ടെ. എല്ലാവിധ പാപക്കറകളിൽനിന്നും മോചനം പ്രദാനം ചെയ്യുന്ന മാമ്മോദീസാ എല്ലാ അവസ്ഥയിലുള്ളവർക്കും ഇയാൾ പരികർമ്മം ചെയ്യട്ടെ. അതുല്യമായ മോടിയോടുകൂടി നിയമാനുസൃതം ഇയാൾ വിവാഹം ആശിർവ്വദിച്ച് (വധുവരന്മാരെ) കിരീടം അണിയിക്കട്ടെ. അന്ത്യദിനത്തിൽ സൗഭാഗ്യം പ്രാപിക്കുന്നതിന് ഇയാൾ യോഗ്യനാകുകയും ചെയ്യട്ടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നിത്യപുരോഹിതനായ മിശിഹായേ, അങ്ങയുടെ ദാസന്മാരെ സഹായിക്കുകയും അവരെ മഹത്വവും തേജസ്സും ധരിപ്പിക്കുകയും ചെയ്യണമേ. ഇവർ അവിടുന്നു പ്രസാദിക്കുംവിധം പൗരോഹിത്യ ശുശ്രൂഷ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കട്ടെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ആദായകരമായ വ്യാപാരം ചെയ്യാമെന്ന പ്രത്യാശയോടുകൂടി സ്വീകരിച്ച കക്രാകൾ വർദ്ധിപ്പിച്ച് ഇവർ അങ്ങയുടെ മുൻപിൽ സമർപ്പിക്കട്ടെ ''നിത്യമായ സന്തോഷത്തിലേക്കു പ്രവേശിക്കുവിൻ'' എന്ന പ്രത്യാശാനിർഭരമായ സ്വരം കേൾക്കുവാൻ ഇവർ അർഹരാകുകയും ചെയ്യട്ടെ.

(മേൽ കൊടുത്തിരിക്കുന്ന കാനോനായ്ക്കു പകരം താഴെവരുന്ന കാനോനാ ചൊല്ലാവുന്നതാണ്.)

## ഒന്നിലധികം പേരുള്ളപ്പോൾ

അവർ ഉത്തരോത്തരം ശക്തിയാർജ്ജിക്കും. ദേവന്മാരുടെ ദൈവത്തെ അവർ സെഹിയോനിൽ ദർശിക്കും. (സങ്കീ 84:7)

ഞങ്ങളുടെ കർത്താവേ, ശക്തിയിൽനിന്നു ശക്തിയിലേക്കു അങ്ങയുടെ ആരാധകരെ നയിക്കണമേ. അവിടുത്തെ ദാനങ്ങൾ ഇവരിൽ നിറയട്ടെ.

അവന്റെ അഭിലാഷം അങ്ങു സാധിച്ചുകൊടുത്തു. അവന്റെ അപേക്ഷ അങ്ങു നിരസിച്ചില്ല.

സ്വർഗ്ഗത്തെയും ഭൂമിയെയും തമ്മിൽ രഞ്ജിപ്പിക്കുന്ന സമാധാനഹേതുവായ മിശിഹായേ, ലോകത്തെ വലയംചെയ്തിരുന്ന പാപമാകുന്ന കാർമേഘപടലത്തെ അങ്ങയുടെ സുവിശേഷം നീക്കംചെയ്തു. അങ്ങ് നാനാദിക്കുകളിലേക്കും അയച്ച ശ്ലീഹന്മാർ ലോകത്തിൽ സത്യവിശ്വാസം പ്രസംഗിച്ചു. ജനങ്ങളുടെ പാപം മോചിക്കുവാനായി അവർക്കു ശേഷം അങ്ങു പുരോഹിത ഗണത്തെ നിയോഗിക്കുകയുംചെയ്തു. അങ്ങയുടെ ഈ നല്ല ദാസൻ (പേരു്) ന്റെ മേൽ ഉന്നതത്തിൽനിന്ന് അനുഗ്രഹങ്ങൾ പൊഴിക്കണമേ. ഇയാൾ പുരോഹിതനും ഗുരുവും ആയിത്തീരുകയും മുന്തിരിത്തോട്ടത്തിൽ ഉത്സാഹപൂർവ്വം ജോലി ചെയ്യുകയും ചെയ്യട്ടെ. തനിക്കു ഭരമേല്പിക്കപ്പെടുന്ന ശുശ്രൂഷയിൽ നിഷ്കളങ്കനായി അങ്ങയുടെ മുമ്പാകെ ഇയാൾ കാണപ്പെടട്ടെ. നിർവ്യാജമായും അതുല്യ സ്നേഹത്തോടും ഇയാൾ അങ്ങയുടെ രഹസ്യങ്ങൾ പൂർണ്ണമാക്കുകയും ചെയ്യട്ടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഇവരുടെ ശിരസ്സിൽ അങ്ങു മുടി അണിയിക്കണമേ. ഇവരുടെ ഹൃദയത്തിൽ അങ്ങയുടെ കൃപ പെട്ടകത്തിൽ എന്നതുപോലെ വസിക്കട്ടെ. അങ്ങയുടെ സഹായങ്ങളും ഇവരിൽ പൂർണ്ണമാകുകയും അദ്ധ്വാനം വഴി ഇവർ സുകൃതാലംകൃതരായിത്തീരുകയും ചെയ്യട്ടെ.

അവർ ഉത്തരോത്തരം ശക്തിയാർജ്ജിക്കും. ദേവന്മാരുടെ ദൈവത്തെ അവർ സെഹിയോനിൽ ദർശിക്കും.

സൈന്യങ്ങളുടെ ദൈവമായ കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ. യാക്കോബിന്റെ ദൈവമേ, ശ്രവിക്കണമേ.

ഞങ്ങളുടെ സംരക്ഷകനായ ദൈവമേ, അങ്ങയുടെ അഭിഷിക്തനെ കടാക്ഷിക്കണമേ.

അന്യസ്ഥലത്ത് ആയിരം ദിവസത്തെക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നതു കൂടുതൽ അഭികാമ്യമാകുന്നു.

ദുഷ്ടന്മാരുടെ കൂടാരത്തിൽ എന്നതിനേക്കാൾ ദൈവഭവനത്തിൽ വസിക്കുന്നതിന് ഞാൻ ഇഷ്ടപ്പെട്ടു.

എന്തുകൊണ്ടെന്നാൽ നമ്മുടെ സംരക്ഷകനും സഹായിയും കർത്താവായ ദൈവമാകുന്നു. അനുഗ്രഹവും മഹത്വവും അവിടുന്ന് പ്രദാനം ചെയ്യും.

പരമാർത്ഥതയോടുകൂടി വ്യാപരിക്കുന്നവർക്ക് ഒരു നന്മയും അവിടുന്നു നിഷേധിക്കുകയില്ല

സൈന്യങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയിൽ ആശ്രയിക്കുന്ന

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

മനുഷ്യൻ ഭാഗ്യവാനാകുന്നു.

ഞങ്ങളുടെ കർത്താവേ, ശക്തിയിൽനിന്നു ശക്തിയിലേക്കു അങ്ങയുടെ ആരാധകരെ നയിക്കണമേ അങ്ങയുടെ ദാനങ്ങൾ ഇവരിൽ സംപൂർണ്ണമാകട്ടെ ഇവരുടെ ശിരസ്സിൽ അങ്ങു മുടി അണിയിക്കണമേ. പെട്ടകത്തിൽ മന്ന എന്നതുപോലെ ഇവരുടെ ഹൃദയത്തിൽ അങ്ങയുടെ കൃപ വസിക്കട്ടെ. അങ്ങയുടെ സഹായങ്ങൾ ഇവരിൽ പൂർണ്ണമാകുകയും അദ്ധ്വാനം വഴി ഇവർ സുകൃതാലംകൃതരായിത്തീരുകയും ചെയ്യട്ടെ.

ബലിപീഠവും മാമ്മോദീസാത്തൊട്ടിയും അവർ ചുംബിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മേൻ.

വിശുദ്ധ കുർബാനയും മാമ്മോദീസായും ആകുന്ന താലന്തുകളുടെ പരികർമ്മത്തിനായുള്ള അധികാരം അദ്ധ്യാത്മികമായ ദാനം വഴി അങ്ങയുടെ ആരാധകർക്കു ലഭിച്ചിരിക്കുന്നു. ദാനങ്ങളുടെ കർത്താവായ മിശിഹായേ, അവയെ ഉചിതമാംവിധം വിനിയോഗിച്ചു ഫലമെടുക്കുവാൻ ഇവരെ ശക്തരാക്കണമേ.

അവർ ഉത്തരോത്തരം ശക്തിയാർജ്ജിക്കും. ദേവന്മാരുടെ ദൈവത്തെ അവർ സെഹിയോനിൽ ദർശിക്കും.

കർത്താവേ, അങ്ങയുടെ മുമ്പിൽ യാചിക്കുന്ന ഈ ദാസന്മാരുടെമേൽ അങ്ങയുടെ കൃപ പൊരിയണമേ. അങ്ങയുടെ വിശുദ്ധരുടേയും പുരോഹിതരുടേയും ഗണത്തിൽ ഇവർ എണ്ണപ്പെടട്ടെ.

ഉത്സാഹപൂർവ്വം അങ്ങയുടെ ദാനങ്ങൾ വിനിയോഗിക്കുന്നതിനും അങ്ങയുടെ രഹസ്യങ്ങൾ വിശുദ്ധിയോടുകൂടി പരികർമ്മം ചെയ്യുന്ന

www.marggam.com
marggam Digital Library of Christianity in India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തിനും സന്തോഷപൂർവ്വം അങ്ങയുടെ മുഖം ദർശിക്കുന്നതിനുമായി അങ്ങയുടെ സഹായശക്തി ഇവർക്കു പ്രദാനം ചെയ്യണമേ.

അവിടത്തെ സഭാകുടുംബത്തിന്റെയും സ്തുത്യർഹരായ ശിഷ്യഗണത്തിന്റെയും അവിടത്തെ രഹസ്യങ്ങളുടെ പങ്കാളികളായ ശിമയോന്റെയും ഗണത്തിന്റെയും മേലും അവിടത്തെ ദാനങ്ങളുടെ ശക്തി വർഷിക്കുന്ന മിശിഹായേ, അങ്ങയുടെ വരങ്ങളാകുന്ന താലന്തുകളിൽ രണ്ടെണ്ണം എന്റെ കരങ്ങൾ വഴി ഈ ദാസന്മാർക്ക് കാരുണ്യപൂർവ്വം നൽകണമേ. ഇവർ അങ്ങയുടെ കൃപയാൽ അതിവിശുദ്ധസ്ഥലത്ത് ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാരായിത്തീരട്ടെ. അങ്ങയുടെ കൽപനകൾ നിറവേറ്റുന്നതിനുള്ള ശക്തി അങ്ങയുടെ ദിവ്യരഹസ്യങ്ങളുടെ ബലിപീഠത്തിൽനിന്ന് ഇവർ സ്വീകരിക്കട്ടെ. മാലാഖമാരോടൊത്ത് അങ്ങ് എഴുന്നെള്ളി വരുമ്പോൾ അവിടത്തെ മുഖം ദർശിക്കുന്നതിന് ഇവർ യോഗ്യരാകുകയും ചെയ്യട്ടെ.

**അർക്കദ്യാക്കോൻ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

## മെത്രാൻ പ്രാർത്ഥിക്കുന്നു

### ഒന്നിലധികം പേരുള്ളപ്പോൾ

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ കൃപ ഈ ദാസരിൽ ചൊരിയണമേ ഇവരുടെ കരങ്ങളെ പരിപൂർണ്ണമായി നിർമ്മലമാക്കണമേ. അങ്ങയുടെ ശുദ്ധീകര രഹസ്യങ്ങളുടെ പരികർമ്മത്തിനും മർത്യരെ അമർത്യതയിലേയ്ക്ക് ജനിപ്പിക്കുന്ന പാപമോചകമായ വിശുദ്ധ മാമ്മോദീസായുടെ ജലത്തിന്റെ ആശീർവ്വാദത്തിനും വേണ്ടി അങ്ങയുടെ അനുഗ്രഹത്താലും കാരുണ്യത്താ

### ഒരാൾ മാത്രമുള്ളപ്പോൾ

കർത്താവേ, അങ്ങയുടെ ഉത്കൃഷ്ടമായ ദാനം പ്രതീക്ഷാപൂർവ്വം നീട്ടിയിരിക്കുന്ന കരങ്ങളിലേയ്ക്ക് ചൊരിയണമേ തീക്ഷ്ണതയോടുകൂടി പൗരോഹിത്യധർമ്മം നിർവ്വഹിച്ച പുരോഹിതരുടെ ഗണത്തിൽ ഇയാളെയും ചേർക്കണമേ. രാജാക്കന്മാരുടെ രാജ്ഞിയായ കത്തോലിക്കാ സഭയുടെ മഹത്വം കൊണ്ട് ഇയാളെ അലങ്കരിക്കുകയും ചെയ്യണമേ. രാജാക്കന്മാരുടെ രാജാവും

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ലും ഇവർ അണിയട്ടെ. ആത്മീയ വരങ്ങളുടെ ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

## കാനോനാ

### ഒന്നിലധികം പേരുള്ളപ്പോൾ

കർത്താവേ, അങ്ങയുടെ വചനത്തിന് അനുസരണം ഈ ദാസന് അങ്ങു നന്മ ചെയ്യണമേ.

അറിവും വിവേകവും ജ്ഞാനവും എന്നെ അങ്ങു പഠിപ്പിക്കണമേ. (സങ്കീ: 118:65)

ഉന്നതത്തിലും ആഴത്തിലും വ്യാപിക്കുന്ന അധികാരത്തിന്റെ ശക്തി അങ്ങയുടെ ശിഷ്യന്മാർക്കു നൽകിയ നല്ലവനായ കർത്താവേ, ഈ ആരാധകർക്ക് അങ്ങയുടെ കൃപാശക്തി പ്രദാനം ചെയ്യണമേ.

കർത്താവേ, അങ്ങയുടെ വചനത്തിന് അനുസരണം ഈ ദാസന് അങ്ങു നന്മ ചെയ്യണമേ.

അങ്ങയുടെ കല്പനകളിൽ ഞാൻ വിശ്വസ്തനായിരുന്നതുകൊണ്ട് അറിവും വിവേകവും ജ്ഞാനവും എന്നെ അങ്ങു പഠിപ്പിക്കണമേ.

എന്നെ എളിമപ്പെടുത്തും മുമ്പ് ഞാൻ വിശ്വസിക്കുകയും അങ്ങയുടെ വചനം അനുസരിക്കുകയും ചെയ്തു.

കർത്താവേ, അങ്ങു നല്ലവനും നന്മ ചെയ്യുന്നവനുമാകുന്നു. അങ്ങയുടെ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമേ.

അഹങ്കാരികളുടെ തിന്മകൾ വർദ്ധിച്ചു. എങ്കിലും പൂർണ്ണ ഹൃദയത്തോടുകൂടി അങ്ങയുടെ പ്രമാണങ്ങൾ ഞാൻ അനുസരിച്ചു.

### ഒരാൾ മാത്രമുള്ളപ്പോൾ

അങ്ങയുടെ പുരോഹിതൻമാർ നീതിയും നീതിമാൻമാർ മഹത്വവും ധരിക്കട്ടെ.

അങ്ങയുടെ ദാസനായ ദാവീദിനെ പ്രതി അങ്ങയുടെ അഭിഷിക്തനെ തിരസ്ക്കരിക്കരുതേ (സങ്കീ: 131: 9)

പുരോഹിതധർമ്മ നിർവ്വഹണത്തിന് രണ്ടു കക്രാകൾ നൽകിയ മിശിഹായേ, അങ്ങയുടെ ബലിപീഠത്തിൽ ശുശ്രൂഷ ചെയ്യുന്നതിനും അങ്ങയുടെ ശുദ്ധീകര രഹസ്യങ്ങൾ പരികർമ്മം ചെയ്യുന്നതിനുമായി അങ്ങയുടെ കക്രാകൾ അങ്ങയുടെ ഈ ദാസനും അരുളണമേ.

അങ്ങയുടെ പുരോഹിതൻമാർ നീതിയും, നീതിമാന്മാർ മഹത്വവും ധരിക്കട്ടെ

അങ്ങയുടെ ദാസനായ ദാവീദിനെ പ്രതി അങ്ങയുടെ അഭിഷിക്തനെ തിരസ്ക്കരിക്കരുതേ.

ദാവീദിനോട് കർത്താവ് സത്യമായി ഒരു ശപഥം ചെയ്തു. അവിടുന്ന് അതിൽനിന്നു പിൻമാറുകയില്ല.

നിന്റെ മക്കളിൽ ഒരുവനെ നിന്റെ സിംഹാസനത്തിൽ ഞാൻ ഉപവിഷ്ടനാക്കും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അവരുടെ ഹൃദയം കലങ്ങി. എന്നാൽ ഞാൻ അങ്ങയുടെ പ്രമാണം പാലിച്ചു.

അങ്ങയുടെ കല്പനകൾ പാലിക്കുന്നതിനായി ഞാൻ താഴ്ത്തപ്പെട്ടത് എനിക്കുപകാരമായി.

സഹസ്രങ്ങളായ പൊൻ വെള്ളി നാണയങ്ങളേക്കാൾ അങ്ങയുടെ അധരങ്ങളിൽ നിന്നും പുറപ്പെടുന്ന നിയമം എനിക്കു അഭികാമ്യമാകുന്നു.

ഉന്നതത്തിലും അഗാധതയിലുമുള്ള അധികാരത്തിന്റെ ശക്തി അവിടുത്തെ ശിഷ്യൻമാർക്കു നൽകിയ കർത്താവേ, അങ്ങയുടെ ആരാധകർക്ക് കൃപാശക്തി പ്രദാനം ചെയ്യണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മേൻ.

കർത്താവേ, ശിഷ്യന്മാരുടെമേൽ ഇറങ്ങി വന്ന് ആവസിച്ച പരിശുദ്ധാത്മാവ് ഈ ദാസൻമാരുടെ ശിരസ്സിലും ഇറങ്ങി വരട്ടെ.

കർത്താവേ, അങ്ങയുടെ വചനത്തിന് അനുസരണം ഈ ദാസന് അങ്ങു നൻമ ചെയ്യണമേ. അറിവും വിവേകവും ജ്ഞാനവും എന്നെ അങ്ങു പഠിപ്പിക്കണമേ.

ഉന്നതത്തിലും അഗാധതയിലുമുള്ള അധികാരത്തിന്റെ ശക്തി അവിടുത്തെ ശിഷ്യൻമാർക്കു നല്കിയ നല്ലവനായ കർത്താവേ, അങ്ങയുടെ ആരാധകർക്കു അങ്ങയുടെ കൃപാശക്തി പ്രദാനം ചെയ്യണമേ.

എന്റെ ഉടമ്പടിയും ഞാൻ നല്കുന്ന കല്പനകളും നിന്റെ മക്കൾ അനുസരിച്ചാൽ അവരുടെ മക്കൾ എന്നേക്കും നിന്റെ സിംഹാസനത്തിൽ വാഴും.

എന്തെന്നാൽ കർത്താവ് സെഹിയോനെ ഇഷ്ടപ്പെട്ടു. അതിനെ തന്റെ വാസസ്ഥലമായി തിരഞ്ഞെടുത്തു.

ഇതാണ് എന്നേക്കും എന്റെ വിശ്രമസ്ഥലം. ഞാൻ അതിനെ ഇഷ്ടപ്പെടുന്നതുകൊണ്ട് ഞാൻ അവിടെ വസിക്കും.

അതിലെ നായാട്ടുകാരെ ഞാൻ അനുഗ്രഹിക്കും.

അവിടുത്തെ ദരിദ്രരെ ആഹാരം നൽകി ഞാൻ തൃപ്തരാക്കും.

അതിലെ പുരോഹിതരെ രക്ഷയും നീതിമാൻമാരെ മഹത്വവും ഞാൻ ധരിപ്പിക്കും.

അവിടെ ഞാൻ ദാവീദിനായി ഒരു ശിഖരം മുളപ്പിക്കും.

അവന്റെ അഭിഷിക്തനായി ഞാൻ ഒരു ദീപം കൊളുത്തും.

അവന്റെ ശത്രുക്കളെ ഞാൻ ലജ്ജിപ്പിക്കും.

എന്റെ വിശുദ്ധി അവനിൽ വർദ്ധിപ്പിക്കുകയും ചെയ്യും.

പുരോഹിതധർമ്മ നിർവ്വഹണത്തിന് രണ്ടു കക്രാകൾ നൽകിയ മിശിഹായേ, അങ്ങയുടെ ബലിപീഠ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



(മേൽ കൊടുത്തിരിക്കുന്ന കാനോനാ യ്ക്കു പകരം താഴെ വരുന്ന കാനോനാ ചൊല്ലാവുന്നതാണ്.)

ദൈവമേ, അങ്ങയുടെ അനുഗ്രഹങ്ങൾ എത്ര വിപുലമാകുന്നു മനുഷ്യൻ അങ്ങയുടെ ചിറകുകളുടെ നിഴലിൽ അഭയം കണ്ടെത്തും. (സങ്കീ: 36:7)

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ മഹത്വമേറിയ സഭയിൽ പൗരോഹിത്യ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട അവിടത്തെ ദാസരുടെമേൽ പരിശുദ്ധാത്മാവിന്റെ കൃപാശക്തി നിവേശിപ്പിക്കണമേ. അങ്ങയുടെ അനുഗ്രഹത്താൽ ഇവരെ പവിത്രീകരിക്കുകയും ചെയ്യണമേ.

ദൈവമേ, അങ്ങയുടെ അനുഗ്രഹങ്ങൾ എത്ര വിപുലമാകുന്നു. മനുഷ്യൻ അങ്ങയുടെ ചിറകുകളുടെ നിഴലിൽ അഭയം കണ്ടെത്തും.

അവർ അങ്ങയുടെ ഭവനത്തിന്റെ സമൃദ്ധിയിൽ തൃപ്തരാകും.

അങ്ങയുടെ മധുരമുള്ള അരുവിയിൽനിന്ന് അങ്ങ് അവരെ കുടിപ്പിക്കും

എന്തുകൊണ്ടെന്നാൽ ജീവന്റെ ഉറവിടം അങ്ങാകുന്നു. അങ്ങയുടെ പ്രകാശത്തിലാകുന്നു ഞങ്ങളുടെ വെളിച്ചം.

അങ്ങയുടെ സമീപസ്ഥർക്കു കരുണയും നിർമ്മല ഹൃദയർക്കു നീതിയും നൽകണമേ.

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ മഹത്വമേറിയ സഭയിൽ പൌരോഹിത്യ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട അവിടത്തെ ഈ ദാസരുടെമേൽ പരിശുദ്ധാത്മാവിന്റെ കൃപാശക്തി നിവേശിപ്പിക്കണമേ. അങ്ങയുടെ അനുഗ്രഹത്താൽ ഇവരെ പവിത്രീകരിക്കുകയും ചെയ്യണമേ.

ത്തിൽ ശുശ്രൂഷ ചെയ്യുന്നതിനും അങ്ങയുടെ ശുദ്ധീകര രഹസ്യങ്ങൾ പരികർമ്മം ചെയ്യുന്നതിനുമായി രണ്ടാമത്തെ കക്ര്യായും അങ്ങയുടെ ഈ ദാസന് അരുളണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

സ്വപൗരോഹിത്യത്താൽ ഞങ്ങളെ വിശുദ്ധീകരിച്ച ഞങ്ങളുടെ വിശ്വാസത്തിന്റെ ആചാര്യനായ മിശിഹായേ, അങ്ങയുടെ ദാസനെ വിശുദ്ധീകരിക്കണമേ. പൗരോഹിത്യത്തിലേയ്ക്കു അങ്ങു ഇയാളെ തിരഞ്ഞെടുക്കുകയും കൃപകൊണ്ടു നിറയ്ക്കുകയും ചെയ്യണമേ. ഇയാൾ അങ്ങയുടെ സഭയിൽ വൈദികനായി അങ്ങയുടെ രഹസ്യങ്ങൾ പരികർമ്മം ചെയ്യട്ടെ.

അങ്ങയുടെ പുരോഹിതന്മാർ നീതിയും അങ്ങയുടെ നീതിമാന്മാർ മഹത്വവും ധരിക്കട്ടെ.

അങ്ങയുടെ ദാസനായ ദാവീദിനെ പ്രതി അങ്ങയുടെ അഭിഷിക്തനെ അങ്ങ് തിരസ്കരിക്കരുതേ.

തന്റെ ശരീരം വഴി ഞങ്ങളെ പവിത്രീകരിക്കുന്ന പാപമോചക ബലിവസ്തുവായ മിശിഹായേ, അങ്ങയുടെ ദൈവിക ദാനത്തിന്റെ ശക്തിയാൽ ഈ ദാസനെ ശുദ്ധീകരിക്കുകയും മഹനീയവും വിശുദ്ധവുമായ പൗരോഹിത്യത്തിന്റെ കിരീടം ഇയാളെ അണിയിക്കുകയും ചെയ്യണമേ.

തന്റെ സമ്പത്തുകൊണ്ടും ജ്ഞാന നിക്ഷേപ കൊണ്ടും അപ്പസ്തോലന്മാരെ നിറച്ച മിശിഹായേ, അങ്ങയുടെ വിശുദ്ധ രഹസ്യങ്ങളുടെ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദി മുതൽ എന്നേയ്ക്കും. ആമ്മേൻ.

രഹസ്യങ്ങൾ സജ്ജീകൃതങ്ങളായിരിക്കുന്നു പുരോഹിതന്മാർ ആലപിക്കുന്നു മാലാഖമാർ ചുററും നിൽക്കുന്നു. വ്യൂഹങ്ങൾ ഭയന്നു വിറക്കുന്നു. ശക്തി ഇറങ്ങി വസിക്കുന്നു. സകലത്തേയും പവിത്രീകരിക്കുന്ന ആത്മാവു ആരാധ്യനാകുന്നു.

കർത്താവേ അങ്ങയുടെ അനുഗ്രഹങ്ങൾ എത്ര വിപുലമാകുന്നു. മനുഷ്യൻ അങ്ങയുടെ ചിറകുകളുടെ നിഴലിൽ സഭയം കണ്ടെത്തും.

രഹസ്യങ്ങൾ സജ്ജീകൃതങ്ങളായിരിക്കുന്നു. പുരോഹിതൻമാർ ആലപിക്കുന്നു. മാലാഖമാർ ചുററും നില്ക്കുന്നു. വ്യൂഹങ്ങൾ ഭയന്നു വിറക്കുന്നു. ശക്തി ഇറങ്ങി വസിക്കുന്നു. സകലത്തേയും പവിത്രീകരിക്കുന്ന ആത്മാവ് ആരാധ്യനാകുന്നു.

പരികർമ്മത്തിനായി തിരഞ്ഞെടുക്കപ്പെട്ട ഈ ദാസനെ ദൈവീക ദാനങ്ങളുടെ ശക്തിയാൽ അങ്ങു കൃപാപൂർവ്വം നിറയ്ക്കണമേ.

തന്റെ ശിഷ്യന്മാരെ തീനാക്കുകകളാലും അരൂപിയാലും പരിപൂരിതനാക്കിയ മിശിഹായേ, അങ്ങയുടെ ഈ ദാസന് ഉജ്ജ്വലമായ നാവും ആത്മീയ കണ്ണുകളും നൽകണമേ. ഇയാൾ അങ്ങയുടെ വിശുദ്ധ സഭയിൽ ഇവകൊണ്ടു ശുശ്രൂഷ ചെയ്തു ഇരട്ടി ഫലം കൈവരിക്കുകയും ചെയ്യട്ടെ.

ഞങ്ങളുടെ രക്ഷകാ, അങ്ങയുടെ കൃപാശക്തിയാൽ ഈ ആരാധകനെ ബലപ്പെടുത്തണമേ. ഇയാളെ അങ്ങയുടെ ദാനശക്തികൊണ്ടു കാരുണ്യപൂർവ്വം നിറയ്ക്കണമേ. ഇയാൾ പാപമോചകമായ രഹസ്യങ്ങൾക്കു പരികർമ്മിയായി തിരുസ്സഭയിൽ യോഗ്യമായി പൗരോഹിത്യ ധർമ്മം നിർവ്വഹിക്കുകയും ചെയ്യട്ടെ.

## മെത്രാൻ പ്രാർത്ഥിക്കുന്നു.

### ഒന്നിലധികം പേരുള്ളപ്പോൾ

കർത്താവേ, അങ്ങയുടെ ദൈവീക ദാനം കാംക്ഷിക്കുന്ന ഈ ആരാധകരുടെ ശിരസ്സിൽ അങ്ങയുടെ കൃപയും ദാനങ്ങളും സമൃദ്ധമായി വർഷിക്കണമേ. അങ്ങയുടെ വിശുദ്ധ ബലിപീഠത്തിൽ ശുശ്രൂഷ ചെയ്യുന്നതിന് ഇവരെ ശക്തരാക്കണമേ അങ്ങയുടെ വിശുദ്ധ കരിശാൽ രക്ഷിക്കപ്പെട്ട ജനം ഇവർ വഴിയായി മഹത്വത്തിന്റെ കീർത്തനങ്ങൾ ശ്രവിക്കട്ടെ സജീവവും ജീവദായകവുമായ അങ്ങയുടെ അടയാളത്താൽ മുദ്രിതരാക്കപ്പെട്ട അജഗണത്തോടു അവിടുത്തെ അത്ഭുതങ്ങൾ ഇവർ വിവരിക്കുകയും ചെയ്യട്ടെ. ആത്മീയ വരങ്ങളുടെ

### ഒരാൾ മാത്രമുള്ളപ്പോൾ

കർത്താവേ, നിർമ്മലരായ ആത്മാക്കളെ രഹസ്യമായി പ്രകാശിപ്പിക്കുകയും പരസ്യമായി ഒരുക്കപ്പെട്ടിരിക്കുന്ന വിളക്കുകളിലേയ്ക്ക് ചാരിത്ര്യത്തിന്റെ തൈലംവഴി അങ്ങയുടെ മഹത്വത്തിന്റെ കിരണങ്ങൾ വീശുകയും സകലരുടേയും നന്മയ്ക്കായി തേജസ്സിന്റെ രശ്മികൾ അനവരതം ചൊരിയുകയും ചെയ്യുന്ന പൗരോഹിത്യത്തിന്റെ കീർത്തനീയമായ പ്രഭയാൽ അങ്ങയുടെ മുമ്പിൽ വിനയപൂർവ്വം പ്രണമിക്കുന്ന ഈ ദാസന്റെ ആത്മാവിനെ ദീപ്തമാക്കണമേ. സ്വയം സജ്ജീകൃതനായി അങ്ങയുടെ ദാനം സ്വീകരിക്കുന്നതിനും കളങ്ക

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ.

മില്ലാത്ത വെൺമുത്തിനു സദൃശ്യം അങ്ങയുടെ മഹിമ അത്ഭുതകരമായി സ്വീകരിച്ച് സകലരുടേയുംമേൽ അധികാരപൂർവ്വം വീശുന്നതിനും ഇയാളെ കാരുണ്യപൂർവ്വം യോഗ്യനാക്കണമേ. പൗരോഹിത്യ ധർമ്മം ശ്രദ്ധാപൂർവ്വം നിർവ്വഹിക്കുന്നതിനും രഹസ്യങ്ങൾ നിർമ്മലമായി പരികർമ്മം ചെയ്യുന്നതിനും ഇയാളെ സഹായിക്കണമേ. ആത്മീയ വരങ്ങളുടേയും വൈദിക പദവികളുടേയും ദാതാവും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ.

## കാനോനാ

**സ്വർഗ്ഗത്തിൽ വാഴുന്നവനേ, അങ്ങേ പക്കലേക്ക് ഞാൻ കണ്ണുകളുയർത്തുന്നു.**
(സങ്കീ. 122:1)

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ കൃപ അങ്ങയുടെ ദാസരിൽ ചൊരിയണമേ.

സ്വർഗ്ഗത്തിൽ വാഴുന്നവനേ, അങ്ങേ പക്കലേക്ക് ഞാൻ കണ്ണുകളുയർത്തുന്നു.

ദാസന്മാരുടെ കണ്ണുകൾ യജമാനന്റേയും ദാസിയുടെ
കണ്ണുകൾ സ്വാമിനിയുടെയും പക്കലേയ്ക്ക് എന്നതുപോലെ.

ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളുടെമേൽ അങ്ങേക്കു
കരുണ തോന്നുവോളം ഞങ്ങളുടെ കണ്ണുകൾ അങ്ങയെ നോക്കിയിരിക്കും.

ഞങ്ങളോടു കരുണ തോന്നണമേ.
കർത്താവേ, ഞങ്ങളോടു കരുണ തോന്നണമേ.
എന്തെന്നാൽ, ഞങ്ങൾ വളരെ നിന്ദിക്കപ്പെട്ടു.

ആക്ഷേപകരുടെ പരിഹാസവും അഹങ്കാരികളുടെ
അവഹേളനത്തിന്റെ ആധിക്യവും മൂലം ഞങ്ങൾ തളർന്നു.

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ കൃപ അങ്ങയുടെ ദാസരിൽ ചൊരിയണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

**ഞങ്ങളുടെ കർത്താവേ, അങ്ങയുടെ കൃപ അങ്ങയുടെ ദാസരിൽ ചൊരിയണമേ.**

**സ്വർഗ്ഗത്തിൽ വാഴുന്നവനേ, അങ്ങേ പക്കലേയ്ക്കു് ഞാൻ കണ്ണുകൾ ഉയർത്തുന്നു.**

**ഞങ്ങളുടെ കർത്താവേ, അങ്ങയുടെ കൃപ അങ്ങയുടെ ദാസരിൽ ചൊരിയണമേ.**

മെത്രാൻ ബലിപീഠത്തിനു മുമ്പിൽ വന്ദിക്കുന്നു. അപ്പോൾ അർക്കദ്യാക്കോൻ പട്ടം സ്വീകരിക്കുവാനുള്ളവരെ സമീപിച്ച് രണ്ടുമുട്ടും കുത്തി തലകുനിച്ച് കൈകൾ കണ്ണുകൾക്കു മുകളിൽ യാചനാരൂപത്തിൽ ഉയർത്തിപ്പിടിച്ചുനിൽക്കുവാൻ അവർക്കു നിർദ്ദേശം നൽകുന്നു. പുരോഹിതൻ രണ്ടു മുട്ടുകൾ കുത്തുന്നതു് അവൻ രണ്ടു കക്രാകൾ സ്വീകരിച്ചു എന്നു സൂചിപ്പിക്കുവാനാണ്. അദ്ദേഹം രണ്ടു കൈകൾ ഉയർത്തി കണ്ണുകൾക്കു മുകളിൽ പിടിക്കുന്നതു് പരിശുദ്ധാത്മാവിനെ വിളിക്കുവാനും ആശീർവ്വാദം നൽകുവാനും ആത്മീയ സന്താനങ്ങളെ ജനിപ്പിച്ച് അവരെ ദിവ്യഭോജനം നൽകി പോററുവാനുമുള്ള അധികാരവും അനുവാദവും അവർക്കു് ദൈവത്തിൽനിന്നു കിട്ടിയിട്ടുണ്ടെന്നു കാണിക്കുവാനാണ്.
മെത്രാൻ അംശവടി അർക്കദ്യാക്കോനെ ഏല്പിക്കുന്നു.

**അർക്കദ്യാക്കോൻ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

## മെത്രാൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

പോരായ്മകളെ സദാ പരിഹരിക്കുന്ന നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപ പിതാവായ ദൈവത്തിൻെറ സംപ്രീതിയോടും പരിശുദ്ധാത്മാവിൻെറ ശക്തിയോടുംകൂടി എപ്പോഴും നാമെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ. ഭീതിജനകവും ഉൽകൃഷ്ടവുമായ ഈ ശുശ്രൂഷ നമ്മുടെ ആത്മരക്ഷയ്ക്കായി ദുർബ്ബലനായ എൻെറ കരങ്ങൾവഴി പൂർത്തിയാകുകയും ചെയ്യട്ടെ. (സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും (മെത്രാൻ തൻെറ മേൽത്തന്നെ കുരിശടയാളം വരയ്ക്കുന്നു)

**ഉത്തരം:** ആമ്മേൻ.

**അർക്കദ്യാക്കോൻ:** സമാധാനം നമ്മോടുകൂടെ.

മെത്രാൻ തൻെറ വലതുകരം പട്ടം സ്വീകരിക്കുന്നയാളിൻെറ തലയിൽ വച്ചുകൊണ്ട് കൈവയ്പു പ്രാർത്ഥന താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

### ഒന്നിലധികം പേരുള്ളപ്പോൾ

നല്ലവനായ ഞങ്ങളുടെ ദൈവമേ, കാരുണ്യവാനായ രാജാവേ, ദയാനിധിയും കൃപാസമ്പന്നനുമായ കർത്താവേ, അവാച്യമായ അങ്ങ

### ഒരാൾ മാത്രമുള്ളപ്പോൾ

നല്ലവനായ ഞങ്ങളുടെ ദൈവമേ, കാരുണ്യവാനായ രാജാവേ, ദയാനിധിയും കൃപാസമ്പന്നനുമായ കർത്താവേ, അവാച്യമായ അങ്ങയ

marggam
Digital Library of Christianity in India
www.marggam.com



യുടെ നന്മയാൽ ദൈവീക ദാനങ്ങളുടെ മദ്ധ്യസ്ഥനായി അങ്ങ് എന്നെ നിയോഗിച്ചുവല്ലോ. അത് അങ്ങയുടെ വിശുദ്ധ രഹസ്യങ്ങളുടെ ശുശ്രൂഷകർക്ക് ആത്മീയ ശുശ്രൂഷയുടെ കക്രാകരം അവിടുത്തെ നാമത്തിൽ ഞാൻ നൽകുന്നതിനുവേണ്ടിയാകുന്നു. കർത്താവേ, സഭാശുശ്രൂഷയുടെ കൈവയ്പ്പു വഴി എനിക്കു നൽകപ്പെട്ടിരിക്കുന്ന അപ്പസ്തോലിക പാരമ്പര്യമനുസരിച്ച്, തിരുസ്സഭയിൽ തിരഞ്ഞെടുക്കപ്പെട്ട പുരോഹിതന്മാരായിത്തീരുന്നതിന് ഈ ദാസന്മാരെ അവിടുത്തെ മുമ്പിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങൾ എല്ലാവരും ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു പരിശുദ്ധാത്മാവിന്റെ കൃപ ഇവരുടെമേൽ ഇറങ്ങിവന്ന് അങ്ങയുടെ ഏകജാതന്റെ കാരുണ്യത്താലും അനുഗ്രഹത്താലും ഇവർക്കു ഏൽപിക്കപ്പെട്ടിരിക്കുന്ന പൗരോഹിത്യ ശുശ്രൂഷയുടെ നിർവ്വഹണത്തിനായി ഇവരെ പരിപൂർണ്ണരാക്കട്ടെ. അങ്ങേക്കും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. (സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും.

(പട്ടം സ്വീകരിക്കുന്നവരുടെ ശിരസ്സുകളിൽ കുരിശടയാളം വരയ്ക്കുന്നു)

ഉത്തരം: ആമ്മേൻ.

ടെ നന്മയാൽ ദൈവീക ദാനങ്ങളുടെ മദ്ധ്യസ്ഥനായി അങ്ങ് എന്നെ നിയോഗിച്ചുവല്ലോ. അതു് അങ്ങയുടെ വിശുദ്ധ രഹസ്യങ്ങളുടെ ശുശ്രൂഷകർക്ക് ആത്മീയ ശുശ്രൂഷയുടെ കക്രാകരം അവിടുത്തെ നാമത്തിൽ ഞാൻ നൽകുന്നതിനുവേണ്ടിയാകുന്നു. കർത്താവേ, സഭാശുശ്രൂഷയുടെ കൈവയ്പുവഴി എനിക്കു നൽകപ്പെട്ടിരിക്കുന്ന അപ്പസ്തോലിക പാരമ്പര്യമനുസരിച്ചു തിരുസ്സഭയിൽ തിരഞ്ഞെടുക്കപ്പെട്ട പുരോഹിതനായിത്തീരുന്നതിന് ഈ ദാസനെ അവിടുത്തെ മുമ്പിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങൾ എല്ലാവരും ഇയാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ കൃപ ഇയാളുടെമേൽ ഇറങ്ങിവന്ന് അങ്ങയുടെ ഏകജാതന്റെ കാരുണ്യത്താലും അനുഗ്രഹത്താലും ഇയാൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന പൗരോഹിത്യ ശുശ്രൂഷയുടെ നിർവ്വഹണത്തിനായി ഇയാളെ പരിപൂർണ്ണനാക്കട്ടെ. അങ്ങേയ്ക്കും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. (സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും.

(പട്ടം സ്വീകരിക്കുന്നയാളിന്റെ ശിരസ്സിൽ അദ്ദേഹം കുരിശുവരയ്ക്കുന്നു)

ഉത്തരം: ആമ്മേൻ.

കോറൂഹണക്ക സ്വരത്തിൽ അർക്കദിയാക്കോൻ പറയുന്നു.

## ഒന്നിലധികം പേരുള്ളപ്പോൾ

അത്യുന്നതങ്ങളിലേയ്ക്കു നിങ്ങൾ കണ്ണുകൾ ഉയർത്തി (പേരു്) എന്നീ ശമ്മാശന്മാർക്കുവേണ്ടി കാരുണ്യവാനായ ദൈവത്തോടു് അനുഗ്രഹം യാചിക്കുവിൻ. ദൈവത്തിന്റെ സഭയ്ക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന

## ഒരാൾ മാത്രമുള്ളപ്പോൾ

അത്യുന്നതങ്ങളിലേയ്ക്കു നിങ്ങൾ കണ്ണുകൾ ഉയത്തി (പേരു്) ഈ ശമ്മാശനുവേണ്ടി കാരുണ്യവാനായ ദൈവത്തോടു് അനുഗ്രഹം യാചിക്കുവിൻ. ദൈവത്തിന്റെ സഭയ്ക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഇവർക്കു വൈദികപട്ടം നല്ലപ്പെടുകയും ഇവർ അപ്രകാരം നിയോഗിക്കപ്പെടുകയും ചെയ്യുന്നു. ഇവർക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ.

ഇയാൾക്ക് വൈദിക പട്ടം നൽകപ്പെടുകയും ഇയാൾ അപ്രകാരം നിയോഗിക്കപ്പെടുകയും ചെയ്യുന്നു. ഇയാൾക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ.

മെത്രാൻ തന്റെ വലത്തുകരം അവരുടെ ശിരസ്സിൽ വച്ചുകൊണ്ടും ഇടത്തുകരം നീട്ടിപ്പിടിച്ചുകൊണ്ടും വൈദികർക്കുവേണ്ടിയുള്ള ഈ പ്രാർത്ഥന താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

## ഒന്നിലധികം പേരുള്ളപ്പോൾ

കർത്താവേ, സർവ്വശക്തനായ ദൈവമേ, ആകാശത്തിന്റെയും ഭൂമിയുടേയും അവയിലുള്ള സകലത്തിന്റേയും സ്രഷ്ടാവേ, അങ്ങു തിരുസ്സഭയെ തിരഞ്ഞെടുക്കുകയും വിശുദ്ധരുടെ പൂർണ്ണതയ്ക്കും ശുശ്രൂഷാനിർവ്വഹണത്തിനും സഭാഗാത്രത്തിന്റെ നിർമ്മിതിയ്ക്കുമായി അതിൽ പ്രവാചകന്മാരേയും ശ്ലീഹന്മാരേയും വേദപാരഗതരേയും, പുരോഹിതന്മാരേയും നിയോഗിക്കുകയും ചെയ്തുവല്ലോ. സൈന്യങ്ങളുടെ കർത്താവായ ദൈവമേ, യുഗങ്ങളുടെ രാജാവേ അങ്ങയുടെ ഈ ദാസരുടെമേൽ ഇപ്പോഴും തൃക്കൺ പാർക്കണമേ പരിശുദ്ധാത്മാവിന്റെ ആവാസം വഴി വിശുദ്ധ തിരഞ്ഞെടുപ്പാൽ ഇവരെ അങ്ങ് സ്വീകരിക്കണമേ. സത്യത്തിന്റെ വചനം പ്രസംഗിക്കുന്നതിനുവേണ്ട വരം ഇവർക്കു നൽകണമേ. കർത്താവേ, ശക്തനായ ദൈവമേ (ഇവിടെ മെത്രാൻ അവരുടെ വലതുകരം പിടിക്കുന്നു.) രോഗികളുടെമേൽ കൈവച്ച് അവരെ സുഖപ്പെടുത്തുന്നതിനു, (കൈ ശിരസിൽ വയ്ക്കുന്നു) തിരുസ്സഭയിൽ അങ്ങേയ്ക്കു പ്രാർത്ഥനകളാകുന്ന കാണിക്കകളും സ്തുതിപ്പുകളാകുന്ന ബലികളും അർപ്പിച്ചുകൊണ്ട് ശുദ്ധഹൃദയത്തോടും നിർമ്മല മനഃസാക്ഷിയോടുംകൂടി അങ്ങയുടെ ബലിപീഠത്തിൽ ശുശ്രൂഷ ചെയ്യുന്നതിനുമായി ഇവരെ പുരോഹിതന്മാരായി തിരഞ്ഞെടുക്കണമേ.

## ഒരാൾ മാത്രമുള്ളപ്പോൾ

കർത്താവേ, സർവ്വശക്തനായ ദൈവമേ, ആകാശത്തിന്റെയും ഭൂമിയുടേയും അവയിലുള്ള സകലത്തിന്റേയും സ്രഷ്ടാവേ, അങ്ങു തിരുസ്സഭയെ തിരഞ്ഞെടുക്കുകയും വിശുദ്ധരുടെ പൂർണ്ണതയ്ക്കും ശുശ്രൂഷാ നിർവ്വഹണത്തിനും സഭാ ഗാത്രത്തിന്റെ നിർമ്മിതിയ്ക്കുമായി അതിൽ പ്രവാചകന്മാരേയും ശ്ലീഹന്മാരേയും വേദപാരംഗതരേയും, പുരോഹിതന്മാരേയും നിയോഗിക്കുകയും ചെയ്തുവല്ലോ. സൈന്യങ്ങളുടെ കർത്താവായ ദൈവമേ, യുഗങ്ങളുടെ രാജാവേ, അങ്ങയുടെ ഈ ദാസന്റെമേൽ ഇപ്പോഴും തൃക്കൺ പാർക്കണമേ. പരിശുദ്ധാത്മാവിന്റെ ആവാസം വഴി വിശുദ്ധ തിരഞ്ഞെടുപ്പാൽ ഇയാളെ അങ്ങു സ്വീകരിക്കണമേ. സത്യത്തിന്റെ വചനം പ്രസംഗിക്കുന്നതിനു വേണ്ട വരം ഇയാൾക്ക് നല്കണമേ കർത്താവേ. ശക്തനായ ദൈവമേ (ഇവിടെ മെത്രാൻ അവന്റെ വലത്തു കരം പിടിക്കുന്നു.) രോഗികളുടെ മേൽ കൈവച്ച് അവരെ സുഖപ്പെടുത്തുന്നതിനും (കൈ ശിരസിൽ വയ്ക്കുന്നു.) തിരുസ്സഭയിൽ അങ്ങേയ്ക്ക് പ്രാർത്ഥനകളാകുന്ന കാണിക്കകളും സ്തുതിപ്പുകളാകുന്ന ബലികളും അർപ്പിച്ചുകൊണ്ട് ശുദ്ധ ഹൃദയത്തോടും നിർമ്മല മനഃസ്സാക്ഷിയോടുംകൂടി അങ്ങയുടെ ബലിപീഠത്തിൽ ശുശ്രൂഷ ചെയ്യുന്നതിനുമായി ഇയാളെ പുരോഹിതനായി തിരഞ്ഞെടുക്കണമെ. കർ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**കർത്താവായ അങ്ങ് കാരുണ്യപൂർവ്വം ദത്തുപുത്രരായി തിരഞ്ഞെടുത്തവരുടെ നിഗൂഢമായ (കൂദാശപരമായ) ജനനത്തിനായി പാപമോചകമായ മാമ്മോദീസായുടെ തൊട്ടി അങ്ങയുടെ ദാനശക്തിയാൽ ഇവർ വിശുദ്ധീകരിക്കട്ടെ. ഇവർ അങ്ങയുടെ ജനത്തിനു പാപമോചനം നൽകുകയും അവിടുത്തെ വിശുദ്ധ നാമത്തിന്റെ സ്തുതിക്കായി പരിശുദ്ധ കത്തോലിക്കാ സഭയുടെ സന്താനങ്ങളെ നീതിയുടെ പ്രവൃത്തികൾ കൊണ്ട് അലങ്കരിക്കുകയും ചെയ്യട്ടെ അങ്ങയുടെ മുമ്പിൽ ചെയ്യുന്ന ഈ നിർമ്മല ശുശ്രൂഷയ്ക്കു പ്രതിഫലമായി നവ്യലോകത്തിൽ ഇവർ പ്രത്യാശ കൈവരിക്കട്ടെ അങ്ങയുടെ ഏകജാതന്റെ കൃപയാലും അനുഗ്രഹത്താലും മഹത്വപൂർണ്ണനായ അങ്ങയുടെ ഭയാനകമായ സിംഹാസനത്തിന്റെ മുമ്പിൽ ആത്മവിശ്വാസത്തോടുകൂടി ഇവർ നിൽക്കുകയും ചെയ്യട്ടെ. അങ്ങേയ്ക്കും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. (പട്ടം സ്വീകരിക്കുന്നവരുടെ ശിരസ്സുകളിൽ കുരിശുവരയ്ക്കുന്നു.) ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.**

**ഉത്തരം ആമ്മേൻ.**

**ത്താവായ അങ്ങ് കാരുണ്യപൂർവ്വം ദത്തുപുത്രരായി തിരഞ്ഞെടുത്തവരുടെ നിഗൂഢമായ ജനനത്തിനായി പാപമോചകമായ മാമ്മോദീസായുടെ തൊട്ടി അങ്ങയുടെ ദാനശക്തിയാൽ ഇയാൾ വിശുദ്ധീകരിക്കട്ടെ. ഇയാൾ അങ്ങയുടെ ജനത്തിന് പാപമോചനം നൽകുകയും അവിടുത്തെ വിശുദ്ധ നാമത്തിന്റെ സ്തുതിക്കായി പരിശുദ്ധ കത്തോലിക്കാ സഭയുടെ സന്താനങ്ങളെ നീതിയുടെ പ്രവൃത്തികൾ കൊണ്ട് അലങ്കരിക്കുകയും ചെയ്യട്ടെ. അങ്ങയുടെ മുമ്പിൽ ചെയ്യുന്ന ഈ നിർമ്മല ശുശ്രൂഷയ്ക്കു പ്രതിഫലമായി നവ്യലോകത്തിൽ ഇയാൾ പ്രത്യാശ കൈവരിക്കട്ടെ. അങ്ങയുടെ ഏകജാതന്റെ കൃപയാലും അനുഗ്രഹത്താലും മഹത്വ പൂർണ്ണനായ അങ്ങയുടെ ഭയാനകമായ സിംഹാസനത്തിന്റെ മുമ്പിൽ ആത്മ വിശ്വാസത്തോടുകൂടി ഇയാൾ നില്ക്കുകയും ചെയ്യട്ടെ. അങ്ങേയ്ക്കും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. (പട്ടം സ്വീകരിക്കുന്നയാളിന്റെ ശിരസ്സിൽ കുരിശുവരയ്ക്കുന്നു.) ഇപ്പോഴും എപ്പോഴും എന്നേക്കും.**

നിലത്തു സാഷ്ടാംഗം നമിച്ച് എഴുന്നേല്ക്കുന്നതിന് മെത്രാൻ അവരോടു കല്പിക്കുന്നു. അദ്ദേഹം ഓരോരുത്തരുടേയും ഊറാറ എടുത്ത് തോളിലൂടെ മുൻവശത്തേയ്ക്ക് ഇടുന്നു അനന്തരം ഓരോരുത്തരുടേയും തോളിൽനിന്ന് പൈന എടുത്ത് അത് അവരെ ധരിപ്പിച്ചുകൊണ്ടു ചൊല്ലുന്നു.

**നൈർമ്മല്യത്തോടും വെൺമയോടും വിശുദ്ധിയോടും കൂടി ജീവിതകാലം മുഴുവൻ തന്നെ പ്രീതിപ്പെടുത്തുന്നതിനായി നമ്മുടെ കർത്താവീശോമിശിഹാ നീതിയുടെ വസ്ത്രം എന്നേയ്ക്കുമായി നിന്നെ ധരിപ്പിക്കട്ടെ. ആമ്മേൻ.**

അനന്തരം മെത്രാൻ വിശുദ്ധ സുവിശേഷപ്പുസ്തകം വാങ്ങിച്ച് കൈവയ്പു സ്വീകരിച്ചയാളിന്റെ കൈയിൽ കൊടുക്കുന്നു. അവന്റെ നെററിയിൽ വലതു കൈയുടെ തള്ളവിരലു കൊണ്ട് കുരിശടയാളം വരച്ചു കൊണ്ടുചൊല്ലുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



(പേർ) സഭയിലെ പൗരോഹിത്യധർമ്മ നിർവ്വഹണത്തിനും അഹറോനടുത്ത വൈദിക ശുശ്രൂഷയ്ക്കുമായി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ എന്നേയ്ക്കുമായി വേർതിരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും പരിപൂർണ്ണനാക്കപ്പെടുകയും ചെയ്തിരിക്കുന്നു. (മെത്രാൻ അയാളുടെ ശിരസ്സിൽ ചുംബിയ്ക്കുന്നു )

അനന്തരം മെത്രാൻ അയാളുടെ കൈയിൽനിന്നും സുവിശേഷപ്പുസ്തകം വാങ്ങിച്ച് മറ്റൊരാൾക്കു കൊടുക്കുന്നു. ഇപ്രകാരം ഓരോരുത്തരുടേയും കാര്യത്തിൽ ആവർത്തിക്കുന്നു. എല്ലാവരും റൂശ്മാ ചെയ്യപ്പെട്ടു കഴിയുമ്പോൾ മെത്രാൻ വിശുദ്ധ ഗ്രന്ഥം അവരിൽ നിന്നു വാങ്ങിച്ച് അർക്കദ്യാക്കോനെ ഏൽപ്പിക്കുന്നു.

പട്ടം സ്വീകരിച്ചവർ മുട്ടുകുത്തി എഴുന്നേൽക്കുന്നു.
തുടർന്ന്, മെത്രാൻ അംശവടി സ്വീകരിച്ചശേഷം തിരിഞ്ഞ് ബലിപീഠത്തിന്റെ തളത്തിലേക്കു കയറുന്നു. അൾത്താരയെ വണങ്ങിയ ശേഷം പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട് അദ്ദേഹം കാനോനാ ആരംഭിക്കുന്നു.

## കാനോനാ

ഹൃദയപരമാർത്ഥതയോടെ തന്നെ വിളിച്ചപേക്ഷിക്കുന്നവർക്കു
കർത്താവു സമീപസ്ഥനാകുന്നു. (സങ്കീ: 144:18)

തന്റെ ദാസന്മാർക്കു ആത്മീയ സമ്പത്താകുന്ന താലന്ത് നൽകിയ മിശിഹായേ,
അങ്ങയുടെ ദാനം സ്വീകരിച്ച ഈ ആരധകർക്ക് സഹായം അരുളണമേ.

ഹൃദയപരമാർത്ഥതയോടുകൂടി തന്നെ വിളിച്ചപേക്ഷിക്കുന്നവർക്കു
കർത്താവ് സമീപസ്ഥനാകുന്നു.

തന്നെ ഭയപ്പെടുന്നവരുടെ അഭീഷ്ടം അവിടുന്നു സഫലമാക്കുന്നു.
അവിടുന്ന് അവരുടെ അപേക്ഷ കേട്ട് അവരെ രക്ഷിക്കുകയും ചെയ്യുന്നു.

തന്നെ ഭയപ്പെടുന്നവരെ കർത്താവു പരിപാലിക്കുന്നു.
എന്നാൽ സകല ദുഷ്ടന്മാരേയും അവിടുന്നു നശിപ്പിക്കുന്നു.

എന്റെ അധരങ്ങൾ കർത്താവിന്റെ സ്തുതികൾ പാടും. സകല ജീവജാലങ്ങളും അവിടുത്തെ വിശുദ്ധ നാമത്തെ എന്നേയ്ക്കും പ്രകീർത്തിക്കും.

തന്റെ ദാസന്മാർക്കു ആത്മീയ സമ്പത്താകുന്ന താലന്ത് നൽകിയ മിശിഹായേ,
അങ്ങയുടെ ദാനം സ്വീകരിച്ച ഈ ആരാധകർക്കു സഹായം അരുളണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ഞങ്ങളുടെ രക്ഷകനായ മിശിഹായേ, ഞങ്ങളുടെ അഭിവൃദ്ധി ഞങ്ങളുടെ കരങ്ങൾ വഴിയല്ല. പ്രത്യുത അങ്ങയുടെ ശക്തിയും ജ്ഞാനവും ഞങ്ങളുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതുകൊണ്ടാകുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

പരമാർത്ഥ ഹൃദയത്തോടെ തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക
കർത്താവു സമീപസ്ഥനാകുന്നു.
തന്നെ ഭയപ്പെടുന്നവരുടെ ഹിതം അവിടുന്ന് നിറവേററുന്നു.

ഞങ്ങളുടെ കർത്താവേ, അങ്ങയെ ഞങ്ങൾ വിളിച്ചപേക്ഷിക്കുന്നു. അങ്ങയുടെ നിക്ഷേപത്തിൽനിന്ന് കരുണയും അനുഗ്രഹവും ഞങ്ങൾ യാചിക്കുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങ് കാരുണ്യവാനും അനുഗ്രഹസമ്പന്നനും പാപവിമോചകനും ആണെന്നു ഞങ്ങൾ അറിയുന്നു.

കാനോനാ ചൊല്ലുന്ന അവസരത്തിൽ അർക്കദ്യാക്കോൻ പട്ടം സ്വീകരിച്ചവരെ ബലിപീഠത്തിന്റെ വലതുവശത്തുനിന്ന് ഇടതുവശത്തേക്ക പ്രദക്ഷിണമായി കൊണ്ടുപോകുന്നു അവർ ബലിപീഠത്തിന്റെ ഇടത്തും വലത്തും വന്ദിക്കുകയും മെത്രാന്റെ മുമ്പിൽ നമിച്ച് അദ്ദേഹത്തിന്റെ കൈ മുത്തുകയും ചെയ്യുന്നു.

മെത്രാൻ ഒരോരുത്തരേയും ആശീർവ്വദിച്ചു കൊണ്ടു ചൊല്ലുന്നു.

തന്റെ ശുശ്രൂഷയ്ക്കായി നിന്നെ സ്വീകരിച്ച മിശിഹാ നീതിയുടെ പ്രവൃത്തിക്കായി എന്നേക്കും നിന്നെ സംപൂർണ്ണനാക്കട്ടെ.

അനന്തരം അവർ മദ്ബഹായിലുള്ള വൈദികരേയും ശമ്മാശന്മാരേയും വന്ദിക്കുന്നു. അവർ പട്ടം സ്വീകരിച്ചവരുടെ ശിരസ്സുകളിൽ ചുംബിക്കുന്നു.

മെത്രാൻ കർബ്ബാന ചൊല്ലുന്നുണ്ടെങ്കിൽ അവർ ''കദം ത്രണോസ്'' ചൊല്ലുന്നു. തുടർന്ന് അഴിക്കാലുകളെ ഗീതം ആരംഭിക്കുന്നു: കുരിശും തിരിക്കാലുകളും ധൂപക്കുററിയും വഹിച്ചു കൊണ്ട് അവർ ഹൈക്കലായിലേക്ക പോകുന്നു.

കർബ്ബാനയില്ലെങ്കിൽ കാനോന കഴിഞ്ഞ് അവർ ആരംഭിക്കുന്നു: ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...........''.

## മെത്രാൻ പ്രാർത്ഥിക്കുന്നു.

സ്വർഗ്ഗ വാസികൾ അങ്ങയെ സ്തുതിക്കുകയും ഭൂവാസികൾ അങ്ങയെ പുകഴ്ത്തുകയും ആകാശത്തിലും ഭൂമിയിലുമുള്ള സകല സൃഷ്ടികളും അങ്ങയെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ അവിടുന്നു ഞങ്ങളുടെ ജീവന്റെ കാരണവും ആത്മാക്കളുടെ നല്ല ശരണവും ഞങ്ങളെ സമ്പന്നരാക്കുന്ന ദിവ്യ വരങ്ങളുടെ ദാതാവുമാകുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

ഉത്തരം: ആമ്മേൻ.

ഞങ്ങളുടെ ജീവിതകാലം മുഴുവനും നിർമ്മലമായും വിശുദ്ധമായും അങ്ങയുടെ മുമ്പാകെ ശുശ്രൂഷ ചെയ്യുന്നതിനായി ഞങ്ങളുടെ ആത്മാക്കളെ ആശീർവ്വദിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യണമേ. ഞങ്ങളുടെ

marggam
Digital Library of Christianity in India
www.marggam.com



മനഃസ്സാക്ഷിയെ നിർമ്മലമാക്കണമേ. ബലഹീനരായ ഞങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യണമേ. സകലത്തിന്റെയും നാഥനും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

## സഹായ പ്രാർത്ഥന

കർത്താവേ, ഭാഗ്യവതിയായ മറിയത്തിന്റെ പ്രാർത്ഥനയാലും സകല വിശുദ്ധരുടെ മദ്ധ്യസ്ഥതയാലും എല്ലാ സഹായങ്ങളും നന്മകളും നിറഞ്ഞ അങ്ങയുടെ വിശുദ്ധ ഭവനത്തിൽനിന്ന് കാരുണ്യവും കൃപയും മഹത്വമേറിയ ത്രിത്വത്തിന്റെ നിഗൂഢവും സ്തുത്യർഹവുമായ ശക്തിയും അനുഗ്രഹവും ഈ എളിയ ആരാധകരുടെ മേൽ വർഷിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**മറിയത്തിന്റെ:**

ദൈവമാതാവും കൃപാപൂർണ്ണയും ഭാഗ്യവതിയുമായ പരിശുദ്ധ കന്യകാ മറിയത്തിന്റെ പ്രാർത്ഥനയും വിജയ ശ്രീലാളിതയായ വിശുദ്ധ കുരിശിന്റെ വലിയ ശക്തിയും ദൈവീക സഹായവും യോഹന്നാൻ മാംദാനയുടെ അപേക്ഷയും എപ്പോഴും നമ്മോടുകൂടി ഉണ്ടായിരിക്കട്ടെ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**ശ്ലീഹന്മാരുടെ:**

കർത്താവേ, വിശുദ്ധ ശ്ലീഹന്മാരുടെ പ്രാർത്ഥനയും സുവിശേഷകരുടെ അപേക്ഷയും സത്യത്തിന്റെ പ്രഘോഷകരും നീതിയുടെ പ്രചാരകരും ലോകത്തിൽ സമാധാനം സ്ഥാപിച്ചവരുമായ വിശ്രുത യോദ്ധാക്കളുടെ യാചനയും സദാ നമ്മോടുകൂടി ഉണ്ടായിരിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**ഉത്തരം:** ആമ്മേൻ കർത്താവേ, അനുഗ്രഹിക്കണമേ.

**നമ്മുടെ പിതാവിന്റെ:**

നമ്മുടെ പിതാവായ മാർ തോമ്മാ ശ്ലീഹായുടെയും മാർ മാറിയുടെയും മാർ യാക്കോബിന്റെയും മാർ എഫ്രേമിന്റെയും കർത്താവിന്റെ സകല വേദസാക്ഷികളുടെയും വിശുദ്ധരുടെയും പ്രാർത്ഥനകളും യാചനകളും സകല ദുഷ്ടശക്തികളിൽനിന്നും നമ്മുടെ ആത്മശരീരങ്ങളെ നിരന്തരം സംരക്ഷിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## സമാപനാശീർവ്വാദം

### ഒന്നിലധികം പേരുള്ളപ്പോൾ

സകലത്തിന്റെയും നാഥനായ ദൈവം തന്റെ അനന്തമായ കൃപയാൽ നിങ്ങളെ പരിപൂർണ്ണരാക്കട്ടെ. തന്റെ ഭവനത്തെ യഥായോഗ്യം ഭരിക്കുന്നതിനു് അവിടുന്നു് നിങ്ങളെ യോഗ്യരാക്കട്ടെ. തന്റെ ഭവനത്തിൽ വസിക്കുന്നവരെ അവിടുത്തെ തിരുവിഷ്ടമനുസരിച്ചു് ശുശ്രൂഷിക്കുവാൻ നിങ്ങൾക്കു സാധിക്കട്ടെ. നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന താലന്തുകൾ വർദ്ധിപ്പിച്ചു കഴിയുമ്പോൾ അവിടുത്തെ പ്രത്യാഗമനത്തിന്റെ മഹനീയ ദിനത്തിൽ അവയുടെ മേൽ നിങ്ങളെ അവിടുന്നു് അധികാരപ്പെടുത്തുകയും ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും ആമ്മേൻ.

### ഒരാൾ മാത്രമുള്ളപ്പോൾ

സകലത്തിന്റെയും നാഥനായ ദൈവം തന്റെ അനന്തമായ കൃപയാൽ നിന്നെ പരിപൂർണ്ണനാക്കട്ടെ. തന്റെ ഭവനത്തെ യഥായോഗ്യം ഭരിക്കുന്നതിനു് അവിടുന്നു് നിന്നെ യോഗ്യനാക്കട്ടെ. തന്റെ ഭവനത്തിൽ വസിക്കുന്നവരെ അവിടുത്തെ തിരുവിഷ്ടമനുസരിച്ചു് ശുശ്രൂഷിക്കുവാൻ നിനക്കു സാധിക്കട്ടെ. നിനക്കു നൽകപ്പെട്ടിരിക്കുന്ന താലന്തുകൾ വർദ്ധിപ്പിച്ചു കഴിയുമ്പോൾ അവിടുത്തെ പ്രത്യാഗമനത്തിന്റെ മഹനീയ ദിനത്തിൽ അവയുടെമേൽ നിന്നെ അവിടുന്നു് അധികാരപ്പെടുത്തുകയും ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

## പുരോഹിതപട്ടം നൽകുന്ന ക്രമം സമാപിച്ചു.

## വിശ്വാസ പ്രതിജ്ഞ

അയോഗ്യനായ ഞാൻ മ്ശമ്ശാന (പേരു്) അത്യുന്നതനായ ദൈവത്തിന്റെ കൃപയാൽ മാർ (പേർ) മെത്രാന്റെ (മെത്രാപ്പോലീത്തായുടെ) മുമ്പാകെ കത്തോലിക്കാ സത്യവിശ്വാസം ഏററു പറയുന്നു. ദൈവത്തിനു സ്തുതിയുണ്ടായിരിക്കട്ടെ.

ദൈവത്തിന്റെ ഗ്രന്ഥങ്ങളായ പഴയ നിയമവും പുതിയ നിയമവും ഞാൻ സ്വീകരിക്കുന്നു. അവയിൽ രേഖപ്പെടുത്തപ്പെടുകയും ദൈവീകമായി സൂചിപ്പിക്കപ്പെടുകയും ചെയ്തിട്ടുള്ളവയെല്ലാം എനിക്കു ഗ്രാഹ്യങ്ങളാണെങ്കിലും അല്ലെങ്കിലും ഞാൻ ഉറച്ചു വിശ്വസിക്കുന്നു. നമ്മുടെ കർത്താവീശോ മിശിഹാ കന്യകാമറിയത്തിന്റെ ഉദരത്തിൽ വസിച്ചെന്നും അവളിൽനിന്നു് മനുഷ്യസ്വഭാവം സ്വീകരിച്ചു് ജനിച്ചു വളർന്നെന്നും, നമ്മെ ജീവന്റെ മാർഗ്ഗം പഠിപ്പിച്ചെന്നും ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. മരണംവഴി മനുഷ്യവർഗ്ഗം മുഴുവനേയും ജീവിപ്പിക്കുകയും അമൂല്യമായ രക്തം ചിന്തി പാപത്തിൽനിന്നും അതിനെ അവിടുന്നു് മോചിപ്പിക്കുകയും ചെയ്തെന്നും ഞാൻ വിശ്വസിക്കുന്നു. സംസ്ക്കരിക്കപ്പെട്ട ശേഷം അവിടുന്നു് ഉയർത്തെഴുന്നേററു് സ്വർഗ്ഗത്തിൽ പ്രവേശിച്ചു് അത്യുന്നതങ്ങളിൽ നിത്യ പിതാവിന്റെ വലത്തു ഭാഗത്തു ഉപവിഷ്ടനായിരിക്കുന്നുവെന്നും ഞാൻ വിശ്വസിക്കുന്നു. യുഗാന്ത്യത്തിൽ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കുന്നതിനായി അവിടുന്ന് വരുമെന്നും നല്ലവരെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പിക്കുകയും പാപികളെ നിത്യ നരക ശിക്ഷയ്ക്ക് വിധേയരാക്കുകയും ചെയ്യുമെന്നും ഞാൻ ഏറ്റു പറയുന്നു.

പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു.

പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ ഈശോമിശിഹായെന്ന ഏക ദൈവവ്യക്തിയിൽ രണ്ടു സ്വഭാവവും രണ്ടു മനസ്സും രണ്ടുവിധം പ്രവർത്തനങ്ങളും ഉണ്ടെന്ന് ഞാൻ വിശ്വസിച്ച് ഏറ്റു പറയുന്നു.

അവിടുത്തെ മാതാവായ കന്യകാമറിയം സത്യമായും ദൈവമാതാവാണെന്നും അവളുടെ കന്യാത്വ മുദ്ര എന്നും അഭംഗം സംരക്ഷിക്കപ്പെട്ടുവെന്നും ഞാൻ ഏറ്റു പറയുന്നു.

വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ റോമാ സഭ സ്വീകരിച്ച് അംഗീകരിച്ചിരിക്കുന്ന എല്ലാ വിശുദ്ധ സൂനഹദോസുകളേയും (വിശേഷിച്ച് ത്രെന്തോസ് വത്തിക്കാൻ സൂനഹദോസുകളെ) ഞാൻ സ്വീകരിക്കുന്നു.

ഈ സഭ തിരസ്ക്കരിക്കുകയും ശപിക്കുകയും ചെയ്യുന്ന എല്ലാ വിശ്വാസ വൈപരീത്യങ്ങളേയും അവയുടെ തലവന്മാരേയും ഞാനും തിരസ്ക്കരിക്കുന്നു. ഈ സഭ സ്വീകരിക്കുന്ന എല്ലാ മൽപാന്മാരേയും പിതാക്കന്മാരേയും ഞാൻ സ്വീകരിക്കുകയും അവരു ശപിക്കുന്നവരെ ഞാൻ ശപിക്കുകയും ചെയ്യുന്നു.

റോമായിലെ ശ്ലൈഹിക സിംഹാസനത്തിൽ വാഴുന്ന ഉന്നത പുരോഹിതൻ ലോകം മുഴുവന്റേയും സമുന്നത പുരോഹിതനും വിശുദ്ധ ശ്ലീഹന്മാരുടെ തലവനായ വിശുദ്ധ പത്രോസിന്റെ പിൻഗാമിയും യഥാർത്ഥത്തിൽ മിശിഹായുടെ പ്രതിപുരുഷനും എല്ലാ സഭകളുടേയും തലവനും എല്ലാ ക്രിസ്ത്യാനികളുടേയും ഏക പിതാവും പ്രബോധകനും ആണെന്നും ഞാൻ ഏറ്റു പറയുന്നു. വിശുദ്ധ പത്രോസുവഴി അദ്ദേഹത്തിന് നമ്മുടെ കർത്താവീശോ മിശിഹായിൽ നിന്ന് അജപാലന ധർമ്മവും കത്തോലിക്കാ സഭയെ മുഴുവൻ ഭരിക്കുന്നതിനും ഉപദേശിക്കുന്നതിനും പഠിപ്പിക്കുന്നതിനും പരിപൂർണ്ണമായ അധികാരവും ലഭിച്ചിട്ടുണ്ടെന്നും ഞാൻ ഏറ്റു പറയുന്നു. ഈ സഭയ്ക്കു പുറമേയുള്ളവർ ജീവൻ പ്രാപിക്കുകയോ നിത്യരക്ഷ നേടുകയോ ചെയ്യാത്തവരും ഇതിന്റെ ഏകത്വം അത്ര വിശിഷ്ടവും ഉന്നതവും മഹനീയവും ആണെന്നും ഞാൻ ഏറ്റുപറയുന്നു.

നമ്മുടെ പരിശുദ്ധ പിതാവായ (പേര്) മാർപ്പാപ്പയുടെ എല്ലാ നിർദ്ദേശങ്ങളും കല്പനകളും അനുസരണമുള്ള പുത്രനായിട്ട് വിധേയത്വത്തോടും വിശ്വസ്തതയോടുംകൂടി ദൈവകൃപയാൽ എപ്പോഴും പാലിച്ചുകൊള്ളാമെന്ന് ഞാൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വാഗ്ദാനം ചെയ്യുന്നു. അഭിവന്ദ്യ മാർ (പേർ) മെത്രാനോട് (മെത്രാപ്പോലീത്തായോട്) മുഴുഹൃദയത്തോടും വിധേയത്വത്തോടും അനുസരണയോടുംകൂടി വർത്തിച്ചുകൊള്ളാമെന്നും അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടേയും കല്പനകൾ മരണംവരെ ഒരിക്കലും ലംഘിക്കുകയില്ലെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ശ്ലൈഹിക സിംഹാസനത്തിന്റെ നിയമങ്ങളും നിശ്ചയങ്ങളും അനുസരിച്ച് റോമാ സിംഹാസനത്തിൽ വാഴുകയും വാഴുവാനിരിക്കുകയും ചെയ്യുന്ന മാർപ്പാപ്പാമാരുടെ കൽപ്പനകൾ ഒരിക്കലും ലംഘിക്കുകയില്ലെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഇപ്പോൾ ഞാൻ ഏറ്റുപറഞ്ഞ കത്തോലിക്കാ സത്യവിശ്വാസം ഉത്തമ മന:സാക്ഷിയോടും ആത്മാർത്ഥതയോടും സത്യ സന്ധതയോടും കൂടി ഞാൻ വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. ദൈവത്തിനു സ്തുതിയുണ്ടായിരിക്കട്ടെ.

അവിടുന്ന് എപ്പോഴും എന്നോടുകൂടി നിന്ന് ഈ വിശ്വാസം പാലിക്കുവാൻ എനിക്കു ശക്തിയും സഹായവും പ്രദാനം ചെയ്യുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. അവിടുത്തെ സഹായത്താൽ എന്റെ ജീവിതാന്ത്യംവരെ ഈ വിശ്വാസം പൂർണ്ണമായും തെറ്റു കൂടാതെയും മുഴുശക്തിയോടുകൂടിയും പാലിക്കുകയും ഏറ്റു പറയുകയും പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തുകൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. എന്റെ അജഗണവും എനിക്കു ഭാരമേൽപ്പിക്കപ്പെടുന്നവരും എന്റെ വചനം ശ്രവിക്കുന്നവരും എന്റെ ഭരണത്തിനു വിധേയരായിട്ടുള്ളവരും ഈ വിശ്വാസം സ്വീകരിക്കുകയും പാലിക്കുകയും പഠിക്കുകയും അന്യരെ പ്രബോധിപ്പിക്കുകയും അവരോട് അതേ വിശ്വാസം പ്രസംഗിക്കുകയും ചെയ്യുവാൻ തക്കവണ്ണം എന്റെ സ്ഥാനത്തിനു യോജിച്ച വിധം എന്റെ മുഴുവൻ കഴിവോടുകൂടി ശ്രദ്ധാപൂർവ്വം ഉത്സാഹിച്ചു കൊള്ളാമെന്നു് ഞാൻ വാഗ്ദാനം ചെയ്യുന്നു.

ഇപ്രകാരം അത്യുന്നതനായ ദൈവം എന്നെ സഹായിക്കട്ടെ. അവിടുത്തേയ്ക്ക് സ്തുതി. (സുവിശേഷത്തിൽ തൊട്ടുകൊണ്ട്) ദൈവത്തിന്റെ ഈ സുവിശേഷങ്ങൾ എനിക്കു സാക്ഷിയായിരിക്കുകയും ചെയ്യട്ടെ. ആമ്മേൻ.

www.TheCMSIndia.org
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

marggam

Digital Library of Christianity in India

www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org